# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/120/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 05/02/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

സർ,

**വിഷയം : ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/120/2024 തീയ്യതി: 05/02/2024

## തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 54 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ .ജി | ജോയിന്റ് ഡയറക്ടർ | 09-01-2024 | 22-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2024 | 22-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലീന പി.ബി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

ശ്രീമതി ബിന്ദു ഒ.,ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീദേവി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശാലിനി വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ശ്രീജിത്ത് എസ്.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ജിജോ ജെ. നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വക്കേറ്റ്.എസ്.കുമാരി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.വിശ്വനാഥൻ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി.ഷീബ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 11-09-2022 |
| ശ്രീ.അരുൺ.കെ.എസ് | സെക്രട്ടറി | 12-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ്ചന്ദ്രൻ.എസ് | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുകന്യ.എൻ.എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബി.അജയകുമാർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 11-09-2022 |
| ശ്രീ.രാംകുമാർ.എം.ആർ | ഹെൽത്ത് സൂപ്പർവൈസർ | 12-09-2022 | 31-03-2023 |
| ശ്രീമതി.താജ്ജുന്നീസ ബീവി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ജയദാസ്.ഡി. | മുനിസിപ്പൽഎഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ.കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ടോണി.റ്റി | വ്യവസായവികസനഓഫീസർ | 01-04-2022 | 01-08-2022 |
| ശ്രീമതി.നാദിറാബീഗം.എ | വ്യവസായവികസനഓഫീസർ | 02-08-2022 | 31-03-2023 |
| ശ്രീ.ജി.എസ്.പ്രമോദ് | അഗ്രി.ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റെജി.വി.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ജസ്റ്റിൻ ജോസ് ജെ. | സൂപ്രണ്ട് താലൂക്ക് ആശുപത്രി | 01-04-2022 | 05-06-2022 |
| ഡോ. പ്രീത സോമൻ | സൂപ്രണ്ട് താലൂക്ക് ആശുപത്രി | 06-06-2022 | 31-03-2023 |
| ഡോ. പ്രീത എസ്. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. വി.ബി. വിജയകുമാർ | മെഡിക്കൽ ഓഫീസർ സിദ്ധ | 01-04-2022 | 31-03-2023 |
| ഡോ. സക്കറിയ സെബാസ്റ്റ്യൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 15-08-2022 |
| ഡോ. നാഗരാജകുമാർ ജി.സി. | സീനിയർ വെറ്ററിനറി സർജൻ | 16-08-2022 | 31-01-2023 |
| ഡോ. ജയചന്ദ്രൻ ഡി. | സീനിയർ വെറ്ററിനറി സർജൻ | 01-02-2023 | 31-03-2023 |
| ഡോ. വിനീത ആർ. പുഷ്കരൻ | സൂപ്രണ്ട് ഗവ. ഹോമിയോ ആശുപത്രി | 01-04-2022 | 31-03-2023 |
| ശ്രീ. എസ്. ജയകുമാർ | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 01-04-2022 | 31-05-2022 |
| ശ്രീമതി സിന്ധു ആർ. | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 01-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്/ബാങ്ക്ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-5 |
| 7 | മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | നിയമാനുസൃത കാലാവധി കഴിഞ്ഞ ചെക്കുകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-9 |
| 11 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല | 1-1-10 |
| 12 | Directly Debited By Bank- തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-11 |
| 13 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-12 |
| 14 | രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി മാത്രം Provision രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനായിട്ടില്ല | 1-1-14 |
| 16 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ അക്കൗണ്ട് വിവരം ലഭ്യമല്ല | 1-1-15 |
| 17 | ഫിക്സ്ഡ് അസറ്റുകളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-16 |
| 18 | തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചിട്ടുള്ള കണക്കുകൾ വിശദീകരിച്ചിട്ടുള്ള B1 ഷെഡ്യൂൾ ബാലൻസ് ഷീററിലെ B1 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല | 1-1-18 |
| 20 | ഡെപ്പോസിറ്റ് ഇനത്തിന് ബാലൻസ് ഷീറ്റിൽ നെഗറ്റീവ് ബാലൻസ് | 1-1-19 |
| 21 | ചെലവ് തെറ്റായ ഹെഡ്ഡിൽ രേഖപ്പെടുത്തി | 1-1-20 |
| 22 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-21 |
| 23 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-22 |
| 24 | നിക്ഷേപ തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-23 |
| 25 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-24 |
| 26 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-1-25 |
| 27 | വെള്ളക്കര കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയില്ല | 1-1-26 |
| 28 | മുൻവർഷത്തെ Current, Arrear നീക്കിയിരിപ്പ് തുകകളെ തൻവർഷം Arrear ഹെഡ്ഡിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-27 |
| 29 | ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-28 |
| 30 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-29 |
| 31 | ബജറ്റ് | 1-2 |
| 32 | ബജറ്റ് അപാകങ്ങൾ | 1-2-1 |

| | | |
|---|---|---|
| 33 | സാമ്പത്തിക വിശകലനം | 1-3 |
| 34 | ഗ്രാന്റ് വിനിയോഗം | 1-4 |
| 35 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 36 | പദ്ധതി അവലോകനം | 1-5 |
| 37 | ക്ഷേമ പദ്ധതികൾ | 1-6 |
| 38 | ക്യാഷ് പരിശോധന | 1-7 |
| 39 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 40 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 41 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 42 | വാടക പിരിച്ചെടുക്കുന്നതിൽ കുറവ് | 1-11 |
| 43 | വാടക ഇനത്തിലെ വരവ് പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കേണ്ടതാണ് | 1-11-1 |
| 44 | വാടക ലേല ഇനത്തിലെ വരവ്-രജിസ്റ്ററിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-11-2 |
| 45 | വസ്തു നികുതി പിരിവ് - വിവിധ അപാകങ്ങൾ | 1-12 |
| 46 | നഗരസഭയിലെ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച് നികുതി പിരിവ് ആരംഭിച്ചിട്ടില്ല | 1-12-1 |
| 47 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല | 1-12-2 |
| 48 | കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യാതെ കളക്ഷൻ രേഖപ്പെടുത്തുന്നു | 1-12-3 |
| 49 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് നൽകുന്നു. | 1-12-4 |
| 50 | പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല. | 1-12-5 |
| 51 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിസ്തീർണം തെറ്റായി രേഖപ്പെടുത്തി ഇളവ് നൽകുന്നു | 1-12-6 |
| 52 | നാളികേര വികസന കോർപ്പറേഷൻ ഓഫീസിന്റെ നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12-7 |
| 53 | ടെലഫോൺ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-12-8 |
| 54 | വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്. | 1-12-9 |
| 55 | സൈറ്റ് പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിവരവും സഞ്ചയയിലെ വിവരവും പൊരുത്തപ്പെടുന്നില്ല | 1-12-10 |
| 56 | കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് രേഖപ്പെടുത്തുന്നില്ല. | 1-12-11 |
| 57 | തൊഴിൽ നികുതി- വിവിധ അപാകങ്ങൾ | 1-13 |
| 58 | തൊഴിൽ നികുതി രജിസ്റ്ററും നികുതി നിർണയ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ | 1-13-1 |
| 59 | അഭിഭാഷകർ, ഡോക്ടർമാർ,പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-2 |
| 60 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-13-3 |
| 61 | വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-4 |
| 62 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-13-5 |
| 63 | ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-13-6 |
| 64 | വിനോദ നികുതി - തുടർച്ചയായ വർഷങ്ങളിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 65 | ലേലം : കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-15 |
| 66 | ദുരന്തനിവാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-16 |

| | | |
|---|---|---|
| 67 | വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 68 | ദുരിതാശ്വാസ നിധി നിലവിൽ പ്രവർത്തനരഹിതം | 1-18 |
| 69 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 1-19 |
| 70 | കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-20 |
| 71 | ക്രിമറ്റോറിയം പ്രവർത്തനം സംബന്ധിച്ച്- | 1-21 |
| 72 | ഹോമിയോ ആശുപത്രി ചെലവ് രേഖകൾ ഹാജരാക്കിയില്ല – 27943 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 73 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികമായി അനുവദിച്ച 10000/- രൂപ ഈടാക്കേണ്ടതാണ് | 1-23 |
| 74 | വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ | 1-24 |
| 75 | സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടില്ല- വ്യവസ്ഥ പ്രകാരമുള്ള പിഴത്തുക ഈടാക്കേണ്ടതാണ്. | 1-25 |
| 76 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ– ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ്. | 1-26 |
| 77 | നിർവ്വഹിക്കാത്ത പ്രവർത്തിക്ക് തുക അനുവദിച്ചു- 6027/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-27 |
| 78 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം | 1-28 |
| 79 | ഷീ ലോഡ്ജ്/വനിതാ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 80 | ടൌൺഹാൾ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നു- നഗരസഭയ്ക്ക് സാരമായ വരുമാന നഷ്ടം. | 1-30 |
| 81 | ടേക്ക് എ ബ്രേക്ക് പദ്ധതി - പണി പൂർത്തീകരിച്ചിട്ടില്ല. | 1-31 |
| 82 | കൌൺസിലിന്റെ യോഗനടപടികളുടെ മിനിട്സ് അംഗീകാരത്തിന് അയയ്ക്കുന്നതിൽ കാലതാമസം | 1-32 |
| 83 | NULM – അയൽക്കൂട്ടങ്ങളിൽ നിന്ന് റിവോൾവിംഗ് ഫണ്ട് തിരിച്ച് പിടിച്ച് സംസ്ഥാന കുടുംബശ്രീ മിഷനിൽ ഒടുക്കു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്. | 1-33 |
| 84 | Leave Not Due- വിശദാംശം ലഭ്യമാക്കിയില്ല | 1-34 |
| 85 | പി. എഫ്- നിശ്ചിത സമയപരിധിക്കുള്ളിൽ അടവാക്കുന്നില്ല | 1-35 |
| 86 | ശമ്പള പരിഷ്കരണ/ ക്ഷാമബത്ത കുടിശ്ശികയുടെ നിശ്ചിത ശതമാനം പ്രാൺ അക്കൌണ്ടിൽ അടവാക്കിയില്ല | 1-36 |
| 87 | ഒരേ കാലയളവിൽ രണ്ട് വ്യത്യസ്ത പ്രീ റിവൈസ്ഡ് തുകകൾ കാണിച്ച് രണ്ട് തവണ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു | 1-37 |
| 88 | അഡ്വക്കേറ്റുമാരിൽ നിന്ന് പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല | 1-38 |
| 89 | വൌച്ചർ– അപാകതകൾ | 1-39 |
| 90 | മുൻകുറുകൾ -ക്രമീകരിച്ചിട്ടില്ല | 1-40 |
| 91 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-41 |
| 92 | സർക്കാർ താലൂക്ക് ആശുപത്രിയിലെ വനിതാ ക്യാന്റീൻ ഫർണിച്ചർ വാങ്ങൽ– ആർട്ട്കോയിൽ നിന്ന് ടെണ്ടർ / ക്വട്ടേഷൻ അനുമതി കൂടാതെ വാങ്ങാൻ പാടില്ലാത്ത ഉപകരണങ്ങൾ വാങ്ങി | 1-42 |
| 93 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറണ്ട്/ വെള്ളം/ ടെലിഫോൺ എന്നിവയുടെ തുക ഒടുക്കൽ -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 21,342/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-43 |
| 94 | നഗരസഭാ ഓഫീസിലേയ്ക്ക് എ.സി, ഫാൻ എന്നിവ വാങ്ങൽ - അപാകതകൾ | 1-44 |
| 95 | കൗൺസിൽ തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ് | 1-45 |
| 96 | വാഹന പരിപാലനം -മുനിസിപ്പാലിറ്റി ചട്ടം പാലിച്ചില്ല | 1-46 |
| 97 | മാലിന്യശേഖരണത്തിനായി വാഹനം വാടകയ്ക്ക് എടുക്കൽ–രേഖകൾ ലഭ്യമാക്കിയില്ല | 1-47 |

| | | |
|---|---|---|
| 98 | ഭവന നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണം - അപാകതകൾ നിലനിൽക്കുന്നു -1,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-48 |
| 99 | ഹെൽത്ത് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-49 |
| 100 | സ്വയം തൊഴിൽ – വനിത-വ്യക്തിഗതം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു | 1-50 |
| 101 | അങ്കണവാടി പോഷകാഹാരം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്. | 1-51 |
| 102 | സ്പീച്ച് ആന്റ് ഒക്യുപേഷണൽ തെറാപ്പി - ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകം - പ്രോജക്ട് നടപ്പാക്കിയില്ല. | 1-52 |
| 103 | അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-53 |
| 104 | സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ - തുടർ പ്രവർത്തനങ്ങളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. | 1-54 |
| 105 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ -പദ്ധതി നടത്തിപ്പിൽ അപാകം - രേഖകൾ ഹാജരാക്കാത്തതിനാൽ 183965/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-55 |
| 106 | ഡയാലിസിസ് യൂണിറ്റ് അനുബന്ധചെലവുകൾ - രേഖകൾ ഹാജരാക്കിയില്ല - 491166/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-56 |
| 107 | താലൂക്ക് ആശുപത്രിയിൽ ഉപകരണങ്ങൾ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടിക്രമം പാലിച്ചില്ല | 1-57 |
| 108 | താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല - 176488/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-58 |
| 109 | ഹൃദയപൂർവ്വം ജീവിതശൈലി രോഗങ്ങൾ എന്നിവയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല - 91317/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-59 |
| 110 | അജൈവ മാലിന്യ സംസ്കരണം -രേഖകൾ ഹാജരാക്കിയില്ല - 109296/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-60 |
| 111 | താലൂക്ക് ആശുപത്രിയുടെ വെള്ളക്കര കുടിശ്ശിക – തുക ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-61 |
| 112 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതി - രേഖകൾ സൂക്ഷിപ്പിലെ അപാകത | 1-62 |
| 113 | വെറ്റിനറി സർജൻ നിർവഹണം നടത്തിയ പദ്ധതികൾ പൂർത്തിയായിട്ടില്ല | 1-63 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.07.2023 തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തിരുവനന്തപുരം

തീയതി : 01.02.2024 സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്
ജോയിന്റ് ഡയറക്ടർ

### 1-1-1 വാർഷിക കണക്കിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല. ഉദാ. അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ. അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകളിലും ധനകാര്യപത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ അക്കൗണ്ട് നടപടികളിൽ പിന്തുടർന്നിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാർഡാർഡുകൾ, അക്കൗണ്ടിംഗ് റൂളുകൾ, അക്കൗണ്ടിംഗ് സിദ്ധാന്തങ്ങൾ/കീഴ് വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും അക്കൌണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 1/09.01.2024 ന്

ലഭ്യമാക്കിയ മറുപടിപ്രകാരം മേൽപ്പറഞ്ഞ പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം ചട്ടപ്രകാരമുള്ള എല്ലാ രേഖകളും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-2 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല

വരവ് രജിസ്റ്ററുകൾ ഓരോ മാസവും ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വരവിനങ്ങളുടെ ഡിസിബി സ്റ്റേറ്റ്മെന്റുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.1/09.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 ബാങ്ക് അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

എ)

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | പാസ് ബുക്ക് പ്രകാരം 31.03.23 ലെ നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | 110080993416 | 50334 | കനറാ ബാങ്ക്- Extremely Poverty Identification Process Account |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.1/09.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുക വരവിൽ ചേർക്കുന്നതിന് വിട്ടു പോയതാണെന്നും നടപ്പു സാമ്പത്തിക വർഷം ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബി) കോവിഡ് പ്രവർത്തനങ്ങൾക്കായി 07.08.2020 ൽ ഹെൽത്ത് ഓഫീസറുടെ പേരിൽ ഫെഡറൽ ബാങ്കിൽ ആരംഭിച്ചിട്ടുള്ളതും 2022-23 ൽ 4998695 രൂപ നീക്കിയിരിപ്പുള്ളതുമായ ബാങ്ക് അക്കൗണ്ടിന്റെ വിവരം (നം. 14010100230377) 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഹെൽത്ത് ഓഫീസറുടെ പേരിലുള്ള അക്കൗണ്ടായതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നം.52/19.01.24 നുള്ള മറുപടി). മറുപടി അംഗീകരിക്കാവുന്നതല്ല. നഗരസഭയുടെ പേരിലുള്ള എല്ലാ ആക്ടീവ് അക്കൗണ്ടുകളുടെയും വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി) ദുരിതാശ്വാസ നിധിയ്ക്കായി നഗരസഭ ചെയർമാന്റെ പേരിൽ ആറ്റിങ്ങൽ ഫെഡറൽ ബാങ്കിൽ 05.07.2019 മുതൽ ആരംഭിച്ചിട്ടുള്ളതും 115191 രൂപ നീക്കിയിരിപ്പുള്ളതുമായ 14010100218547 നം. അക്കൗണ്ടിന്റെ വിവരം 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-4 ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്/ബാങ്ക്ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക RP-40(b) പ്രകാരം 10914 രൂപ നീക്കിയിരിപ്പുള്ള Treasury-8448-102 MF അക്കൗണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.2/10.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2010 ൽ സാംഖ്യ തുടങ്ങുന്നതിനു മുൻപുണ്ടായിരുന്ന മേൽ അക്കൗണ്ടിന്റെ പാസ് ബുക്ക് പ്രകാരമുള്ള ബാലൻസ് ആണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളതെന്നും ട്രഷറിയിൽ പല തവണ അന്വേഷിച്ചപ്പോൾ അക്കൗണ്ട് നിലവിലില്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ക്ലോസ് ചെയ്ത അക്കൗണ്ടാണെങ്കിൽ പ്രസ്തുത വിവരം ട്രഷറിയിൽ നിന്നും രേഖാമൂലം ലഭ്യമാക്കേണ്ടതും ടി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക ഏത് രീതിയിൽ ഉപയോഗിച്ചു എന്നത് സംബന്ധിച്ച വിശദാംശം അറിയിക്കേണ്ടതുമാണ്.

## 1-1-5 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

എ) കനറാ ബാങ്ക് (CFC-PFMS) അക്കൗണ്ട് നം. 2790101012870 ന്റെ പാസ്ബുക്ക് പ്രകാരമുള്ള 31.03.23 ലെ നീക്കിയിരിപ്പ് 7898470 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്ബുക്ക് ബാലൻസ്

7900367 രൂപയെന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. തെറ്റായ തുകയുടെ അടിസ്ഥാനത്തിലാണ് റിക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത്.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.1/09.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക തെറ്റാണെന്നും പുതിയ പാസ്ബുക്ക് ലഭ്യമാക്കുന്നതിന് ബാങ്കിൽ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വ്യത്യസമുള്ള 1897 രൂപ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

ബി) HDFC 50100302674289 നം. അക്കൗണ്ടിന്റെ പാസ്ബുക്ക് പ്രകാരമുള്ള 31.03.23 ലെ നീക്കിയിരിപ്പ് 683196 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്ബുക്ക് ബാലൻസായി 683339 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.2/10.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പലിശ ചേർത്തതിൽ വന്ന വ്യത്യാസമാണെന്നും പുതിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) BOI 852510100005105 നം. അക്കൌണ്ടിന്റെ പാസ്ബുക്ക് പ്രകാരമുള്ള 31.03.23 ലെ നീക്കിയിരിപ്പ് 0 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് പാസ്ബുക്ക് ബാലൻസ്, ബാങ്ക് ബുക്ക് നീക്കിയിരിപ്പ് എന്നിവയായി 16330.06 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ അക്കൗണ്ട് Dormant Account ആയതിനാൽ ബാലൻസ് തുക ബാങ്ക് തിരികെ പിടിച്ചതായും ആയത് ആക്ടീവ് ആക്കുന്നതിന് കത്ത് കൊടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.2/10.01.24 ന് ലഭ്യമാക്കിയ മറുപടി). ആയത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-6 മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

എ) ICICI 075205500126 നം. അക്കൗണ്ടിന്റെ (Urban Aglomaration Fund) 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bankഎന്ന ഇനത്തിൽ 1364 രൂപയുണ്ട് (ചെക്ക് നം. 022086/15.1022 – 1023, 022087/15.10.22 – 341). നല്കി 3 മാസത്തിൽ കൂടുതൽ ആയിട്ടും ടി തുക Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

നടപ്പുവർഷം മേൽ തുക Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.01.24 നുള്ള മറുപടി). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) HDFC 50100302674289 നം. അക്കൌണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bankഎന്ന ഇനത്തിൽ 7000 രൂപയുണ്ട് (ചെക്ക് നം.000007/17.08.21). ടി തുക Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. നടപ്പുവർഷം മേൽ തുക Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.2/10.01.24 നുള്ള മറുപടി).

സി) SBI 67174136242 നം. ഓൺലൈൻ അക്കൌണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ 170050 രൂപയുണ്ട്. 17.01.22 ൽ ഇഷ്യൂ ചെയ്ത ടി തുക Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. കൗൺസിൽ തീരുമാനപ്രകാരം നടപടി എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.2/10.01.24 നുള്ള മറുപടി). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) B-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ.

ബി) ഹഡ്കോ ലോൺ രജിസ്റ്റർ.

സി) നിക്ഷേപ രജിസ്റ്റർ

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.1/09.01.24, 2/10.01.24 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.1/09.01.24).

## 1-1-9 നിയമാനുസൃത കാലാവധി കഴിഞ്ഞ ചെക്കുകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

എ) IOB 141501000002624 നം. അക്കൌണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bankഎന്ന ഇനത്തിൽ 5000 രൂപയുണ്ട് (ചെക്ക് നം.950797/30.03.2017).

ബി) SBI OWN FUND 57034965128 നം. അക്കൌണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bankഎന്ന ഇനത്തിൽ 252821 രൂപയുണ്ട്. ടി തുകയിൽ 172506 രൂപ 2016 ഏപ്രിൽ മാസം മുതൽ 2019 നവംബർ മാസം വരെ ഇഷ്യൂ ചെയ്തവയാണ്.
കാലഹരണപ്പെട്ട തുകകൾ നാളിതുവരെ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/10.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കൗൺസിൽ തീരുമാനം ലഭ്യമാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-10 ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല

HDFC 50100302674289 നം. അക്കൗണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank ഇനത്തിൽ 144 രൂപ അവശേഷിക്കുന്നു (01.04.22 ൽ വരവ് വന്നത്). പ്രസ്തുത തുക രസീത് നൽകി വരവിൽ ചേർത്തിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/10.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് കറക്ട് ചെയ്താൽ വാർഷിക ധനകാര്യപത്രികയിൽ വ്യത്യാസം ഉണ്ടാകുമെന്ന് അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ അപാകം ക്രമീകരിക്കേണ്ടതാണ്.

## 1-1-11 Directly Debited By Bank- തുകകൾ ക്രമീകരിച്ചിട്ടില്ല

HDFC 50100302674289 നം. അക്കൌണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ഇനത്തിൽ ആകെ 785 രൂപ അവശേഷിക്കുന്നു. മേൽ തുകകൾ 2021-22 വർഷം ഡെബിറ്റ് ആയവയാണ്. തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
ബാങ്ക് ചാർജ്ജ് ഇനത്തിൽ പിടിച്ച തുകയാണെന്നും ആയത് അഡ്ജെസ്റ്റ് ചെയ്താൽ ബാങ്ക് റിക്കൺസിലിയേഷനിൽ മാറ്റം വരുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.2/10.01.24 നുള്ള മറുപടി). നടപ്പുവർഷം തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-12 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

എ) SBI 67174136242 നം. ഓൺലൈൻ അക്കൌണ്ടിന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Collected ഇനത്തിൽ 1057577/- രൂപ അവശേഷിക്കുന്നു. 31.03.22 ലെ സഞ്ചയ ഇ-പേയ്മെന്റ് രസീത് പ്രകാരമുള്ള തുകയാണെന്ന് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബി) SBI OWN FUND 57034965128 നം. അക്കൌണ്ടിന്റെ 31.03.23 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Collected ഇനത്തിൽ 368788/- രൂപ അവശേഷിക്കുന്നു. അതിൽ 2010-11 മുതൽ 2021-22 വർഷം വരെ ബാങ്കിൽ നൽകിയ ആകെ 299698/- രൂപ കൂടി ഉൾപ്പെടുന്നു.
മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/10.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സഞ്ചയയിൽ ഒരു വർഷം ക്രെഡിറ്റാവുന്ന എല്ലാ തുകകളും അതാത് വർഷം ബാങ്കിൽ വരാറില്ലെന്നും ക്രമ നം. ബി പ്രകാരമുള്ള തുകകളുടെ വിവരം പരിശോധിച്ച് മറുപടി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ തുകകൾ നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആവാത്തത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-1-13 രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

എ) ആറ്റിങ്ങൽ നഗരസഭയുടെ ടൗൺ ഹാൾ നിർമ്മാണത്തിനായി ആറ്റിങ്ങൽ മുനിസിപ്പൽ ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയുടെ വാർഷിക ധനകാര്യപത്രിക B-5 പ്രകാരമുള്ള നീക്കിയിരിപ്പ് തുക 27378852 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ലോൺ രജിസ്റ്റർ പ്രകാരം 2022-23 ലെ നീക്കിയിരിപ്പ് തുക 30113649 രൂപയാണ്. കൂടാതെ ഹഡ്കോ ലോൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/11.01.2024 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പലിശ ഇനത്തിൽ അടച്ച തുക കൂടി ചേർക്കുമ്പോൾ ഉണ്ടായ വ്യത്യാസമാണ് വാർഷിക ധനകാര്യപത്രികയിൽ തുക കുറഞ്ഞുവരാനുള്ള കാരണമെന്നും വരും വർഷങ്ങളിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിലുള്ള ലോൺ മുതൽ തുകയുടെ നീക്കിയിരിപ്പും വാർഷികധനകാര്യ പത്രിക പ്രകാരമുള്ള മുതൽ നീക്കിയിരിപ്പ് തുകയും തമ്മിലുള്ള വ്യത്യാസമാണ് പരാമർശിച്ചിട്ടുള്ളത്. രജിസ്റ്റർ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
ബി) മേൽ ലോൺ തുകയുടെ പലിശയിനത്തിൽ 2022-23 വർഷം ആകെ 2900697 രൂപ അടവു വരുത്തിയിട്ടുള്ളതായി ബന്ധപ്പെട്ട ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രിക RP-13 ഷെഡ്യൂളിൽ

Interest On Loan From Banks ഇനത്തിൽ (ഹെഡ് നം. 240500100) 244221 രൂപയുടെ ചെലവ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2023-24 വർഷമാണ് ലോൺ റീപേയ്മെന്റ് ലിസ്റ്റ് സൊസൈറ്റിയിൽ നിന്നും ലഭിച്ചതെന്നും അതിനാലാണ് തുകകൾ യഥാസമയം ചേർക്കാൻ വിട്ടുപോയതെന്നും അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ തുക അതാത് ഹെഡ്ഡുകളിൽ കൃത്യമായി ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.52/19.01.24 നുള്ള മറുപടി). വ്യത്യാസം ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-14 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി മാത്രം Provision രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനായിട്ടില്ല

B-21 Provisions ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ Provision തുകയായ 25,99,828/- രൂപയുടെ ആധികാരികത പരിശോധിക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ഓരോ ഇനത്തിനും പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുള്ള ജേണൽ വൗച്ചറുകൾ, ആയത് കണക്കാക്കിയതിന്റെ വർക്ക്ഷീറ്റുകൾ, പ്രൊവിഷന്റെ ലഡ്ജറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7/11.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2011 മുതൽ 2020 വരെയുള്ള പ്രൊവിഷൻ തുകകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-15 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ അക്കൗണ്ട് വിവരം ലഭ്യമല്ല

2021-22 ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡുകളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും അതുപോലെ അവശേഷിക്കുന്നു.

| ഹെഡ് കോഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 320200110 | Grants/Funds For Pandemic/Epidemic Control | 5547895 * |
| 320809800 | Donations To Flood | 77298 |

* RP-40(b) പ്രകാരം ബന്ധപ്പെട്ട SD TSB 551-Epidemic Control Fund അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 0 ആണ്.

മേൽ ഫണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഏത് ട്രഷറി/ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/11.01.24 ന് വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഹെൽത്ത് വിഭാഗത്തെ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-16 ഫിക്സ്ഡ് അസറ്റുകളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

നഗരസഭയിലെ Fixed Asset- കളുടെയൊന്നും 2022-23 വർഷത്തെ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. Income & Expenditure Statement ൽ I-17(a) ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷങ്ങളിലെ Accumulated Depreciation തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വരും വർഷം അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.7/11.01.24 നുള്ള മറുപടി). നഗരസഭയുടെ ആസ്തികൾക്ക് നിശ്ചിത നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-17 തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചിട്ടുള്ള കണക്കുകൾ വിശദീകരിച്ചിട്ടുള്ള B1 ഷെഡ്യൂൾ ബാലൻസ് ഷീററിലെ B1 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

എ) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്കുകൾ വിശദീകരിച്ചിട്ടുള്ള B1 ഷെഡ്യൂളിൽ Excess Of Income Over Expenditure ന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്കുകൾ ഉൾപ്പെടുത്തിയ B1 ഷെഡ്യൂളിൽ (ലാൻഡ്സ്കേപ്) Excess Of Income Over Expenditure ന്റെ മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക 2367387.55 രൂപയാണ്. എന്നാൽ മുൻവർഷത്തെ പ്രസ്തുത ഇനത്തിലെ നീക്കിയിരിപ്പ് (596854864) രൂപയാണ്. കൂടാതെ ലാൻഡ്സ്കേപ്പ് സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക 38789406.55 രൂപയാണ്. എന്നാൽ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള പ്രസ്തുത ഇനത്തിലെ നീക്കിയിരിപ്പ് (496013930) രൂപയാണ്.

ബി) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്കുകൾ വിശദീകരിച്ചിട്ടുള്ള B1 ഷെഡ്യൂളിൽ (ലാൻഡ്സ്കേപ്പ്) General Fund ന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്കുകൾ ഉൾപ്പെടുത്തിയ B1 ഷെഡ്യൂളിൽ General Fund ന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയായി രേഖപ്പെടുത്തിയിരിക്കുന്ന തുക 43418208.97 രൂപയാണ്. എന്നാൽ മുൻവർഷത്തെ പ്രസ്തുത ഇനത്തിലെ നീക്കിയിരിപ്പ് 642640460.52 രൂപയാണ്. പ്രസ്തുത ഇനത്തിലെ നീക്കിയിരിപ്പ് 578221545.52 രൂപയാണ്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.7/11.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം IKM ന്റെ റിപ്പോർട്ടിൽ വന്ന അപാകതയാണെന്നും കംപ്ലയിന്റ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിക്കുന്ന മുറയ്ക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-18 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല

അസി.എഞ്ചിനിയർ ലഭ്യമാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ട് നം.271/23 – നെടുങ്കരി ഏലായ് റോഡ് വാർഡ്-24 ചിറ്റാറ്റിൻകര പണയിൽ റോഡ് വാർഡ്-14 ഓട നിർമ്മാണത്തിനായി പാർട്ട് ബില്ലായി 291305 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 11 ഷെഡ്യൂളിലെ Capital Work In Progress ൽ ഉൾപ്പെട്ടിട്ടില്ല.

എഎഫ്എസ് തയ്യാറാക്കുന്ന സമയത്ത് പാർട്ട് ബില്ലിന്റെ വിവരങ്ങൾ ലഭ്യമല്ലായിരുന്നുവെന്നും വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.7/11.01.24 നുള്ള മറുപടി).

## 1-1-19 ഡെപ്പോസിറ്റ് ഇനത്തിന് ബാലൻസ് ഷീറ്റിൽ നെഗറ്റീവ് ബാലൻസ്

RP-27 Deposits Received ഷെഡ്യൂൾ പ്രകാരം Electricity Deposit ഇനത്തിൽ 3054 രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ നീക്കിയിരിപ്പില്ലാത്ത ഹെഡ്ഡിൽ നിന്നും തുക ചെലവഴിച്ചതു വഴി ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം പ്രസ്തുത ഇനത്തിൽ 3054 രൂപയുടെ നെഗറ്റീവ് ബാലൻസ് കാണുന്നു.

മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/12.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം Electricity Connection Charge തുക തെറ്റായി മേൽ ഹെഡ്ഡിൽ നിന്നും പേയ്മെന്റ് നടത്തിയതിനാലാണ് അപാകത സംഭവിച്ചതെന്ന് അറിയിച്ചിരിക്കുന്നു. ശരിയായ ഹെഡ്ഡിൽ നിന്നും ചെലവ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതും അപാകം ക്രമീകരിക്കേണ്ടതുമാണ്.

## 1-1-20 ചെലവ് തെറ്റായ ഹെഡ്ഡിൽ രേഖപ്പെടുത്തി

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 2022-23 വർഷം 8 ഗുണഭോക്താക്കൾക്കായി ആകെ 240000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 480000 രൂപയുടെ ചെലവാണ് (ഹെഡ് നം. 250600900) രേഖപ്പെടുത്തിയിട്ടുള്ളത്.

2022-23 വർഷം Intercaste Marriage ധനസഹായം ഇനത്തിൽ ചെലവഴിച്ച ഹെഡ് നം. 250500506 ൽ ചേർക്കേണ്ട 240000 രൂപ തെറ്റായി മേൽ ഹെഡ്ഡിൽ ഉൾപ്പെടുത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 13/12.01.24 നുള്ള മറുപടി).

## 1-1-21 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

എ) RP-4 ഷെഡ്യൂളിൽ 140110700 - Licence Fees For Domestic Dogs ഹെഡിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് തുകകളെ തെറ്റായി 140119900 – Other Licensing Feesഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക |
|---|---|---|
| 1 | 122010102569/20.07.22 | 270 |
| 2 | 122010103883/13.09.22 | 270 |
| 3 | 122010103921/15.09.22 | 270 |
| 4 | 122010103922/15.09.22 | 270 |
| 5 | 122010104142/20.09.22 | 270 |

| | | |
|---|---|---|
| 6 | 122010104201/23.09.22 | 270 |
| 7 | 122010104209/24.09.22 | 270 |
| 8 | 122010104319/27.09.22 | 270 |
| 9 | 122010104322/27.09.22 | 270 |
| 10 | 122010104339/28.09.22 | 270 |
| 11 | 122010104341/28.09.22 | 270 |
| 12 | 122010104474/30.09.22 | 270 |

ബി) RP-4 ഷെഡ്യൂളിൽ 140110600 - Licence Fees For Domestic Animals ഹെഡിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് തുക 270/- രൂപ (രസീത് നം./തീയതി - 122010104383/28.09.22) തെറ്റായി 140119900 – Other Licensing Fees ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

തെറ്റായ ഹെഡ്ഡിൽ വരവ് ഉൾപ്പെടുത്തിയതാണെന്നും വരും വർഷങ്ങളിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.28/17.01.24നുള്ള മറുപടി).

സി) ഹെഡ് നം. 140700100 – Road Cutting Charges ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ രസീത് നം./തീയതി - 122700900130/24.02.23 പ്രകാരം 778674 രൂപയുടെ വരവ് കാണുന്നു. ബന്ധപ്പെട്ട രസീത് പ്രകാരമുള്ള Narration - Pension Excess Payment എന്നാണ്. പ്രസ്തുത തുകയുടെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/17.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പെൻഷൻ കൊടുക്കുന്നതിനായി 02/2023 മാസം തനത് ഫണ്ടിൽ നിന്നും 778674 രൂപ പെൻഷൻ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ ഇരട്ടിപ്പ് ഉണ്ടായതായും ആയത് പരിഹരിക്കുന്നതിന് റസീപ്റ്റ് കൊടുത്തത് തെറ്റായി Road Cutting Charges ഹെഡ്ഡിൽ വന്നതാണെന്നും വരും വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഡി) 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം (ഹെഡ് - 431190201) Receivables For Advertisement Tax (Current) ഇനത്തിൽ 211420 രൂപ ലഭിക്കാനുണ്ടായിരുന്നു. എന്നാൽ 2022-23 ൽ ടി തുക Current ഹെഡ്ഡിൽ നിന്നും അരിയർ ഹെഡ്ഡിലേയ്ക്ക് മാറ്റാതെ (ഹെഡ്ഡ് നം. 431190202) റസീപ്റ്റ് & പേയ്മെന്റ് RP-37 ഷെഡ്യൂൾ പ്രകാരം Current ഹെഡ്ഡിൽ തന്നെ വരവ് കാണിച്ചിരിക്കുന്നു.

വരും വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 52/19.01.24 നുള്ള മറുപടി).

## 1-1-22 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് നമ്പർ 203/23 പ്രകാരം മാലിന്യനീക്കത്തിന് വാഹനം വാങ്ങുന്നതിനായി ചെലവഴിച്ച 1129967/- രൂപയുടെ ചെലവിന് തത്തുല്യമായ തുക B-3 ഷെഡ്യൂളിലെ Capital Contribution Others എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

തുക Capital Contribution Others ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് വിട്ടുപോയതാണെന്നും നടപ്പുവർഷം ടി ശീർഷകത്തിലേയ്ക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.28/17.01.24 നുള്ള മറുപടി).

## 1-1-23 നിക്ഷേപ തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

എ) ലഭ്യമാക്കിയ നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം നഗരസഭയിലെ സ്ഥിര നിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിക്ഷേപ നം. | ആരംഭിച്ച തീയതി | നിക്ഷേപ തുക | മെച്യൂരിറ്റി തീയതി |
|---|---|---|---|---|
| 1 | JL 0581416 | 30.01.2021 | 99900 | 30.01.2026 |
| 2 | 489586/13367 | 07.05.12 | 11500 | 07.05.2032 |

എന്നാൽ ക്രമ നം. 1 പ്രകാരമുള്ള നിക്ഷേപത്തിന്റെ വിവരം മാത്രമാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ക്രമ നം. 2 പ്രകാരമുള്ള നിക്ഷേപത്തിന്റെ വിവരം ഉൾപ്പെട്ടിട്ടില്ല. 11500 രൂപയുടെ സ്ഥിരനിക്ഷേപം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ വിട്ടു പോയതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.28/17.01.24 നുള്ള മറുപടി).

ബി) ലഭ്യമാക്കിയ എൻഡോവ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപ നം. | ആരംഭിച്ച തീയതി | നിക്ഷേപ തുക | മെച്യൂരിറ്റി തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 197694/9557 | 17.07.2018 | 100000 | 17.07.2028 |

എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ബി-3 ഷെഡ്യൂളിൽ Endowments ഇനത്തിൽ (ഹെഡ് നം. 311720100) 33229/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. 100000/- രൂപയുടെ Endowments വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ലെന്നും 33229/- രൂപ TSB A.C Endowment -7107 ലെ നീക്കിയിരിപ്പ് തുകയാണെന്നും വിട്ടു പോയ തുക വരും വർഷങ്ങളിൽ ബാലൻസ് ഷീറ്റിൽ ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.28/17.01.24 നുള്ള മറുപടി).

## 1-1-24 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

എ) ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ജീവനക്കാർക്ക് അഡ്വാൻസ് അനുവദിക്കുന്നതു സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക ബി-18 പ്രകാരമുള്ള അഡ്വാൻസ് തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പൂർണമല്ല. റോഡ്, ബിൽഡിംഗ്, ലെയ്ൻ എന്നിവയുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ഉദാ- 2022-23 വർഷം പ്രോജക്ട് നമ്പർ 203/23 പ്രകാരം 1129967/- രൂപ ചെലവഴിച്ച് മാലിന്യനീക്കത്തിന് വാഹനം വാങ്ങിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് നമ്പർ 51/23 പ്രകാരം 965000/- രൂപ ചെലവഴിച്ച് മാലിന്യസംസ്കരണത്തിന് പിക്കപ്പ് ആട്ടോയും (ഇലക്ട്രിക് വാഹനം) വാങ്ങിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ ടി വാഹനങ്ങളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.28/17.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-25 ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല

RP-40(b) പ്രകാരം IDBI – SLAUGHTER HOUSE ബാങ്ക് അക്കൗണ്ടിൽ 15753108/- രൂപ നീക്കിയിരിപ്പുണ്ട്. ടി അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ 20.03.2017 ൽ 12700000/- രൂപ വരവ് ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത തുക നാളിതുവരെ ഉപയോഗിച്ചിട്ടില്ല. പ്രസ്തുത തുകയുടെ പലിശയടക്കമുള്ള തുകയാണ് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത്. SLAUGHTER HOUSE നിർമ്മാണത്തിനായി ഏത് ഏജൻസിയിൽ നിന്നാണ് തുക വരവ് വന്നതെന്നും നാളിതുവരെ ചെലവഴിക്കാത്ത തുക ബാലൻസ് ഷീറ്റിൽ ഏത് ഹെഡ്ഡിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നുമുള്ള വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.52/19.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ശുചിത്വമിഷനിൽ നിന്നാണ് SLAUGHTER HOUSE നിർമ്മാണത്തിനായി തുക ലഭിച്ചതെന്നും തുക ബാലൻസ് ഷീറ്റിൽ 320100100 ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി ഹെഡ്ഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ അത്തരമൊരു തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ചെലവഴിക്കാൻ അവശേഷിക്കുന്ന മേൽ തുക ഏത് ഹെഡ്ഡിലാണ് ബാധ്യതയായി നിലനിർത്തിയിരിക്കുന്നതെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-1-26 വെള്ളക്കര കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയില്ല

ഭരണസമിതിയുടെ 24.11.22 ലെ 2-ാം നം. തീരുമാനപ്രകാരം നഗരസഭ പരിധിയിലുള്ള പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കലിൽ പരിഗണിച്ചതു പ്രകാരം പുനർ നിർണ്ണയിച്ച് നൽകിയ കുടിശികയായ 82,00,821/- രൂപയിൽ ആദ്യ ഗഡു 5,00,000/- രൂപ തനത് ഫണ്ടിൽ നിന്നും ഒടുക്കി ഒറ്റത്തവണ തീർപ്പാക്കൽ സ്കീമിൽ ചേരുന്നതിനും ബാക്കി തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതിയ്ക്കായി വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം. 84/30.12.22 പ്രകാരം 500000/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ ബാക്കി ഒടുക്കാനുള്ള വെള്ളക്കര കുടിശ്ശിക തുകയായ 7700821/- രൂപ (8200821-500000) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

ചേർക്കാൻ വിട്ടുപോയതാണെന്നും നടപ്പുവർഷം തുക ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.52/19.01.24 നുള്ള മറുപടി).

## 1-1-27 മുൻവർഷത്തെ Current, Arrear നീക്കിയിരിപ്പ് തുകകളെ തൻവർഷം Arrear ഹെഡ്ഡിലേയ്ക്ക് മാറ്റിയിട്ടില്ല

2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം Receivables For Other User Charges (Current) ഇനത്തിൽ 602575 രൂപയും Receivables For Other User Charges (Arrear) ഇനത്തിൽ 24100 രൂപയും ലഭിക്കാനുണ്ടായിരുന്നു. എന്നാൽ 2022-23 ൽ RP-37 പ്രകാരം പ്രസ്തുത ഇനത്തിൽ അരിയർ കളക്ഷൻ ഇല്ല. മേൽ തുകകളെ Current ഹെഡ്ഡിൽ നിന്നും അരിയർ ഹെഡ്ഡിലേയ്ക്ക് മാറ്റാതെ ബാലൻസ് ഷീറ്റിൽ 2022-23 വർഷത്തെ Current ഇനത്തിൽ ലഭിക്കാനുള്ള ബാലൻസ് തുകയോടൊപ്പം (362196 രൂപ) Current ഹെഡ്ഡിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

കൂടാതെ ബാലൻസ് ഷീറ്റിൽ ആകെയുള്ള ബാലൻസ് തുകയായ 988871 രൂപക്ക് (602575 + 24100 + 362196) പകരം 988873 രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

വരും വർഷം അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 52/19.01.24 നുള്ള മറുപടി).

## 1-1-28 ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

എ) ലൈസൻസ് ഫീസിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഹെഡ്/ഇനം | ഡിമാന്റ് | കളക്ഷൻ | വരേണ്ട ബാലൻസ് | ബാലൻസ് (2022-23 ബി-15 പ്രകാരം) |
|---|---|---|---|---|
| 140110100/License Fees For Dangerous & Offensive Traders | 2750000 | 2436569 (തൻവർഷം - 2370070 + അഡ്വാൻസ്- 66499) | 313431 | 66431 |

ലഭ്യമാക്കിയ മറുപടി പ്രകാരം 2021-22 ൽ അഡ്വാൻസ് ആയി ലഭിച്ച തുക 313499 രൂപയാണ് (ഓഡിറ്റ് അന്വേഷണം നം. 52/19.01.24 നുള്ള മറുപടി). എന്നാൽ 2021-22 ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ലൈസൻസ് ഫീസ് അഡ്വാൻസ് ഇനത്തിൽ ലഭിച്ച തുക 66499 രൂപയാണ്. വ്യത്യാസമുള്ള 247000 രൂപ (313499-66499) ഏത് ഹെഡ്ഡിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

ബി) ചുവടെ പറയുന്ന അരിയർ ഇനങ്ങളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | ഡിമാന്റ് (2021-22 ബി-15 പ്രകാരം) | കളക്ഷൻ | വരേണ്ട ബാലൻസ് | ബാലൻസ് (2022-23 ബി-15 പ്രകാരം) |
|---|---|---|---|---|---|
| 1 | Rent Receivable From Civic Amenities (Arrear) | 10055613 | 511287 | 9544326 | 7624941 |
| 2 | Rent Receivable From Lease On Land (Arrear) | 20084 | 11055 | 9029 | 7916 |
| 3 | Other Receivables (Arrear) | 89033258 | 1103323 | 87929935 | 76484357 |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം.52/19.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1,2 എന്നീ ഇനങ്ങളിൽ മുൻ വർഷങ്ങളിൽ അഡ്വാൻസ് കളക്ഷനായി ലഭിച്ച തുകകൾ തൻവർഷം അരിയർ ഹെഡ്ഡിലേയ്ക്ക് മാറ്റിയതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നം.3 പകാരമുള്ള തുക Central Pension Allotment ഇനത്തിൽ ലഭിക്കേണ്ട തുകയാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ തുകകളിലെ വ്യത്യാസം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്ജസ്റ്റ്മെന്റ് എൻട്രികളെ സാധൂകരിക്കുന്ന രീതിയിലുള്ള രേഖകൾ, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-29 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

എ) 2021-22 ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100205 | Suppliers Security Deposit-Municipal Fund | 55626 * |
| 340100303 | Contractors Retention Money-Specific Funds | 32350 |
| 340200300 | Water Deposit | 418701 |
| 340200600 | Election Deposit (Candidate) | 57000 ** |
| 340809900 | Other Deposit Received | 5000 |

* 2022-23 വർഷത്തെ വരവ് തുക കൂടി ഉൾപ്പെട്ടത്.

** 2022-23 വർഷം തിരികെ നൽകിയ തുക ഒഴികെ ബാക്കിയുള്ളത്.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ബി-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയിൽ കാലഹരണപ്പെട്ടതുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

മേൽ തുകകൾ നാളിതുവരെ റീഫണ്ട് ചെയ്യുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.13/12.01.24നുള്ള മറുപടി). കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ബി) 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 350209900 | Recoveries Payable-Other Recoveries | 947 |
| 2 | 350300500 | **Service Tax Payable** | 129575 |
| 3 | 350300400 | **VAT Payable** | 76927 |
| 4 | 350409909 | **Refund Payable - Others** | 62888 |
| 5 | 350400500 | **Refund Payable - Grants** | 15000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/12.01.24 നുള്ള മറുപടി പ്രകാരം ക്രമ നം.1 പ്രകാരമുള്ള തുക 06.05.20 ന് നൽകിയ ചെക്ക് അൺക്യാഷ്ഡ് ആയതിനാൽ 01.04.21 ൽ പ്രസ്തുത ഹെഡ്ഡിൽ റസീപ്റ്റ് ചെയ്തതാണെന്നും ആയത് Stale Chequeലേക്ക മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം.2,3 എന്നിവ പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ട് ഇല്ലാത്തതിനാൽ ഒടുക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.4 പ്രകാരമുള്ള തുക ഇ.എം.സ് ഭവനപദ്ധതി പ്രകാരം അനുവദിച്ച തുക ഗുണഭോക്താവ് ചെലവഴിക്കാത്തതിനാൽ തിരികെ ഒടുക്കിയതിലുള്ള പലിശയാണെന്നും ഇ.എം.എസ് അക്കൗണ്ട് ഇപ്പോൾ നിലവിലില്ലെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ കമ്മിറ്റി തീരുമാനമെടുത്ത് ടി തുക തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്. വീട് പുനരുദ്ധാരണത്തിനായി ലളിതകുമാരി എന്ന വ്യക്തിയ്ക്ക് അനുവദിച്ച തുക തിരികെ ഒടുക്കിയതാണ് ക്രമ നം.5 ൽ ഉൾപ്പെടുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഏത് ഫണ്ടിൽ നിന്നും അനുവദിച്ചതാണെന്ന് കണ്ടെത്തി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സി) 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | 2022-23 B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 460100600 | Advance For Projects | 67500 |
| 2 | 460500201 | Advance To Implementing Agencies-Municipal Fund | 11674 |
| 3 | 460500203 | Advance To Implementing Agencies-Special Fund | 5547895 |
| 4 | 460509901 | Other Advances-Municipal Fund | 296500 |
| 5 | 460500301 | Advance To Projects-Municipal Fund | 46956 |
| 6 | 460600100 | Electricity Deposits | 5902266 |
| 7 | 460509909 | Advance To Others | 1636737 |
| 8 | 460600300 | Water Deposits | 2508 |
| 9 | 460609900 | Other Deposits With External Agencies | 750 |

ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം.1,2,4,5,7 എന്നിവയിലെ തുകകൾ അഡ്വാൻസ് തുകകളല്ലെന്നും ചെലവ് തുകകൾ തെറ്റായി അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയതാണെന്നും അപാകത നടപ്പുവർഷം പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.13/12.01.24 നുള്ള മറുപടി). ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതും ക്രമ നം.3,6,8,9 എന്നിവ പ്രകാരമുള്ള അഡ്വാൻസ് തുകകൾ എത്രയും വേഗം ക്രമീകരിക്കുന്നതിനുള്ള

നടപടി സ്വീകരിക്കേണ്ടതുമാണ്.

ഡി) 2021-22, 2022-23 വർഷങ്ങളിലെ ബാലൻസ് ഷീറ്റ് ബി-19 ഷെഡ്യൂൾ പ്രകാരം Deposit Works-Expenditure (ഹെഡ് നം. 470100100) ഇനത്തിൽ നീക്കിയിരിപ്പുള്ള 1862000 രൂപയുടെ വിശദാംശം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.13/12.01.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഇ) 2022-23 ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ഹെഡ് നം.350110600 – Contributions To Central Pension Fund Payable ഇനത്തിൽ 31503943 രൂപ അവശേഷിക്കുന്നു (2021-22 വർഷത്തെ നീക്കിയിരിപ്പ് തുകയായ 29260093 രൂപ കൂടി ഉൾപ്പെട്ടത്). 2023 ജനവരി മാസത്തെ പെൻഷൻ കോൺട്രിബ്യൂഷൻ തുകയായ 208812 രൂപ മാത്രമാണ് തൻവർഷം ഒടുക്കിയിട്ടുള്ളത്. ഇപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ തുക യഥാസമയം ഒടുക്കു വരുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.77/22.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക യഥാസമയം ഒടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

എഫ്) ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല.
2022-23 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ നഗരസഭ ഫണ്ടിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | തുക | തുക ഒടുക്കിയത് | ഒടുക്കിയ രസീത് നം./ തീയതി |
|---|---|---|---|
| 350200125 – Recoveries Payable – Audit Recovery | 2612 | ശ്രീ.ജയദാസ്.ഡി, അസി.എക്സി.എഞ്ചിനിയർ | 122010105909/24.11.22 |

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-69 പ്രകാരം സിഎഫ്സി ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് ഒടുക്കു വരുത്താതെ തനത് ഫണ്ടിൽ തന്നെ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/17.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

നഗരസഭയുടെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 22.03.2022 | 16.03.2023 |
| കൗൺസിൽ തീരുമാനം | 1/1 | 1/1 |
| മുന്നിരിപ്പ് | 126038600 | 115869477 |
| പ്രതീക്ഷിത വരവ് | 341904500 | 513189870 |
| ആകെ | 467943100 | 629059347 |
| പ്രതീക്ഷിത ചെലവ് | 322713000 | 502604922 |
| നീക്കിയിരിപ്പ് | 145230100 | 126454425 |

### 1-2-1 ബജറ്റ് അപാകങ്ങൾ

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 (6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടില്ല. എന്നാൽ 2022-23

സാമ്പത്തിക വർഷത്തെ ബജറ്റിൽ/റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ബജറ്റ് പ്രകാരമുള്ള ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2103002 | 12500000 | 5000000 | 12773703 |
| 2 | 2201201 | 50000 | 90000 | 90894 |
| 3 | 2208002 | 50000 | 50000 | 50531 |
| 4 | 2510115 | 200000 | - | 255000 |
| 5 | 2514202 | 1500000 | - | 1743182 |
| 6 | 2523102 | - | - | 265965 |
| 7 | 2305006 | 20000 | 10000 | 190135 |
| 8 | 2305104 | - | 301397 | 387667 |
| 9 | 2305107 | - | - | 38367 |
| 10 | 2533009 | - | - | 100000 |

മേൽ അപാകതകൾ വരും വർഷങ്ങളിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 4/11.01.24 ന് മറുപടി നൽകിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 71976002.45 |
| ഓഡിറ്റ് വർഷത്തെ വരവ് | 241273098 |
| ആകെ | 313249100.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 223198518 |
| നീക്കിയിരിപ്പ് | 90050582.45 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 38781286 | 38781286 | 35209599 | 3571687 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 17434000 | 17434000 | 14813630 | 2620370 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 23402568 | 23402568 | 9651269 | 13751299 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9752681 | 9752681 | 7797529 | 1955152 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 33091000 | 33091000 | 24999938 | 8091062 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 12484000 | 12484000 | 11207847 | 1276153 |
| CSS | 0 | 0 | 0 | 3345342 | -3345342 |
| SSS | 0 | 0 | 0 | 321390 | -321390 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 35209599 |
| | ACR + Source Deduction | 36193946 |
| | Accounts | 35209599 |
| Maintenance Fund (Road) | Grant Statement | 24999938 |
| | ACR | 26805111 |
| | Accounts | 24999938 |

31.03.23 ന് ബില്ലുകൾ എടുക്കുകയും എന്നാൽ ട്രഷറിയിൽ ബിൽ പാസാകാത്തതുമാണ് എസിആർ പ്രകാരമുള്ള തുകയിൽ വ്യത്യാസം വരാൻ കാരണമെന്ന് ഓഡിറ്റ് അന്വേഷണം നം.18/16.01.24 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ അവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ വരവും സുലേഖ ചെലവുപത്രിക പ്രകാരം ഈയിനത്തിൽ ചെലവുമുണ്ട്.

3. സർക്കാർ ഉത്തരവ് (കൈ)നം.86/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 17434000/- രൂപയിൽ 14813630/- രൂപ മാത്രമാണ് ചെലവഴിച്ചത്. 16% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. സ.ഉ(കൈ)നം.86/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.7 പ്രകാരം നഗരസഭകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ വനിതാ ഘടക പദ്ധതിയ്ക്കായി വകയിരുത്തിയ 5223500 രൂപയിൽ (മറ്റുള്ളവ ഒഴികെ) 2586006 രൂപ മാത്രമാണ് (മറ്റുള്ളവ ഒഴികെ) ചെലവഴിച്ചിട്ടുള്ളത് (ചെലവ് ശതമാനം 50).

5. വനിതകൾ, കുട്ടികൾ, മറ്റ് ദുർബലവിഭാഗങ്ങൾ എന്നീ വിഭാഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നം. | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 18/23 | 800000 |
| | 103/23 | 750000 |
| | 210/23 | 400000 |
| | 289/23 | 326000 |
| കുട്ടികൾ | 83/23 | 100000 |
| മറ്റ് ദുർബലവിഭാഗങ്ങൾ | 65/23 | 100000 |

വിവിധ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 6757397 | 5385517 | 80 |
| | പട്ടിക ജാതി | 958500 | 610500 | 64 |
| സേവനം | പൊതുവിഭാഗം | 116747420 | 50534612 | 43 |
| | പട്ടിക ജാതി | 29380027 | 14203130 | 48 |
| പശ്ചാത്തലം | പൊതുവിഭാഗം | 64309070 | 31424537 | 49 |

വിവിധ മേഖലകൾക്കായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

### ഫണ്ട് വിനിയോഗം

1) 2022-23 സാമ്പത്തിക വർഷം നഗരസഭയ്ക്ക് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 41318000 | 35209599 | 6108401 |
| വികസനഫണ്ട് എസ്.സി.പി | 17434000 | 14813630 | 2620370 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 12484000 | 11207847 | 1276153 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 33091000 | 24999938 | 8091062 |
| ആകെ | 104327000 | 86231014 | 18095986 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാചിത്രമായി ചേർക്കുന്നു.




**(1)**

**(2)**




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B-4 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2513325 | 23402568 | 25915893 | 9651269 | 16264624 | 2907878 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 3702511 | 9752681 | 13455192 | 7797529 | 5657663 | 1955152 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 65/ 20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ഏറ്റെടുത്ത ആകെ പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 4 | 2 | 2427500 | 1755620 | 72.3 |
| വെറ്ററിനറി സർജൻ | 9 | 8 | 1 | 2300897 | 1702897 | 74 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 11 | 11 | 0 | 8141563 | 7257668 | 89.14 |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | 3 | 2 | 1 | 1052000 | 1022000 | 97.14 |
| മെഡിക്കൽ ഓഫീസർ , സിദ്ധ | 2 | 2 | 0 | 1040000 | 1039849 | 99.98 |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | 4 | 4 | 0 | 1003000 | 998645 | 99.56 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 1450000 | 1000000 | 68.96 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 1 | 8597000 | 7741332 | 90 |
| സെക്രട്ടറി | 24 | 22 | 2 | 29126990 | 8605078 | 29.54 |
| ഹെഡ്മാസ്റ്റർ | 3 | 2 | 1 | 811736 | 751736 | 92.6 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 99 | 59 | 40 | 70382138 | 36050437 | 51.22 |
| മുനിസിപ്പൽ എഞ്ചിനീയർ | 11 | 3 | 8 | 16747251 | 2205175 | 13.16 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 2 | 2 | 0 | 1500000 | 1500000 | 100 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 13 | 10 | 3 | 41380000 | 17081017 | 41.2 |
| പട്ടികജാതി വികസന ഓഫീസർ | 11 | 11 | 0 | 11300027 | 7683130 | 67.99 |
| ഹെൽത്ത് ഓഫീസർ | 24 | 15 | 9 | 20892312 | 10951960 | 52.4 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം (ജനറൽ) | 43845897 | 35209599 | 80.3 |
| വികസന ഫണ്ട് എസ്.സി.പി. | 18975000 | 14813630 | 78.06 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 53950983 | 17448798 | 32.34 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 34038972 | 3345342 | 9.8 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 9593733 | 321390 | 3.34 |
| തനത് ഫണ്ട് | 3527 | 0 | 0 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 0 | 0 | 0 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 34437302 | 24999938 | 72.59 |
| മെയിന്റനൻസ് റോഡിതരം | 15107000 | 11207847 | 74.18 |
| മറ്റുള്ളവ | 55399329 | 2283829 | 4.12 |
| ആകെ | 273551743 | 109630373 | 40.07 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 234 | 166 | 68 | 273551743 | 109630373 | 40.07 |

**ആസൂത്രണ സമിതി**

1) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 86/2022 തസ്വഭവ തീയതി 19.04.2022, 3.1.1(എ) പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 12/12.09.2024)

2) പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോയെന്നതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.( ഓഡിറ്റ് എൻക്വയറി നം. 12/12.09.2024)

3) മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. ആസൂത്രണസമിതി മിനിട്സ് പരിശോധിച്ചതിൽ 12.05.2022 തീയതിയിൽ മാത്രമാണ് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളതായി

കാണുന്നത്. മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിച്ചിട്ടില്ലായെന്ന് മിനിട്സ് പരിശോധനയിൽ കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 65/20.01.24 ന് ആസൂത്രണസമിതി അംഗങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിലും ഉള്ളതിനാൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും ആസൂത്രണസമിതി അംഗങ്ങൾ പങ്കെടുത്തിട്ടുണ്ടെന്നും വരുംവർഷങ്ങളിൽ മാർഗ്ഗരേഖപ്രകാരം ആസൂത്രണസമിതി ചേരുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 12/12.09.2024)

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെപ്പറയുന്ന പ്രശ്നങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 65/ 20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കൃഷി | ഗുരുതരം | നെൽകൃഷിയുടെ അപര്യാപ്തത |
| 2 | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | കുളമ്പ് രോഗം പടർന്ന് പിടിക്കുന്നു. |
| 3 | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷണത്തിന് നൽകുന്ന തുക അപര്യാപ്തം |
| 4 | സാമൂഹ്യനീതി | ഗുരുതരം | അങ്കണവാടി കെട്ടിടങ്ങൾക്ക് വാടകയിനത്തിലുള്ള സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ |
| 5 | വനിതാവികസനം | അതീവ ഗുരുതരം | ആലംകോട് ഭാഗത്തുള്ള കുട്ടികൾക്ക് സ്വന്തമായി അംഗൻവാടി കെട്ടിടം |

മേൽ പരാമർശിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് ശുപാർശകളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 86/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

2. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിട്സിൽ യോഗതീരുമാനങ്ങൾ മിനിട്സ് ചെയ്തിട്ടുണ്ടെങ്കിലും യോഗം ചേർന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. ഉദാ. കൃഷി വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പ്
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 65/20.01.2024 ന് വരുംവർഷങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് ചേരുകയും മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3 വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികള്ടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 65/20.01.2024ന് ലഭ്യമാക്കിയ മറുപടിയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി |
|---|---|---|---|
| വിദ്യാഭ്യാസം | 18.5.2022 | ഗ്രന്ഥശാലകളെ നഗരഭരണത്തിന് പിന്തുണ നൽകുന്ന ഇൻഫർമേഷൻ | തുക കൂടുതൽ ആവശ്യമായ പദ്ധതികളായതിനാലും നഗരസഭയുടെ തനത് ഫണ്ട് |

| | | | |
|---|---|---|---|
| | | സെന്റർ ആക്കുകയും കരിയർ ഗൈഡൻസ് സെന്റേഴ്സ് ആയി ഉയർത്തുകയും ചെയ്യുക | കുറവായതിനാലും പദ്ധതി വിഹിതത്തിൽ നിർബന്ധിത പദ്ധതികൾക്ക് തുക വച്ച ശേഷം ബാക്കി വരുന്ന തുക കുറവായതിനാലും പദ്ധതിയ്ക്ക് തുക കണ്ടെത്താൻ കഴിയുന്നില്ലാ വരും വർഷങ്ങളിൽ വരുമാന വർദ്ധനവ് ഉണ്ടാകുമ്പോൾ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| പൊതുഭരണവും ധനകാര്യവും | 18.5.22 | കൊല്ലമ്പുഴ ആറിന്റെ തീരത്ത് ബോട്ട് സർവീസ് | |
| ജൈവവൈവിധ്യ മാനേജ് മെന്റ് - കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പ് | 11.06.22 | ഇലക്ട്രിക് ചാർജ്ജ് സ്റ്റേഷനുകൾ രൂപീകരിക്കൽ | |
| പ്രാദേശിക സാമ്പത്തിക വികസനം വർക്കിംഗ് ഗ്രൂപ്പ് | 18.5.2022 | തൊഴിൽപരിശീലന കേന്ദ്രം ആരംഭിക്കുക | |
| പൊതുമരാമത്ത് | 18.5.2022 | മൂഴിയിൽ അംഗൻവാടി എം.സി.എഫ് സെന്ററായി പ്രവർത്തിക്കുന്ന കെട്ടിടം അപകടകരമായ അവസ്ഥയിലായതിനാൽ മെയിന്റനൻസ് നടത്തണം | |
| സാമൂഹ്യ നീതി | 11.06.2022 | 24-ാം നമ്പർ അംഗൻവാടി അപകടാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുക | അംഗൻവാടികളുടെ മെയിന്റനൻസിന് പദ്ധതി തയ്യാറാക്കുകയും അതിന്റെ നിർവ്വഹണം നടന്നു വരികയാണെന്നും എന്നാൽ മൂഴിയിൽ അംഗൻവാടി മെയിന്റനൻസ് ചെയ്യാൻ കഴിയാത്തതിനാൽ അതിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. |
| വനിതാ വികസനം | 18.5.22 | വനിതാ ഹോസ്റ്റൽ തുറന്നു പ്രവർത്തിക്കാൻ അനുമതി | വനിതാഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും അവിടെ ആവശ്യമായ രീതിയിൽ സാധനസാമഗ്രികൾ ലഭ്യമല്ലാത്തതിനാൽ 2023-24 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

വാർഡ് സഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ വാർഡ്സഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. വാർഡ് സഭ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വായ്പ സാധ്യത

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും ഖ. 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

ആസ്തി സംരക്ഷണം

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ

ഉടമസ്ഥതയിലുള്ള റോഡ് , സ്ട്രീറ്റ് ലൈറ്റ് മെയിൻ, ബിൽഡിംഗ് എന്നിവയുടെ ഭാഗികമായ രേഖപ്പെടുത്തലുകൾ വരുത്തിയ ആസ്തി രജിസ്റ്റർ ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12/12.09.2024)

പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും മാർഗ്ഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 868800 | 76 |
| വിധവാപെൻഷൻ | 17125800 | 1604 |
| വാർദ്ധക്യകാലപെൻഷൻ | 34346400 | 3258 |
| തൊഴിൽരഹിത വേതനം | 34200 | 29 |
| വികലാംഗപെൻഷൻ | 3818900 | 348 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 841600 | 76 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2024, 4.15 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47,634/- രൂപയുടെ (നാല്പത്തി എഴായിരത്തി അറുന്നൂറ്റി മുപ്പത്തി നാല് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ വേഗത, സുതാര്യത എന്നിവയെ നിർണായകമായി സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് ആഭ്യന്തരനിയന്ത്രണം. ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 83 ഓഡിറ്റ് എൻക്വയറി കൾ നൽകിയതിന് 54 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്.

1) ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാരുടെ ജോലിവിഭജനം നടത്തി നൽകിയിട്ടുണ്ട്.

2) 2022 -23 സാമ്പത്തികവർഷം 5 തവണ സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടുണ്ട്.

3) ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

എ) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

സൂചിക എന്ന സോഫ്റ്റ് വെയറിൽ അപേക്ഷകൾ സ്വീകരിക്കുകയും, അതിന്റെ പ്രിന്റ് എടുത്ത് സൂക്ഷിക്കുകയും ചെയ്തുവരുന്നു.

4) സ്റ്റിയറിങ്ങ് കമ്മിറ്റി മൊത്തത്തിൽ എല്ലാപ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്. പൊതുജനങ്ങൾക്കുള്ള പരാതിപ്പെട്ടി സൂക്ഷിച്ചിട്ടുണ്ട്.

5) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2019 ൽ നേടിയിട്ടുണ്ട്. 2023ൽ പുതുക്കിയിട്ടുണ്ട്. 2026 നവംബർ വരെ കാലാവധി ഉള്ളതുമാണ്.

6) പൗരാവകാശരേഖ 2023 ൽ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

7) സ്റ്റാറ്റസ് റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

8) 2022 -23 സാമ്പത്തികവർഷം വാർഡ് സഭ ഓരോ വാർഡിലും 3 തവണ വീതം കൂടിയിട്ടുണ്ട്.

9) ഡെപ്പോസിറ്റ് രജിസ്റ്റർ, ഗ്രാന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നീ പ്രധാനപ്പെട്ട രജിസ്റ്ററുകളൊന്നും തന്നെ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതെല്ലാം എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) വാർഷികധനകാര്യപത്രിക, ബജറ്റ് എന്നിവ തയ്യാറാക്കിയതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

11) വസ്തുനികുതി ഊർജ്ജിതമാക്കേണ്ടതാണ്.

12) തൊഴിൽ നികുതി യഥാസമയം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

13) പദ്ധതി നിർവ്വഹണം, മോണിട്ടറിങ്ങ് എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 72062 | 6433 | 78495 | 29674 | 48821 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 9996747 | 9996747 | 9996747 | 0 |
| ആകെ | 72062 | 10003180 | 10075242 | 10026421 | 48821 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 11.4.22-25.5.22 | 2018-19 , 2019-20, 2020-21, 2021-22 | 01.07.2022 |

## 1-11 വാടക പിരിച്ചെടുക്കുന്നതിൽ കുറവ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന ബങ്കുകളിൽ നിന്നും കടമുറികളിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ വാടക പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. / ബങ്ക് നം. | പേര്, വിലാസം | കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | 26/1352 | സുരേഷ് കുമാർ, കൃഷ്ണ | 2022-23 | 68920+GST |
| 2 | 26/1353 | സുരേഷ് കുമാർ, കൃഷ്ണ | 2022-23 | 183785+GST |
| 3 | 7/220 | അരവിന്ദാക്ഷൻ, കഴിവിള വീട് | 2022-23 | 7657+GST |
| 4 | 26/371 | അജികുമാർ, ശങ്കരവിലാസം | 2022-23 | 46305+GST |
| 5 | 26/373 | പ്രസാദ് ആർ. ജി, പൊയ്കവീട് | 2022-23 | 45947+GST |
| 6 | 26/378 | ഉദയകുമാർ, റീജാഭവൻ | 2022-23 | 45947+GST |
| 7 | 26/379 | ബിന്ദു, റീജാഭവൻ | 2022-23 | 45947+GST |
| 8 | 26/384 | മുഹമ്മദലി, ആസിഫ് മൻസിൽ | 2022-23 | 30631+GST |
| 9 | 26/385 | മുഹമ്മദ് ഷാഫി, ഷാഫി മൻസിൽ | 2022-23 | 30631+GST |
| 10 | 26/386 | മുഹമ്മദലി, ആസിഫ് മൻസിൽ | 2022-23 | 30631+GST |
| 11 | 26/387 | മുഹമ്മദ് ഹനീഫ, മരുത്തടിയിൽ വീട് | 2022-23 | 30631+GST |
| 12 | 26/376 | മുഹമ്മദ് ഇജാസ്, ദാരുൾ മുസ്തഫ | 2022-23 | 43759+GST |

| | | | | |
|---|---|---|---|---|
| 13 | 11/1029 | മുരളീധരൻ, പ്രവീൺ നിവാസ് | 2022-23 | 15415+GST |
| 14 | 2/7 | എ. എം സയിദ്, സുമിന മൻസിൽ | 2022-23 (June, July, August, September) | 15316(3829*4)+GST |
| 15 | 2/9 | അനിൽ. ബി, അഖിൽ വിലാസം | 2022-23 (June, July, August, September) | 15316(3829*4)+GST |
| 16 | 2/10 | എക്സിക്യൂട്ടീവ് എൻജിനീയർ , KSEB | 2022-23 (January To December) | 24000(2000*12)+GST |
| 17 | 2/8 | എ. എം സയിദ്, സുമിന മൻസിൽ | 2022-23 (June, July, August, September) | 15316(3829*4)+GST |
| 18 | 2/11 | തോമസ് ജോൺ, Muthoot Fin Corp | 2022-23 | 25279+GST |
| 19 | 4/52(1) | അനിൽ, പുഴയോരം | 2022-23 | 45946+GST |
| 20 | മാമം ബങ്ക് | ബീന, ചരുവിള പുത്തൻവീട് | 2022-23 | 1533+GST |
| 21 | സോഡാ ഫാക്ടറി ബങ്ക് | മാധവി, ചരുവിള പുത്തൻവീട് | 2022-23 | 2298+GST |
| 22 | ബങ്ക് നം. 23 | മധു കുമാർ, മധു മന്ദിരം | 2022-23 | 1533+GST |
| 23 | ബങ്ക് നം. 6 | പ്രകാശ് എ. എസ്, കടമ്പാട്ട് വീട് | 2022-23 | 38294+GST |
| 24 | 18/131(3) | നാഗൂർ മീരാൻ, റിയാസ് മൻസിൽ | 2022-23 | 79894+GST |

മേല്പറഞ്ഞ ബങ്കുകൾ , കടമുറികൾ എന്നിവ എത്ര വർഷത്തേക്കാണ് ലേലം ചെയ്ത് നല്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശം, ഓരോ വർഷവും നിശ്ചിത നിരക്കിലെ വാടക വർദ്ധനവ് സംബന്ധിച്ച ഭരണസമിതി തീരുമാനം ഇവ ലഭ്യമാക്കിയില്ല. അതോടൊപ്പം 2022-23 വർഷത്തെ കടമുറികൾ, ബങ്കുകൾ എന്നിവ ലേലം ചെയ്ത് ലേലം അംഗീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/12.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-1 വാടക ഇനത്തിലെ വരവ് പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വരവുകൾ ഉള്ളതായി കാണുന്നു. ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|
| 130100200 | ടൗൺഹാളിൽ നിന്നുള്ള വാടക | 1500 |
| 130100300 | സ്റ്റേഡിയത്തിൽ നിന്നുള്ള വാടക | 1000 |
| 130101100 | കോൺഫറൻസ് ഹാളിൽ നിന്നുള്ള വാടക | 168050 |
| 130800900 | Other Rents | 5945639 |

മേൽ അപാകം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/16.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിലെ വരവ് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-11-2 വാടക ലേല ഇനത്തിലെ വരവ്-രജിസ്റ്ററിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

1) ലേല രജിസ്റ്റർ, റെന്റ് രജിസ്റ്റർ എന്നിവയിലെ റെന്റ്, ലേലം സംക്ഷിപ്തത്തിൽ കളക്ഷൻ 5139130 രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ റെന്റ്, ലേല രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഓരോ വരവുകളും കൂട്ടി നോക്കുമ്പോൾ ആകെ വരവ് 5,464,132 (ലേലം - 2,985,665, ബങ്ക് - 3,93,352, കടമുറി റെന്റ് - 2085115) രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) ലേല രജിസ്റ്ററിൽ സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല. ലേല രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ റെന്റ് രജിസ്റ്ററിലെ സംക്ഷിപ്തത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്, ആയത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/17.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ/മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പിരിവ് - വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-12-1 നഗരസഭയിലെ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച് നികുതി പിരിവ് ആരംഭിച്ചിട്ടില്ല

നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2016 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. സ.ഉ(സാധാ)നം.540/2019/തസ്വഭവ തീ. 06.03.2019 പ്രകാരം നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. . എന്നാൽ നഗരസഭയിലെ വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെ വിവിധ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | ARV/ പ്ലിന്ത് ഏരിയ പ്രകാരമുള്ള വാർഷിക നികുതി |
|---|---|---|---|---|---|
| 1 | 1/91/2 | ഹർഷ | വാണിജ്യാവശ്യം | രേഖപ്പെടുത്തിയിട്ടില്ല | 1430 |
| 2 | 1/411/1 | സജിദ്ഹ സൈൻ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1026 |
| 3 | 30/3/1 | സതീഷ് ചന്ദ്രിക | വാണിജ്യാവശ്യം | രേഖപ്പെടുത്തിയിട്ടില്ല | 1008 |
| 4 | 30/244/3 | ഭുവനേന്ദ്രദാസ് | വാണിജ്യാവശ്യം | രേഖപ്പെടുത്തിയിട്ടില്ല | 34717 |
| 5 | 31/187/3 | മോഹനൻ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1274 |
| 6 | 31/187/4 | മോഹനൻ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1453 |
| 7 | 31/342/1 | രവീന്ദ്രൻ പിള്ള | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1181 |

മേൽ കെട്ടിടങ്ങളിൽ ക്രമ നമ്പർ 1),2) പ്രകാരമുള്ള കെട്ടടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിക്കുന്നതാണെന്നും ക്രമ നമ്പർ 3) മുതൽ 8) വരെയുള്ള കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രിയിലെ അപാകം പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/16.01.2024 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്.
നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-2 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭയിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളെ 1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തു നികുതി നിർണയം നടത്തിയെങ്കിലും നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 24/23/2 | ഗോപാലൻ മേസ്ത്രി | പാർപ്പിടം | 102.8 $M^2$ |
| 2 | 31/194/1 | സിറാജ്ജുദ്ദീൻ | പാർപ്പിടം | 130 $M^2$ |
| 3 | 28/172 | തുളസീദാസ് | പാർപ്പിടം | 226.22 $M^2$ |
| 4 | 27/31/1 | ബാബു. | പാർപ്പിടം | 68.25 $M^2$ |
| 5 | 27/219 Gh | ശശിധരൻ | പാർപ്പിടം | 122.16 $M^2$ |

നഗരസഭയിലെ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികൾ നടത്തി ഡേറ്റാ എൻട്രി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/16.01.2024 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-3 കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യാതെ കളക്ഷൻ രേഖപ്പെടുത്തുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് .സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തു നികുതി നിർണയം നടത്തിയ വിവിധ കെട്ടിടങ്ങളുടെ വാർഷിക ഡിമാന്റ് തുക രേഖപ്പെടുത്താതെ (ഡിമാന്റ് തുക 0)കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പിരിച്ചെടുത്ത തുക നിലവിൽ അഡ്വാൻസ് ഇനത്തിൽ നില നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 3/127/1 | അബ്ദുൽഹസ്സൻ | പാർപ്പിടം | 94.79 $M^2$ | 353 |
| 2 | 4/210 | മുരളീധരൻ | പാർപ്പിടം | 180.84 $M^2$ | 1254 |
| 3 | 9/79 | ശശാങ്കൻ, ഇന്ദുരാജ്ശശാങ്കൻ | പാർപ്പിടം | 199.62 $M^2$ | 10773 |
| 4 | 11/166/Lk | എം.എച്ച് റഹീം ഷൈല | പാർപ്പിടം | 239.46 $M^2$ | 9582 |
| 5 | 20/227 | ലക്ഷ്മി കെ | പാർപ്പിടം | 80 $M^2$ | 780 |

നഗരസഭയിലെ കെട്ടിടങ്ങളുടെ മേൽ അപാകങ്ങൾ പരിഹരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 29/17.01.2024 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12-4 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് നൽകുന്നു.

നഗരസഭയിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളെ 2011ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 235 പ്രകാരം വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തി നികുതി പൂർണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ വിവരണം പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളവയാണ് . വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | വിസ്തീർണ്ണം | കെട്ടിടത്തിന്റെ വിവരണം |
|---|---|---|---|---|
| 1 | 1/17 | ദയാവതി | 85 $M^2$ | 3 -Room,Kitchen,Varanda |
| 2 | 8/147/1 | ഷൈനി | 44.75 $M^2$ | Sitout,Drawing,2 Bedroom,Kitchen,Toilet |
| 3 | 4/148/1 | നസിയ | 47 $M^2$ | GF Hall,2 Bedroom,Kitchen,Toilet |
| 4 | 15/227 | ശ്യാമള | 50 $M^2$ | 2 Room,Kitchen |
| 5 | 16/146/3 | നസീജ ബീവി | 59.94 $M^2$ | 2 Room,Hall,Kitchen,Bathroom |
| 6 | 17/289 | മോളി | 41.25 $M^2$ | GF Hall,2 Bedroom,Dining,Kitchen,Wa |
| 7 | 17/105 | അംബിക | 50 $M^2$ | 3 Bedroom,Varandha,Kitchen,Bathroom |

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികളുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി നടത്തിയതിലെ പിഴവ് മൂലമാണ് മേൽ അപാകത സംഭവിച്ചിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 30/17.01.2024) ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12-5 പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ വിവിധ കെട്ടിടങ്ങൾക്ക്

തെറ്റായ നികുതി നിർണയം നടത്തി എന്ന കാരണത്താലും , മുൻകാലങ്ങളിൽ പൊളിച്ച് നീക്കിയ വിവിധ കെട്ടിടങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാലും പ്രസ്തുത കെട്ടിടങ്ങൾക്ക് മുൻകാലങ്ങളിൽ ഡിമാന്റ് ചെയ്ത നികുതി സഞ്ചയയിൽ നിന്നും പൂർണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത കുടിശ്ശിക നിലവിൽ നിലനിൽക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | Ward No | Door No | File No | File Date | Owner Name | Building Usage | Floor Area | Demolished Period | Exempted Tax | Signed Date |
|---|---|---|---|---|---|---|---|---|---|---|
| 1 | 30 | 224/5 | R1 15735/22 | 26/12/2022 | Mohandas | വാണിജ്യാവശ്യത്തിന | 334.45 | 20142 | 319593 | 26/12/2022 |
| 2 | 19 | 240 | R1 3221/22 | 23/04/2022 | Sunil Kumar C, S.Geetha Rajan | പാർപ്പിടാവശ്യം | 112.8 | 20161 | 2526 | 27/04/2022 |
| 3 | 25 | 285 | R1 9615/21 | 30/04/2022 | Rajesh.R | പാർപ്പിടാവശ്യം | 30 | 20192 | 234 | 30/04/2022 |
| 4 | 16 | 380/1 | R2/135/91/21 | 18/08/2022 | Sureshkumar | പാർപ്പിടാവശ്യം | 226.29 | 20172 | 15100 | 19/09/2022 |
| 5 | 18 | 563 | R1 12865/17 | 23/09/2022 | Abdul Shukoor.U | പാർപ്പിടാവശ്യം | 112 | 20172 | 423 | 28/09/2022 |
| 6 | 2 | 526 | R2/719/22 | 18/08/2022 | Muhammed Amjathq | പാർപ്പിടാവശ്യം | 121.76 | 20172 | 6603 | 07/10/2022 |
| 7 | 8 | 264 | R1/12422/19 | 05/11/2019 | Vasanthi P | പാർപ്പിടാവശ്യം | 20 | 20201 | | 15/10/2022 |
| 8 | 16 | 153 | R2/14337/21 | 18/11/2022 | Sree Ramachandran . G | പാർപ്പിടാവശ്യം | 149.66 | 20141 | 15531 | 21/11/2022 |
| 9 | 31 | 298 | R1 1003/22 | 03/11/2022 | Thankamma | പാർപ്പിടാവശ്യം | 36 | 20161 | 380 | 28/11/2022 |
| 10 | 28 | 15 | R1 13102/22 | 21/12/2022 | K.Muraleedharan Nair | പാർപ്പിടാവശ്യം | 40 | 20121 | 565 | 22/12/2022 |
| 11 | 30 | 167 | R2 14867/14 | 21/12/2022 | Gopakumar .Deepa | പാർപ്പിടാവശ്യം | 48 | 20142 | 2637 | 22/12/2022 |
| 12 | 29 | 216 | R1 13102/22 | 21/12/2022 | Bhargavi Amma. B | പാർപ്പിടാവശ്യം | 46 | 20142 | 473 | 22/12/2022 |
| 13 | 19 | 290 | R1 14591/21 | 19/04/2022 | Rama Krishnanachari | പാർപ്പിടാവശ്യം | 18 | 20142 | 903 | 27/04/2022 |
| 14 | 28 | 341 | R1 16197/22 | 19/01/2023 | Sasidharan | പാർപ്പിടാവശ്യം | 165 | 20162 | 813 | 23/01/2023 |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതുമായി ബന്ധപ്പെട്ട ഫയലിൽ ക്രമ നമ്പർ 5,7,11 പ്രകാരമുള്ള കെട്ടിടങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധ രേഖകളും സൂക്ഷിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 17/16.01.2024) ലഭിച്ച മറുപടിയിൽ ക്രമ നമ്പർ 5,7,11 പ്രകാരമുള്ള കെട്ടിടങ്ങൾ മുൻകാലങ്ങളിൽ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളാണെന്നും ആയത് സഞ്ചയയിൽ യഥാസമയം രേഖപ്പെടുത്തൽ നടത്താത്തത് കാരണമാണ് തൻവർഷം രേഖപ്പെടുത്തൽ വരുത്തിയത് എന്നുമാണ് അറിയിച്ചത്.
പിരിച്ചെടുക്കാനാകാത്ത മേൽ നികുതി കുടിശ്ശികൾ വാർഷിക ധനകാര്യപത്രികയിൽ നിന്നും നീക്കം ചെയ്യുന്നതിനായി 1999 ലെ കേരള മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-6 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിസ്തീർണം തെറ്റായി രേഖപെടുത്തി ഇളവ് നൽകുന്നു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ മേൽ ഉത്തരവിലെ ഇളവ് രേഖപ്പെടുത്തി വാർഷിക നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിട ഉടമ | വിസ്തീർണം (ച.മീ) |
|---|---|---|---|---|
| 1 | 24 | 75 | രത്നമ്മ.ആർ | 70 |
| 2 | 22 | 190 | ശിവദാസൻ | 68 |

നഗരസഭയിലെ കെട്ടിടങ്ങളുടെ അപാകങ്ങൾ പരിഹരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 31/17.01.2024 ന് ലഭിച്ച മറുപടിയിൽ ഡാറ്റാ എൻട്രിയിൽ വന്ന പിഴവാണെന്നും ആയത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-7 നാളികേര വികസന കോർപ്പറേഷൻ ഓഫീസിന്റെ നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ പരിധിയിലുള്ള മാമം നാളികേര കോംപ്ലക്സിന്റെ വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ പ്ലാന്റും പ്രവർത്തിക്കുന്നതിനായി അനുവദിച്ചിട്ടുള്ള കെട്ടിട നമ്പർ 16/396 മുതൽ 16/412 വരെയുള്ള കെട്ടിടങ്ങളുടെ 2022-23 വർഷത്തെ നികുതി കുടിശ്ശിക 4311244/- രൂപയാണ്. പ്രസ്തുത തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (58/20.01.2024) മറുപടി ലഭ്യമാക്കിയില്ല.
കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-8 ടെലഫോൺ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

താഴെപ്പറയുന്ന വിവിധ ടെലഫോൺ ടവറുകളുടെ 2022-23 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉടമ/സ്ഥാപനം | 2022-23 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | 1/409/2 | M/S Indus Towers Limited | 198166 |
| 2 | 2/497 | Deputy General Manager.IndustowersLtd. | 39804 |
| 3 | 2/513/ | Reliance Infratal Ltd. | 179540 |
| 4 | 3/366/1 | Indus Towers NH47 | 21422 |
| 5 | 9/31/2 | Indus Tower LTD | 18902 |
| 6 | 10/149/2 | Aircell Dishnet Wireless Ltd | 152445 |
| 7 | 11/880/1 | Indus Towers Limited | 41666 |
| 8 | 12/462 | MubilecommunicationLtd. | 323225 |
| 9 | 15/352/1 | Telecom Civil Sub Divisional Engineer | 148398 |
| 10 | 16/221/7 | Viom Net Works | 28960 |
| 11 | 17/36/1 | Aircel Mobile Tower | 113287 |
| 12 | 17/492/2 | Dishnet Wireless Ltd | 100428 |
| 13 | 18/619/ | Tata Tele Services Ltd | 165074 |
| 14 | 20/199/1 | Aircel Dishnet Wireless Ltd | 117563 |
| 15 | 20/389/ | V.K.Rajan | 117367 |
| 16 | 21/460/1 | Sub Divisional Engineer,BSNL Telecom | 293397 |
| 17 | 23/113/2 | Manager Indus Towers Ltd | 129478 |
| 18 | 23/346/2 | Indus Towers Ltd | 26826 |
| 19 | 24/416/1 | Wireless T.T Info Services Ltd | 22635 |
| 20 | 26/1228/1 | Dishnet Wireless L.T.D(AIRCEL) | 88137 |
| 21 | 28/375/2 | BSNL,Sub Divisional Engineer | 293397 |
| 22 | 30/515/ | Biju.T.Nair | 180054 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 42/18.01.2024) ലഭിച്ച മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.
പട്ടികയിലെ ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-9 വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം സാമ്പത്തിക വർഷാവസാനത്തിൽ ലൈബ്രറി സെസ് ഉൾപ്പെടെ വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് 32309546/- രൂപ{ Receivables For Property Taxes (Current) 13,642,598+Receivables For Property Taxes (Arrears) 18,666,948.00 }പിരിച്ചെടുക്കാനുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ തനത് നികുതി പിരിവ് 90 % പൂർത്തിയാക്കാത്ത കാരണത്താൽ നഗരസഭക്ക് 2022-23 വർഷത്തിൽ ലഭിക്കേണ്ട പൊതു വിഭാഗം ഫണ്ടിൽ നിന്നും 1 % തുക കറവ് ചെയ്തിട്ടുണ്ട്(സ.ഉ.(സാധാ) നം.1049/2023/ധന. തീയതി, 13.02.2023). നികുതി പിരിവ് വർദ്ധിപ്പിക്കാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 64/20.01.2024) ലഭ്യമാക്കിയിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും പ്രസ്തുത നടപടി ആദ്യം ആരംഭിക്കാമായിരുന്നതായ തീയതി മുതൽ മൂന്നു കൊല്ലം കഴിഞ്ഞതിന് ശേഷം ആരംഭിക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ തുകകൾ കാലഹരണപ്പെടാതെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-10 സൈറ്റ് പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിവരവും സഞ്ചയയിലെ വിവരവും പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| ഫയൽ നമ്പർ | R2/PWA/12374/22 |
| കെട്ടിട ഉടമ | ശ്രീ.ജസ്റ്റിൻ |
| കെട്ടിട നമ്പർ | 15/91(1) |
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| വിസ്തീർണം | 31.51 $M^2$ |

വാണിജ്യാവശ്യത്തിനുള്ള നിർമ്മാണം ക്രമവത്കരിക്കുന്നതിനാണ് മേൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 15/91 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 204.38 ച.മീറ്ററാണ്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 192 ച.മീ വിസ്തീർണ്ണം മാത്രം ഉൾപ്പെടുത്തിയാണ് നികുതി കണക്കാക്കിയത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 64/20.01.2024ന് മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടത്തിന്റെ നികുതി പുനർ നിർണയിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12-11 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് രേഖപ്പെടുത്തുന്നില്ല.

| | |
|---|---|
| ഫയൽ നമ്പർ | R2/PW2/16222/22 |
| കെട്ടിട ഉടമ | ശ്രീ.അനീഷ് കെ.ജെ |
| കെട്ടിട നമ്പർ | 17/253/3,4,5,6 |
| ഉപയോഗക്രമം | പാർപ്പിടം |
| വിസ്തീർണം | 363.38 $M^2$ |

2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മേൽ കെട്ടിടത്തിന്റെ നികുതി നിർണയിച്ച ഫാറം നമ്പർ 6 -ൽ , കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരത്തിന്റെ അടിസ്ഥാനത്തിൽ 15 % നികുതി വർദ്ധനവ് ഉൾപ്പെടുത്തേണ്ടതാണ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം കെട്ടിടത്തിന്റെ നികുതി നിർണയം നടത്തിയപ്പോൾ 15 % വർദ്ധനവ് രേഖപ്പെടുത്താതെയാണ് വാർഷിക നികുതി കണക്കാക്കിയത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 69/29.01.2024ന് ലഭ്യമാക്കിയ മറുപടിയിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നമ്പർ വിഭജിച്ച് നൽകുമ്പോൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടത്തിന്റെ നികുതി വർദ്ധനവ് രേഖപ്പെടുത്താൻ കഴിയുന്നില്ലെന്നും കെ സ്മാർട്ട് സോഫ്റ്റ്‌വെയർ

മുഖേന പ്രസ്തുത അപാകം പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
കെട്ടിടത്തിന്റെ നികുതി പുനർ നിർണയം നടത്തി നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി- വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്ട് ,വകുപ്പ് 245,പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13-1 തൊഴിൽ നികുതി രജിസ്റ്ററും നികുതി നിർണയ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

**A) നഗരസഭ പരിധിയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 വർഷത്തെ വിവിധ കാലയളവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. നഗരസഭയിലെ ആദ്യ 15 വാർഡുകൾ മാത്രം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | I | ഹാപ്പി മാർട്ട് & മാർജിൻ ഫ്രീ മാർക്കറ്റ് | രണ്ടാം അർദ്ധവർഷം |
| 2 | I | ഇൻഡസ് മാരുതി സുസുകി | I&II അർദ്ധവർഷം |
| 3 | I | കുഴിമന്തി ആലംകോട് | രണ്ടാം അർദ്ധവർഷം |
| 4 | II | ക്ലാസിക് ഹാർഡ്‌വെയർ | I&II അർദ്ധവർഷം |
| 5 | II | ഡെലിവറി പ്രൈവറ്റ് ലിമിറ്റഡ് | I&II അർദ്ധവർഷം |
| 6 | III | സുന്ദരം അയ്യങ്കാർ & സൺസ് ടി.വി.എസ് | രണ്ടാം അർദ്ധവർഷം |
| 7 | IV | കേച്ചേരി ചിട്ട്സ് പ്രൈ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 8 | IV | ബ്രൈറ്റ് ഹോട്ടൽ | I&II അർദ്ധവർഷം |
| 9 | IV | ലെൻസ് കാർട്ട് | I&II അർദ്ധവർഷം |
| 10 | VII | ഗ്രാമക്ഷീര സംഘം | I&II അർദ്ധവർഷം |
| 11 | VIII | KSEBL അവനവൻചേരി | രണ്ടാം അർദ്ധവർഷം |
| 12 | X | ആമി ഫാർമ | I&II അർദ്ധവർഷം |
| 13 | XI | സപ്ലൈക്കോ മാവേലി മെഡിക്കൽസ് | രണ്ടാം അർദ്ധവർഷം |
| 14 | XI | വൈശാഖ ലൈൻ ഹൗസ് | I&II അർദ്ധവർഷം |
| 15 | XI | പൂജ ഹൈപ്പർ ഷോപ്പി | രണ്ടാം അർദ്ധവർഷം |
| 16 | XI | ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ട് | രണ്ടാം അർദ്ധവർഷം |
| 17 | XI | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 18 | XI | പൂജ കളക്ഷൻസ് | രണ്ടാം അർദ്ധവർഷം |
| 19 | XI | ഫിസ ഗാർമെന്റ്സ് | രണ്ടാം അർദ്ധവർഷം |
| 20 | XII | മുത്തൂറ്റ് ഫിൻ പ്രൈ ലിമിറ്റഡ് | I&II അർദ്ധവർഷം |
| 21 | XII | സ്പീച്ച് & ഹിയറിംഗ് സെന്റർ | I&II അർദ്ധവർഷം |
| 22 | XII | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | I&II അർദ്ധവർഷം |
| 23 | XV | ഇൻസ്റ്റകാർട്ട് പ്രൈ ലിമിറ്റഡ് | I&II അർദ്ധവർഷം |

**B)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

തൊഴിൽ നികുതി(ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡേഴ്സ്) രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തെ വിവിധ കാലയളവിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭയിലെ 22 മുതൽ 25 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം | പേര്, സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | XXII | എ.എസ് രാജു, പ്രകൃതി പ്രോവിഷണൽ | രണ്ടാം അർദ്ധവർഷം |
| 2 | XXII | മോഹനൻ നായർ, പ്രൊവിഷണൽ സ്റ്റോർ | I&II അർദ്ധവർഷം |
| 3 | XXII | ഷാഹുൽ ഹമീദ് , ന്യൂ രുചി ചിപ്പ്സ് | I&II അർദ്ധവർഷം |
| 4 | XXII | അനിൽ കുമാർ , റിയൽ അലൂമിനിയം | രണ്ടാം അർദ്ധവർഷം |
| 5 | XXII | ജലജ, ശ്രീ ഭദ്ര ഹാർഡ്‌വെയർ | I&II അർദ്ധവർഷം |
| 6 | XXIII | ബേബിയമ്മ, ആയുർവേദം | I&II അർദ്ധവർഷം |
| 7 | XXIII | സതീഷ് ചന്ദ്രൻ, ഷോപ്പ് | I&II അർദ്ധവർഷം |

| | | | |
|---|---|---|---|
| 8 | XXIII | ലക്ഷ്മി, ടെക്ലോക്രാഫ്റ്റ് | I&II അർദ്ധവർഷം |
| 9 | XXIV | മുഹമ്മദ് ഫൈസൽ,ഇക്കോ ഫ്രണ്ട്ലി ഷോപ്പ് | I&II അർദ്ധവർഷം |
| 10 | XXIV | എം ബേബി, ഗ്രാനൈറ്റ് മാർബിൾ | I&II അർദ്ധവർഷം |
| 11 | XXIV | നജ്മൽ സലിം, മൊബൈൽ സർവ്വീസ് | I&II അർദ്ധവർഷം |
| 12 | XXIV | ഹസീന, ചിക്കൻ കട്ടിംഗ് | I&II അർദ്ധവർഷം |
| 13 | XXIV | ജയലക്ഷ്മി, പാലസ് ഹോട്ടൽ | I&II അർദ്ധവർഷം |
| 14 | XXV | ശ്രീനാഥ് ബി, ഭാസ്കർ സ്റ്റുഡിയോ | I&II അർദ്ധവർഷം |
| 15 | XXV | വിനോദ് കുമാർ, സോഫ്റ്റ് ഡ്രിംക്സ് | I&II അർദ്ധവർഷം |
| 16 | XXV | രാധാമണി, ഹാപ്പി ഫാൻസി | I&II അർദ്ധവർഷം |
| 17 | XXV | ജ്യോതി ലാൽ, ശ്രീഹരി ഡന്റൽ ക്ലിനിക്ക് | I&II അർദ്ധവർഷം |
| 18 | XXV | പവിത്രൻ, കയർഫെഡ് | I&II അർദ്ധവർഷം |
| 19 | XXV | ഷൈജ ഷിഹാബ്, ടയർ ഷോപ്പ് | രണ്ടാം അർദ്ധവർഷം |
| 20 | XXV | ഭാസ്കരപിള്ള, AFPT ഇൻസ്റ്റിറ്റ്യൂട്ട് | രണ്ടാം അർദ്ധവർഷം |

**C)അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കുന്നില്ല.**

സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി ഫാറം.VII പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2022-23 ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര്/ ഉദ്യോഗപ്പേര് | ആകെ അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|
| ബെൽസ്റ്റാർ മൈക്രോ ഫിനാൻസ് ലിമിറ്റഡ് | അജിത് എസ്, സെയിൽസ് ഓഫീസർ | 76938 | 750 | 450 | 300 |
| | അഞ്ജന എൽ സെയിൽസ് ഓഫീസർ | 79500 | 750 | 450 | 300 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/10.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതായി നിലവിൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടെന്നും ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം ഡിമാന്റ് രജിസ്റ്ററിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി കുറവ് ഒടുക്കിയ സ്ഥാപനത്തിനും നികുതി ഒടുക്കാത്ത മറ്റ് സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയതായും അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരിശോധന അതത് അർദ്ധ വർഷം തന്നെ നടപ്പാക്കേണ്ടതും സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാന പത്രികകൾ യഥാസമയം സൂക്ഷമപരിശോധന നടത്തേണ്ടതുമാണ്. കൂടാതെ നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് തൊഴിൽ നികുതി ഒടുക്കു വരുത്താത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-13-2 അഭിഭാഷകർ, ഡോക്ടർമാർ,പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട് ,വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിയിലുള്ള മേൽ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുകയോ നോട്ടീസ് നൽകി 2019-20 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/11.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭ പരിധിയിൽ മേൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13-3 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 കേരള മുനിസിപ്പൽ ആക്ട് ,വകുപ്പ് 245 ,2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3

(10) പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/11.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ മേൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-13-4 വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 ,2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടാർവാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2022-23 വർഷം ഇപ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/11.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-13-5 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികയിൽ ക്രമ നമ്പർ 54പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ട്രേഡേഴ്സ് ലിസ്റ്റിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/11.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനും കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

### 1-13-6 ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2022-23 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/11.01.2024ന് മറുപടി ലഭ്യമാക്കിയില്ല.
നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി കുടിശ്ശികയടക്കം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

### 1-14 വിനോദ നികുതി - തുടർച്ചയായ വർഷങ്ങളിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വിനോദനികുതി ഇനത്തിൽ നഗരസഭയിൽ 1677899/- രൂപയുടെ വരവുണ്ട്. പ്രസ്തുത വരവുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്റർ എന്നിവ ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ലഭ്യമാക്കിയ ഫയൽ അപൂർണമാണ്). വിനോദ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല. ഓഡിറ്റിന് ഇപ്രകാരം രേഖകൾ ലഭ്യമാക്കാത്തത് നഗരസഭയുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/16.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-15 ലേലം : കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

1) 2022-23 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ലേലമിനത്തിൽ തുക പിരിച്ചെടുക്കുവാനുണ്ട്. കുടിശ്ശിക വരുത്തിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേലം/ ക്വട്ടേഷൻ ഇനം | ലേലം കൊണ്ട വ്യക്തി | ലേല ത്തുക | തുക ഒടുക്കിയ വിശദാം ശങ്ങൾ (GST, ഒഴികെ ) | കരാർ, സോൾവൻസി സർട്ടിഫി ക്കറ്റിന്റെ വിവരങ്ങൾ | ഒടുക്കാനവശേ ഷിക്കുന്ന തുക/ തുടർ നടപടി വിവരം | ലേലം- തീയതി, തീരുമാനം നമ്പർ |
|---|---|---|---|---|---|---|---|
| 1 | ആലംകോട് മാർക്കറ്റ് | മുഹമ്മദ് അലി, ആസിഫ് മൻസിൽ | 27,50,000 | 1,422,665 | സോൾവൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 1,327,335 | ലഭ്യമായില്ല, 4 / 16.04.2022 |
| 2 | ആറ്റിങ്ങൽ മാർക്കറ്റ് | അജികുമാർ, ശങ്കരവിലാസം | 400,000 | 188,000 | സോൾവൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 212,000 | ലഭ്യമായില്ല, 4 / 16.04.2022 |
| 3 | അവനവൻചേരി മാർക്കറ്റ് | ആൽവിൻ എസ്. ആർ, ലെവ്ലെറ്റ് | 110,100 | 21,000 | സോൾവൻസി സർട്ടിഫിക്കറ്റ്, കരാർ ആയവ ലഭ്യമാക്കിയില്ല | 89,100 | ലഭ്യമായില്ല, 4 / 16.04.2022 |
| 4 | മാമം കന്നുകാലി ചന്ത | അക്ബർ, ഇലിപ്പകുളത്ത് വീട് | 92,000 | 3000 | സോൾവൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 89,000 | 18.02.2022, 8 / 07.02.2022 |
| 5 | സ്ലാട്ടർഹൗസ് | മുഹമ്മദലി, ആസിഫ് മൻസിൽ | 650,000 | 162,500 | സോൾവൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 487500 | ലഭ്യമായില്ല, 4 / 16.04.2022 |
| 6 | കംഫർട്ട് സ്റ്റേഷൻ | ഷാജി. സി | 450,000 | 168,750 | സോൾവൻസി സർട്ടിഫിക്കറ്റ്, കരാർ ആയവ ലഭ്യമാക്കിയില്ല | 281,250 | ലഭ്യമായില്ല, 4 / 16.04.2022 |
| 7 | മാമം ഗ്രൗണ്ടിലെ ഡ്രൈവിംഗ് പരിശീലനം | ചന്ദ്രബാബു, വിളയിൽകന്നംപുറത്തു വീട് | 75,000 | 18,750 | സോൾവൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 56,250 | 18.02.2022, 8 / 07.02.2022 |

പുനർലേലം നടത്തിയ ആലംകോട് മാർക്കറ്റ്, ആറ്റിങ്ങൽ മാർക്കറ്റ്, അവനവൻചേരി മാർക്കറ്റ്, സ്ലാട്ടർഹൗസ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ലേല ഡയറി ലഭ്യമാക്കിയിട്ടില്ല.

2) 2022-23 ലെ ആറ്റിങ്ങൽ നഗരസഭയുടെ ലേല വ്യവസ്ഥകളിലെ 9 ഖണ്ഡിക പ്രകാരം ലേല സംഖ്യയുടെ ¼ ഭാഗം ജാമ്യ സംഖ്യയായി അടവാക്കേണ്ടതാണ്. എന്നാൽ ശ്രീ. ആൽവിൻ എസ്. ആർ, ശ്രീ. അക്ബർ എന്നിവർ ആയത് കൃത്യമായി അടവാക്കിയിട്ടില്ല.

| ക്രമ നം | ലേലം/ ക്വട്ടേഷൻ ഇനം | ലേലം കൊണ്ട വ്യക്തി | ലേലത്തുകയുടെ ¼ ഭാഗം | അടവാക്കിയ തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | അവനവൻചേരി മാർക്കറ്റ് | ആൽവിൻ എസ്. ആർ, ലെവ്ലെറ്റ് | 27,525 | 21,000 | 6525 |
| 2 | മാമം കന്നുകാലി ചന്ത | അക്ബർ, ഇലിപ്പകുളത്ത് വീട് | 23,000 | 3000 | 20,000 |

കുടിശ്ശിക തുക പിരിച്ചെടുക്കുവാനും ജാമ്യ സംഖ്യ, സോൾവൻസി സർട്ടിഫിക്കറ്റ്, കരാർ എന്നിവ ലേലവ്യവസ്ഥ പ്രകാരം സമർപ്പിക്കാത്തവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/12.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ദുരന്തനിവാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ)156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീകരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5) ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

ഇത്തരം പരിപാടികൾ 2022-23 വർഷം മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.3/10.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തീ. 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.8.8 പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുമുള്ള വെതർസ്റ്റേഷൻ ഓരോ നഗരസഭാ പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ ഉറപ്പായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. ആയതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസ നിധി നിലവിൽ പ്രവർത്തനരഹിതം

1994 -ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും 2003-ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരവും പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തിര ധനസഹായം നൽകുന്നതിന് ഓരോ നഗരസഭകളും ഓരോ പ്രമേയം വഴി മുൻസിപ്പൽ ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.46/18.01.24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭ ചെയർമാന്റെ പേരിൽ ആറ്റിങ്ങൽ ഫെഡറൽ ബാങ്കിൽ 05.07.2019 മുതൽ അക്കൗണ്ട് പരിപാലിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ 14010100218547 നം. അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 11.06.2021 ന ശേഷം ടി അക്കൗണ്ടിൽ ട്രാൻസാക്ഷൻ ഇല്ലായെന്ന കണ്ടു (പലിശയുടെ വരവു മാത്രമാണ് ആകെയുള്ള ട്രാൻസാക്ഷൻ). നിലവിൽ ദുരിതാശ്വാസനിധി അക്കൗണ്ടിലെ നീക്കിയിരിപ്പ് 115191 രൂപയാണ്. ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം നഗരസഭ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ചട്ടം 5(1) പ്രകാരം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ 2021-22 വർഷം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല.

| ക്രമ നം | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര്/വിലാസം |
|---|---|---|---|
| 1 | 10/125 | കോളേജ് ഓഫ് ഇംഗ്ലീഷ് | ജി. വിജയകുമാരൻ, TC.25/3332 |
| 2 | 11/643 | ഗ്രാവിറ്റി എൻജിനീറിംഗ് അക്കാഡമി | പ്രജിത്ത് പ്രസാദ്, അവിട്ടം |

| | | | |
|---|---|---|---|
| 3 | 18/284 | ഓക്സ്ഫോർഡ് കംപ്യൂട്ടേഴ്സ് | എം. റസൂലുദ്ദീൻ, ജന്നത്ത് |
| 4 | 18/282 | ആചാര്യ എൻട്രൻസ് അക്കാഡമി | റെയ്യ ദിവ, നീലാംബരി |
| 5 | 26/1430 | പ്രാക്ടിക്കൽ അക്കൗണ്ടിംഗ് സെന്റർ | വിശാൽ പി. എസ്. , ഇടത്തട്ടിൽ വീട് |
| 6 | 26/931 | ആസ്പയർ | അജയകുമാർ കെ. , അജിത്ത് നിവാസ് |
| 7 | 26/1118 | വിന്റ്സോഫ്റ്റ് | ഗിരികുമാർ ഡി. , അശ്വതി |
| 8 | 26/899 | ആത്മ പ്രൊഫഷണൽ ക്യാമ്പസ് | വിശാഖ് എസ്. , കിഴക്കേടത്ത് വീട് |

മേൽ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 73/22.01.24 ന് മറുപടിയായി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഫൈൻ ഉൾപ്പടെയുള്ള തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
രജിസ്ട്രേഷൻ തുക ഫൈനോട് കൂടി ഈടാക്കി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

2022-23 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം ചുവടെ ചേർക്കുന്ന കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | കുടിശ്ശിക |
|---|---|---|
| 431100200 | Receivables For Property Taxes (Arrear) | 18666948 |
| 431190102 | Receivables For Profession Tax-Institutions/Professionals/Traders (Arrears) | 619696 |
| 431190202 | Receivables For Advertisement Tax (Arrears) | 179578 |
| 431300202 | Receivables For Licence Fees (Arrears) | 10507 |
| 431400108 | Rent Receivables From Lease Of Lands (Arrears) | 7916 |
| 431400102 | Rent Receivable From Civic Amenities (Arrear) | 7624941 |
| 431409902 | Other Receivable (Arrear) | 76484357 |

തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കണമെന്ന് 1.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം. 117/2022/LSGD പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

ബി) നികുതി, നികുതിയേതര വരുമാനത്തിന്റെ അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം, സർക്കാർ ഉത്തരവ് പ്രകാരം പാലിക്കേണ്ട കുടിശ്ശിക രജിസ്റ്റർ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.75/22.01.24 ന് ലൈസൻസ് ഫീസിനത്തിലെ കുടിശ്ശിക ഈടാക്കുന്നതിന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നതായി മറുപടി നൽകിയിരിക്കുന്നു. എന്നാൽ കുടിശ്ശിക രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-21 ക്രിമറ്റോറിയം പ്രവർത്തനം സംബന്ധിച്ച്-

നഗരസഭ ലഭ്യമാക്കിയ 2022-23 വർഷത്തെ ക്രിമറ്റോറിയത്തിൽ നിന്നുള്ള വരവ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1)** അപേക്ഷകരിൽ നിന്നും പണം സ്വീകരിക്കുന്നുണ്ടെങ്കിലും 2022 നവംബർ മാസം വരെ ലഭ്യമായ (ക്രമനം. 126 വരെ) 32,250 രൂപയ്ക്ക് രസീത് നൽകിയതിന്റെയും ടി തുക നഗരസഭയിൽ ഒടുക്കിയതിന്റെയും വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

**2)** 2022-23 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ക്രിമറ്റോറിയം ഫീസ് (Head Code – 140502000) ഇനത്തിൽ 17,000 രൂപ കാണുന്നു. എന്നാൽ രജിസ്റ്ററുകളുടെ പരിശോധന പ്രകാരം ആകെ വരവ് 48,000 രൂപയാണ്.

**3)** രജിസ്റ്ററിലെ ക്രമ നം.15, ക്രമ നം. 30, ക്രമ നം. 33 എന്നിവ പ്രകാരം സംസ്കരിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുകയും, എന്നാൽ തുക ഒന്നും തന്നെ ഈടാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരിൽ നിന്നും ഫീസ് ഈടാക്കാത്തതിനുള്ള കാരണം വ്യക്തമല്ല.

അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.63/20.01.24 ന് മറുപടിയായി കരാറിന്റെ പകർപ്പും കൗൺസിൽ തീരുമാനവും ലഭ്യമാക്കിയിട്ടുണ്ട്.

ക്ലറിക്കൽ പിഴവ് മൂലം വാർഷിക ധനകാര്യ പത്രികയിൽ തുക ഒടുക്കുന്ന ഹെഡ്കോഡ് മാറിപ്പോയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മാറി ഒടുക്കിയ തുക എത്രയാണെന്നും ഏത് ഹെഡ്കോഡിലാണ് ഒടുക്കിയതെന്നും വിശദമാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷം ക്രിമറ്റോറിയത്തിൽ നിന്നും ആകെ വരവായി ലഭിച്ച തുകയുടെ ആധികാരിക രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 ഹോമിയോ ആശുപത്രി ചെലവ് രേഖകൾ ഹാജരാക്കിയില്ല – 27943 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിയ്ക്ക് കറണ്ട് വെള്ളക്കരം ടെലിഫോൺ ചാർജ്ജ് ഒടുക്കൽ |
| പദ്ധതി നമ്പർ | 86/23 |
| പദ്ധതി അടങ്കൽ | 100000 (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| പദ്ധതി ചെലവ് | 100000 (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ഹോമിയോ ആശുപത്രി |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഹോമിയോ ആശുപത്രിയുടെ കറണ്ട് ചാർജ്ജ്, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ് എന്നിവ ഒടുക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. സുലേഖ ചെലവ് പത്രിക, ബന്ധപ്പെട്ട എസിആർ എന്നിവ പ്രകാരം ആകെ ചെലവ് 100000 രൂപയാണ്. എന്നാൽ പ്രോജക്ട് ഫയലിൽ 94165 രൂപയുടെ ട്രഷറി ബില്ലുകൾ മാത്രമാണ് ഉള്ളത്. എസിആർ ബിൽ നം. 275/16.02.23 പ്രകാരം ചെലവഴിച്ച 5835 രൂപയുടെ ട്രഷറി ബില്ലും ചെലവുരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. എസിആർ ബിൽ നം. 93/26.10.22 പ്രകാരം ബി.എസ്.എൻ.എൽ ബിൽ തുക ഒടുക്കുവരുത്തുന്നതിന് 3307 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചതാർക്കാണെന്ന് ട്രഷറി ബില്ലിൽ നിന്നും വ്യക്തമല്ല.

3. ചുവടെ പറയുന്ന ട്രഷറി ബില്ലുകൾ പ്രകാരം എച്ച്.എം.സി യ്ക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | എസിആർ ബിൽ നം./ തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 94/26.10.22 | 13377 | ആകെ ബിൽ തുക 26024 രൂപ. ഏതൊക്കെ ഇനത്തിലുള്ള തുകകളാണ് എച്ച്.എം.സി യ്ക്ക് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല |
| 2 | 399/24.03.23 | 1000 | ട്രഷറി ബിൽ മാത്രമാണ് ഉള്ളത്. ചെലവ് രേഖകൾ ഇല്ല |
| 3 | 74/26.09.22 | 4424 | ട്രഷറി ബിൽ മാത്രമാണ് ഉള്ളത്. ചെലവ് രേഖകൾ ഇല്ല |
| | ആകെ | 18801 | |

എന്നാൽ പ്രസ്തുത തുകകൾ എച്ച്.എം.സി യ്ക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ, എച്ച്.എം.സി മുഖേന മേൽ ചെലവുകൾ നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.70/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രഷറി ബിൽ, ചെലവുരേഖകൾ എന്നിവയുടെ അഭാവത്തിൽ ആകെ 27943 രൂപ (5835+3307+18801) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – അധികമായി അനുവദിച്ച 10000/- രൂപ

**ഈടാക്കേണ്ടതാണ്**

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 127/23 |
| പദ്ധതി അടങ്കൽ | 1109777 (വികസന ഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 1085000 (വികസന ഫണ്ട് എസ്സിപി) |
| നിർവഹണ ഉദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |

വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡപ്രകാരമുള്ള തുക സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1 സ.ഉ (കൈ) നം.115/2022 ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.4 ക്രമ നം. 7 പ്രകാരം പ്ലസ്ടുവിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്ക് അർഹമായതിൽ നിന്നും വ്യതിചലിച്ച് ചുവടെ പറയുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്കോളർഷിപ്പ് തുക | | എസി.ആർ.ബിൽ നം./ തീയതി |
|---|---|---|---|---|---|
| | | | അർഹമായത് | അനുവദിച്ചത് | |
| 1 | യദുകൃഷ്ണ.എ.ബി, ചരുവിള പുത്തൻവീട്, കുഴിവിലം | ജനറൽ നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് | 15000 | 20000 | 148/15.12.22 (ബിൽ തുക -7,35,000 രൂപ) |
| 2 | പ്രണാമി മോഹനൻ, അശ്വതി, അവനവൻചേരി | ജനറൽ നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് | 15000 | 20000 | |

2. എസിആർ ബിൽ നം. 398/24.03.23 പ്രകാരം അപർണ.ആർ.എസ് എന്ന വിദ്യാർത്ഥിനിയ്ക്ക് ബി.ടെക്ക് കോഴ്സ് പഠിക്കുന്നതിന് അർഹമായ സ്കോളർഷിപ്പ് തുകയായി 25,000 രൂപ (ആകെ ബിൽ തുക-60000 രൂപ) അനുവദിച്ചിട്ടുണ്ട്. അപേക്ഷയിലെ മേൽവിലാസം ആറ്റിങ്ങൽ മുനിസിപ്പാലിറ്റി പരിധിയിലാണ് (കൃപ, എം.ആർ.എ 31 എ, ആറ്റിങ്ങൽ). എന്നാൽ അപേക്ഷയോടൊപ്പമുള്ള അനുബന്ധരേഖകളായ ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, ജാതി സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് എന്നിവയിലെല്ലാം പാറശ്ശാല ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മേൽവിലാസമാണ് ഉള്ളത്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള 10.03.23 ലെ R1/2599/23 നം. റസിഡൻഷ്യൽ സർട്ടിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. എന്നാൽ പാറശ്ശാല ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 13.03.23 ലെ എസ്.സി.1-2283/2023 നം. സാക്ഷ്യപത്രം പ്രകാരവും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള 10.03.23 ലെ സാക്ഷ്യപത്രം പ്രകാരവും അപേക്ഷക പാറശ്ശാല ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.81/23.01.24) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 1 പ്രകാരം അധികമായി നൽകിയിട്ടുള്ള 10000 രൂപ (5000 രൂപ വീതം) തിരികെ ഈടാക്കേണ്ടതും ക്രമ നം. 2 പ്രകാരമുള്ള വിഷയത്തിൽ വ്യക്തത വരുത്തേണ്ടതുമാണ്.

## 1-24 വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ

വീട് വാസയോഗ്യമാക്കൽ എന്ന പേരിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം 2 സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2020-21 വർഷത്തെ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്ട് നം.77/23, 2021-22 വർഷത്തെ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്ട് നം.80/23 എന്നിവയാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അപാകത |
|---|---|---|
| 1 | 77/23 - വീട് വാസയോഗ്യമാക്കൽ | എസിആർ ബിൽ നം. 452/28.03.23 പ്രകാരം അവസാന ഗഡുവായി 75000 രൂപ ധനസഹായം അനുവദിച്ച ശ്രീ.അശോകൻ.ആർ, A.S.നിവാസ്, അവനവഞ്ചേരി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം രണ്ട് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിട്ടുണ്ട്. ആകെ വാല്യുവേഷൻ തുക 155977 രൂപ (40877 +115100). എന്നാൽ അതിൽ 2022-23 വർഷം സമർപ്പിച്ചിട്ടുള്ള 115100 രൂപയുടെ വാല്യുവേഷൻ |

| | | |
|---|---|---|
| | | സർട്ടിഫിക്കറ്റിന്റെ പ്രിന്റ് ഔട്ട് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചതിനുള്ള കാരണം വ്യക്തമല്ല. |
| 2 | 80/23 – വീട് വാസയോഗ്യമാക്കൽ | 2021-22 ലെ ബന്ധപ്പെട്ട പ്രോജക്ട് അക്വിറ്റൻസ് രജിസ്റ്ററിലെ പേജ് നം.8, ക്രമ നം.12 പ്രകാരം ശ്രീമതി തങ്കമ്മ, കോണത്തുവീട്, മങ്കാട്ടുമൂല എന്ന ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടുള്ളതായി കാണുന്നില്ല. രജിസ്റ്റർ പ്രകാരം ടിയാൾക്ക് അവസാന ഗഡു തുക അനുവദിച്ചിട്ടില്ല. കൂടാതെ ടിയാളുടെ അപേക്ഷയും പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 83/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ശ്രീമതി തങ്കമ്മയുടെ വീട് പുനരുദ്ധാരണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം, പണി പൂർത്തിയാക്കി ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-25 സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടില്ല- വ്യവസ്ഥ പ്രകാരമുള്ള പിഴത്തുക ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ മാർക്കറ്റുകളുടെ നവീകരണ പ്രവർത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 34/22-23, വിവിധ മാർക്കറ്റുകളുടെ നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | അജിത്ത്കുമാർ, ക്വാട്ട് ചെയ്ത തുക. 354844.94 |
| ഫണ്ട് | സി.എഫ്.സി |
| അടങ്കൽ | 500000 |
| ചെലവ് | 301397 |
| ബിൽ നം | 14/13.6.2022, 301397/- |
| എം ബുക്ക് നം. | 158/21-22 |

പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി പത്രം പ്രകാരം പൂർത്തീകരണ കാലാവധി ആറ് മാസമാണ്.

പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ.അജിത്ത്കുമാറിന് പ്രവൃത്തി ആരംഭിക്കുന്നതിനായി 2.2.2022 ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. അതിൽ 16.2.2022 തീയതിക്കകം കരാറിൽ ഏർപ്പെടണമെന്നും അല്ലാത്ത പക്ഷം 1 % പിഴയോട് കൂടി കരാർ വക്കുന്നതിന് പത്ത് ദിവസത്തേക്ക് സാവകാശം അനുവദിക്കുന്നതാണെന്നും തുടർന്നും കരാർവയ്ക്കാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടിയാന്റെ പേരിലുള്ള ദർഘാസ് റദ്ദ് ചെയ്യുന്നതാണെന്നും 2.2.2022 ലെ Pw1/1247/22 നം സെലക്ഷൻ നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. ടിയാൻ 48/AE/AMC/LSGD21-22, 17.3.2022 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. Sanction Order No. 14/13.6.22 പ്രകാരം 3,01,397/-രൂപ ടി പ്രോജക്റ്റിൽ മാറി നൽകിയിട്ടുണ്ട്. ടി ബില്ലിൽ നിന്നും പിഴത്തുക ഈടാക്കിയിട്ടില്ല.

17.3.2022 ൽ കരാറിൽ ഏർപ്പെടുമ്പോൾ സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരുന്ന പ്രകാരമുള്ള കരാർ വെയ്ക്കുന്നതിനുള്ള കാലാവധി കഴിഞ്ഞതിനാൽ അതിന്മേൽ മറ്റ് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അസിസ്റ്റന്റ് എൻജിനീയറുടെ 10.8.2022 ലെ Pw1-1247/22 നം നോട്ടീസ് പ്രകാരം ടി പ്രോജക്റ്റിലെ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി തീർക്കണമെന്ന് കരാറുകാരനെ അറിയിച്ചിട്ടുണ്ട്.

അപാകതകൾക്ക് ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവൃത്തി നിലവിൽ തുടർന്ന വരുന്നുവെന്നും ആയതിന്റെ ഫൈനൽ ബിൽ തുക അനുവദിച്ചിട്ടില്ലെന്നും ആയത് അനുവദിക്കുന്ന മുറക്ക് പിഴത്തുക കൂടി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറിൽ വ്യവസ്ഥ ചെയ്തിരുന്ന അനുപാതത്തിൽ പിഴത്തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

1. പ്രോജക്റ്റ് നം. 111/23- തോപ്പിൽ റോഡ് പുനരുദ്ധാരണവും രാജീവ് ഗാന്ധി റോഡ് കോൺക്രീറ്റ് ബാക്കി ഭാഗം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | പ്രോജക്റ്റ് നം. 111/23- തോപ്പിൽ റോഡ് പുനരുദ്ധാരണവും രാജീവ് ഗാന്ധി റോഡ് കോൺക്രീറ്റ് ബാക്കി ഭാഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | സുനിൽകുമാർ |
| ഫണ്ട് | സി.എഫ്.സി, മെ.ഫ(റോഡ്) |
| അടങ്കൽ | സി.എഫ്.സി- 580000<br>മെ.ഫ(റോഡ്)- 300000 |
| ചെലവ് | 880000 |
| എം ബുക്ക് നം. | E Mbook Fiel No.33912/2022 |
| ബിൽ നം | 413/26.3.2023, -580000<br>412/26.3.2023, 300000 |

രാജീവ് ഗാന്ധി റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ 115 Mദൂരം റോഡിന്റെ ഒരു വശം നിലവിലുള്ള സൈഡ് വാളിനോട് ചേർത്ത് ഫോം വർക്ക് ഇല്ലാതെ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. (കരാറുകാരന് നൽകിയ നിരക്ക് 9124.39/$M^3$). ഇപ്രകാരം 51.75 $M^3$ അളവിൽ 9124.39/$M^3$ നിരക്കിൽ ചെയ്തതിന് ആകെ 472187.18 രൂപ നൽകിയിട്ടുണ്ട്.

2. പ്രോജക്റ്റ് നം. 107/23 മേവറത്ത് വിള റോഡ് പുനരുദ്ധാരണം ബാക്കി ഭാഗം ശാന്തിനഗർ ഇടറോഡ് പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | പ്രോജക്റ്റ് നം. 107/23 മേവറത്ത് വിള റോഡ് പുനരുദ്ധാരണം ബാക്കി ബാഗം ശാന്തിനഗർ ഇടറോഡ് പുനരുദ്ധാരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | സജീഷ് കുമാർ (എസ്റ്റിമേറ്റ് നിരക്ക്) |
| ഫണ്ട് | സി.എഫ്.സി, മെയിന്റനൻസ് ഫണ്ട്(റോഡ്) |
| അടങ്കൽ | സി.എഫ്.സി- 170000<br>മെയിന്റനൻസ് ഫണ്ട് (റോഡ്)- 710000 |
| ചെലവ് | 864030 |
| ബിൽ നം. | 294/24.2.2023, -170000<br>293/24.2.2023, 694030 |
| എം ബുക്ക് നം. | E Mbook File No.32382/2022 |

ശാന്തിനഗർ ഇടറോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ കോൺക്രീറ്റ് ചെയ്ത 37m ദൂരം, റോഡിന്റെ ഇരുവശവും നിലവിലുള്ള മതിലുകളോട് ചേർത്ത് ഫോം വർക്ക് ഇല്ലാതെ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം 18.315 $M^3$ അളവിൽ 8306/$M^3$ നിരക്കിൽ ചെയ്തതിന് ആകെ 152124.39 രൂപ നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തികൾ Mord Specification 75.8.1.പ്രകാരം 8306.23/$M^3$ എന്ന നിരക്ക് വരുന്നവയാണ്. പ്രവൃത്തികളിൽ നൽകിയിട്ടുള്ള Mord Specification 75.8.1. ൽ ഫോം വർക്ക് ഉൾപ്പെടുന്നുണ്ടോ, ഉണ്ടെങ്കിൽ ടി പ്രവൃത്തികളിൽ ഫോം വർക്ക് ഇല്ലാതെ കോൺക്രീറ്റ് ചെയ്തിട്ടുള്ളതിന് ഫോം വർക്ക് നിരക്ക് ഒഴിവാക്കി കരാറുകാരന് തുക അനുവദിക്കാത്തതിന് കാരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നമ്പർ 53/ 19.01.2024), പ്രവൃത്തിയിൽ ഫോം വർക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും അപ്രകാരം പ്രവൃത്തി നിർവ്വഹിച്ചപ്പോൾ നാട്ടുകാരും ജന പ്രതിനിധികളും ഇത്തരത്തിൽ പ്രവൃത്തി ചെയ്യുന്നതുമൂലം ഇരുചക്രയാത്രികർക്ക് അപകട സാധ്യത ഉണ്ടെന്ന് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഷട്ടറിംഗ് ഒഴിവാക്കുകയാണ് ഉണ്ടായതെന്നും വിശദീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഷട്ടറിംഗ് ഒഴിവാക്കിയതിനാൽ ടി ഇനത്തിൽ നൽകിയ ചെലവായ തുക ഒഴിവാക്കി കരാറുകാരന് തുക അനുവദിക്കാമായിരുന്നു. അപ്രകാരം ചെയ്യാത്തതുമൂലം അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 നിർവ്വഹിക്കാത്ത പ്രവർത്തിക്ക് തുക അനുവദിച്ചു- 6027/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മുനിസിപ്പൽ ഓഫീസ് നവീകരണം പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 30/22-23, മുനിസിപ്പൽ ഓഫീസ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | അജിത്ത്കുമാർ, ക്വാട്ട് ചെയ്ത തുക. 354844.94 |
| ഫണ്ട് | വികസനഫണ്ട് |
| അടങ്കൽ | 398032 |
| ചെലവ് | 389145 |
| ബിൽ നം. | 3/4.5.2022, 389145 |
| എം ബുക്ക് നം. | 141/21-22 |

ടി പ്രോജക്റ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് ഐറ്റം നം. 2 പ്രകാരം സ്റ്റീൽ വർക്കിന് DAR 10.16.1 പ്രകാരം 80 X 40 Squire Pipe Post മൂന്ന് എണ്ണം സ്ഥാപിക്കുന്നതിന് 10.5 Kg (3 Nos X 3.5m) ആവശ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഐറ്റം നം. 6 പ്രകാരം Specification 5.1.2 പ്രകാരം (PCC 1:1.5:3 അനുപാതം) For Fixing Vertical Post എന്ന ഇനത്തിന് (16 എണ്ണം) 0.648 M3 ന് 9085.14/$M^3$ നിരക്കിൽ 5887.17 രൂപയും, ഐറ്റം നം. 7 പ്രകാരം Specification 5.9.3 പ്രകാരം Centering & Shuttering നടത്തുന്നതിന് (16 എണ്ണം) 5.76 M2 ന് 815.78/$M^2$ നിരക്കിൽ 4698.89 രൂപയും , ഐറ്റം നം. 10 പ്രകാരം Excavation ന് For Fixing Vertical Post എന്ന ഇനത്തിന് (16 എണ്ണം) 0.432 M3 Vന് 296.94/$M^3$ നിരക്കിൽ 128.27 രൂപയും വകയിരുത്തിയിട്ടുണ്ട്. ടി നിരക്കിൽ തന്നെ എം ബുക്ക് പ്രകാരം തുകയും അനുവദിച്ചിട്ടുണ്ട്.

**അപാകത**

ടി പ്രവർത്തിയിൽ GI Pipe Post ന്റെ എണ്ണം മൂന്നാണ് എന്നിരിക്കെ, 16 പോസ്റ്റുകൾ ഉറപ്പിക്കുന്നതിനായി Excavation , Centering & Shuttering, PCC എന്നിവക്ക് തുക അനുവദിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായും. ടി പ്രവർത്തിയിൽ 16 GI Pipe പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് സ്ഥലപരിശോധനയിൽ കൂടി ബോദ്ധ്യപെടുത്തുന്നതിനായും നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 54,തീയതി : 19/1/2024). ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവർത്തിയിൽ ഏഴ് എണ്ണം GI Pipe Post കൾ സ്ഥാപിച്ചിട്ടുള്ള താണെന്നും ആയത് 16 എണ്ണമായി തെറ്റായി രേഖപ്പെടുത്തിയത് ആണ് എന്നും അറിയിച്ചിട്ടുണ്ട്. ടി പ്രവർത്തിയിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയുന്നു.

എം ബുക്ക് പേജ് നം 6,21 പ്രകാരം 3 GI Pipe Post കളാണ് സ്ഥാപിച്ചിട്ടുള്ളത്.

| ക്രമ നം | ഇനം | നൽകിയത് | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | PCC (Spec 5.1.2) | 16 X .3 X .3 X .45 = 6.48 M3<br>6.48 M3 X 9085.14 = **5887.17** | 7 Nos X .3 X .3 X .45 = 0.2835 $M^3$<br>0.2835 $M^3$ X 9085.14 = **2575.64** | 3311.53 |
| 2 | Centering & Shuttering (Spec 5.9.3) | 16 X 1.2 X .3 = 5.76 M3<br>5.76 M3 X 815.78 = **4698.89** | 7 Nos X 1.2 X .3 = 2.52 $M^3$<br>2.52 $M^3$ X 815.78 = **2055.77** | 2643.12 |
| 3 | Escavation (Spec 2.8.1) | 16 X .3 X .3 X .3 = 0.432 $M^3$<br>0.432 $M^3$ X 296.94 = **128.27** | 7 Nosx .3 X .3 X .3 = 0.189 $M^3$<br>0.189 $M^3$ X 296.94 = **56.12** | 72.15 |
| | | | | **6027/-** |

ഇത്തരത്തിൽ അധികം നൽകിയ 6027/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-28 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം നഗരസഭയിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, നഗരസഭയിൽ അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ നഗരസഭയിൽ അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കൈയൊഴിയുന്നതിനും ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ,വാർഷിക റിവ്യൂ എന്നിവ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (നം. 37/17.01.24) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 ഷീ ലോഡ്ജ്/വനിതാ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വനിതാ വികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ, 18.5.22 ലെ മിനിറ്റ്സിൽ ഷീ ലോഡ്ജ്/വനിതാ ഹോസ്റ്റൽ പ്രവർത്തനം തുടങ്ങുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് നിർദേശം ഉണ്ടായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഷീ ലോഡ്ജ്/വനിതാ ഹോസ്റ്റൽ എന്നിവയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതി സംബന്ധിച്ച വിവരങ്ങളും, കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രവർത്തനം ആരംഭിക്കാത്തതിന് കാരണവും, നിലവിൽ പ്രവർത്തനം ആരംഭിക്കുന്നതിനു സ്വീകരിച്ച നടപടികളും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 66, തീയതി : 20/1/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഷീ ലോഡ്ജ്/വനിതാ ഹോസ്റ്റൽ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും, പ്രവർത്തനം തുടങ്ങിയിട്ടില്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-30 ടൌൺഹാൾ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നു- നഗരസഭയ്ക്ക് സാരമായ വരുമാന നഷ്ടം.

ടൗൺഹാൾ മൂന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 22-23 വർഷം പ്രോജക്ട് നം 57 ആയി 5346614/- വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.കൂടാതെ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 2017-18 വർഷം രൂപീകരിച്ച് 2018-19 വർഷം പണി ആരംഭിച്ച പ്രസ്തുത കെട്ടിടത്തിന്റെ നവീകരണത്തിനായി ഘട്ടംഘട്ടമായി 54767000/- രൂപ അടങ്കൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 53672512/- രൂപ 2024 ജനുവരി വരെ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 32500000/- രൂപ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പയും ഉൾപ്പെടുന്നു. ഓരോ മാസവും പലിശയും മുതലും നഗരസഭ സഹകരണബാങ്കിൽ ഒടുക്കുന്നു. പലിശ ഇനത്തിൽ ഇതുവരെ 8832805/- രൂപ ഇതുവരെ ഒടുക്കിയിട്ടുണ്ട്. 20-21, 21-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മുനിസിപാലിറ്റിയുടെ ഒരു പ്രധാന വരുമാന മാർഗ്ഗമായിരുന്ന ടൌൺഹാളിൽ നിന്നുള്ള വാടക ഇല്ലാതായതു കാരണം ഈ ഇനത്തിൽ വൻ സാമ്പത്തിക നഷ്ടം നഗരസഭയ്ക്കുണ്ടായിട്ടുണ്ട്.അതോടൊപ്പം സഹകരണബാങ്കിൽ നിന്നും എടുത്ത വായ്പയുടെ പലിശ ഇനത്തിലുള്ള തുകയും നഗരസഭയുടെ അധിക ബാധ്യതയായും നിലനില്ക്കുന്നു. പ്രസ്തുത വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25, 16.1.24) ന് ഫണ്ടിന്റെ ലഭ്യതകുറവും കോവിഡ് മഹാമാരി കാരണവുമാണ് യഥാസമയം പണി പൂർത്തിയാക്കാൻ കഴിയാതെ പോയതെന്ന് അറിയിച്ചു.

18.01.24 ന് നടത്തിയ സ്ഥല പരിശോധനയിൽ ടൌൺഹാൾ പരിസരവും നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടവും പരിപാലനം ഇല്ലാത്ത അവസ്ഥയിൽ ആണെന്ന് ബോധ്യപ്പെട്ടു. കോടികണക്കിന് രൂപ ചെലവഴിച്ചിട്ടും യഥാസമയം പണി പൂർത്തീകരിച്ച് പ്രവർത്തന യോഗ്യമാക്കാൻ കഴിയാത്തത് നഗരസഭയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭയ്ക്ക് കിട്ടികൊണ്ടിരുന്ന വരുമാനത്തിലുണ്ടായ കുറവ് നഗരസഭയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. 23-24 വർഷം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും ഉടൻ തന്നെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ടൌൺഹാളിന്റെ നിർമ്മാണം സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-31 ടേക്ക് എ ബ്രേക്ക് പദ്ധതി - പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം ,പേര് | 58/22, ടേക്ക് എ ബ്രേക്ക് പദ്ധതി-ആറ്റിങ്ങൽ നഗരസഭ വഴിയോര വിശ്രമ കേന്ദ്രം-ടോയ്‌ലെറ്റുകളുടെ നിർമ്മാണം. |
| അടങ്കൽ തുക | 8500000 ( 3600000/-കേന്ദ്രാവിഷ്കൃതം, 4900000/- മറ്റുള്ളവ) |
| ചെലവ് തുക | 1040457 മറ്റുള്ളവ (അർബൻ അഗ്ഗ്ലോമറേഷൻഫണ്ട്) |
| ബിൽ നം തീയതി/ പ്രൊസീഡിംഗ്സ് നം | 185/11.1.23, തുക 1040457/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

ടേക്ക് എ ബ്രേക്ക് പദ്ധതി- ആറ്റിങ്ങൽ നഗരസഭ വഴിയോര വിശ്രമ കേന്ദ്രം,പൊതു ടോയ്‌ലെറ്റുകളുടെ നിർമ്മാണം,എന്ന പ്രവ്യത്തിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിക്കുകയും തുടർന്ന് മാമം നാളികേര വികസന കോർപ്പറേഷന് സമീപം NH ന് അരികിലും സിവിൽ സ്റ്റേഷനുള്ളിലും , NH നോട് ചേർന്ന് ഹോമിയോ ഹോസ്പിറ്റൽ ഗ്രൗണ്ടിലും പൊതു ടോയിലെറ്റ് നിർമ്മാണം നടത്തുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. മാമത്തിന് സമീപമുള്ള പൊതു ടോയ്‌ലറ്റ് ഒഴികെ മറ്റ് രണ്ട് ടോയ്‌ലെറ്റ് ബ്ളോക്കുകളും സ്ഥലവുമായി ബന്ധപ്പെട്ട തർക്കം ഉള്ളതിനാൽ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. മാമം ടോയ്‌ലെറ്റിന്റെ പ്രവ്യത്തി ഇതുവരെ പൂർത്തിയായിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(26/16.1.24) മറുപടിയായി മാമം ടോയ്‌ലറ്റിന്റെ പ്രവ്യത്തി ഏകദേശം പൂർത്തിയായ അവസരത്തിൽ കരാറുകാരനായ ശ്രീ അപ്പുക്കുട്ടൻ 21.7.23 ൽ മരിച്ചതിനെ തുടർന്ന് അദ്ദേഹം ചെയ്ത പ്രവ്യത്തികൾക്ക് ഫൈനൽ ബിൽ തുക നല്കുന്നതിനും പൂർത്തിയാകാത്ത പ്രവ്യത്തികൾ ഭേദഗതി ചെയ്യുന്നതിനും പുതിയ പ്രോജക്ട് ആയി പ്രവ്യത്തി പുനരാരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മാമം ടോയ്‌ലെറ്റിന് മാത്രം ഇതുവരെ 2396756/-രൂപ ചെലവായിട്ടുണ്ട്.

മാമം ടോയ്‌ലെറ്റിന്റെ പ്രവ്യത്തി യഥാസമയം പൂർത്തിയായി പൊതുജനങ്ങൾക്ക് തുറന്ന് നല്കാത്ത സാഹചര്യത്തിൽ ഇവിടം സാമൂഹ്യ വിരുദ്ധശല്യം കൂടി വരികയും കെട്ടിടത്തിന്റെ ജനാല ഗ്ളാസ്സുകൾ തകർത്ത അവസ്ഥയിലും കണ്ടു (പ്രാദേശിക പരിശോധന, 18.1.24).പദ്ധതിയുടെ ബാക്കി പ്രവ്യത്തികൾ കൂടി ഉടൻ നടത്തി പണി പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. പ്രസ്തുത പ്രവ്യത്തികളുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 കൌൺസിലിന്റെ യോഗനടപടികളുടെ മിനിട്സ് അംഗീകാരത്തിന് അയയ്ക്കുന്നതിൽ കാലതാമസം

1995 ലെ കേരള മുനിസിപ്പാലിറ്റി (കൌൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 14(3) പ്രകാരം യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ സകർമ്മ മിനിട്സ് പരിശോധിച്ചതിൽ മാസങ്ങൾക്കു ശേഷമാണ് യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറി, അധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതായി കാണുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. 06.04.2022 ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 29.09.2022

B. 07.06.2022 ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 10.10.22

C 24.11.22ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 08.12.2022

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 10/ 12.01.2024) ലഭ്യമാക്കിയ മറുപടിയിൽ ചില അജണ്ടകളിൽ തീരുമാനം അന്തിമമാക്കുന്നതിന് യോഗം ചെയർപേഴ്സണെ ചുമതലപ്പെടുത്തുന്ന പതിവുണ്ടെന്നും അത്തരം യോഗങ്ങളുടെ മിനിട്സാണ് അന്തിമമാക്കുന്നതിന് താമസം നേരിട്ടിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷം ആകെ 49 മിനിട്സുകളാണ് സകർമ്മയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതിലൊന്നും തന്നെ കൌൺസിലിന്റെ യോഗനടപടിക്രമം ചട്ടങ്ങൾ ചട്ടം 14(3) പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല. യോഗനടപടിക്രമങ്ങളുടെ മിനിട്സ് രേഖപ്പെടുത്തുന്നതിൽ 1995 ലെ കേരള മുനിസിപ്പാലിറ്റി (കൌൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 14(3) പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 NULM – അയൽക്കൂട്ടങ്ങളിൽ നിന്ന് റിവോൾവിംഗ് ഫണ്ട് തിരിച്ച് പിടിച്ച് സംസ്ഥാന കുടുംബശ്രീ മിഷനിൽ ഒടുക്കു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ആറ്റിങ്ങൽ നഗരസഭയിലെ സി.ഡി.എസ് അയൽക്കൂട്ടങ്ങൾക്ക് എൻ.യു.എൽ.എം പദ്ധതിയിലൂടെ 10000/- രൂപ വിതം റിവോൾവിംഗ് ഫണ്ട് വിതരണം നടത്തിയിരുന്നുവെങ്കിലും നിർജ്ജീവമായതും പുനരുജ്ജീവന സാധ്യതയില്ലാത്തതുമായ അയൽക്കൂട്ടങ്ങളുടെ റിവോൾവിംഗ് ഫണ്ട് തിരികെ സംസ്ഥാന കുടംബശ്രീ മിഷനിൽ ഒടുക്കുവരുത്തണമെന്ന് 9.5.2022 ലെ Upa 7545/15 നം കത്തിൽ കുടുംബശ്രീ മെമ്പർ സെക്രട്ടറിയ്ക്ക് നഗരസഭാ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. 7 അയൽക്കൂട്ടങ്ങളിൽ നിന്നാണ് റിവോൾവിംഗ് ഫണ്ട് തിരിച്ച് പിടിച്ച് സംസ്ഥാന കുടുംബശ്രീ മിഷനിൽ തുക ഒടുക്കുവരുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അയൽക്കൂട്ടത്തിന്റെ പേര് | വാർഡ് | അനുവദിച്ച റിവോൾവിംഗ് ഫണ്ട് |
|---|---|---|---|
| 1 | ആറ്റികുന്നം ഗ്രൂപ്പ് | 2 | 10000 |
| 2 | ശിവശൈലം | 16 | 10000 |
| 3 | ശിവശക്തി | 23 | 10000 |
| 4 | നിള | 29 | 10000 |
| 5 | സ്നേഹ | 29 | 10000 |
| 6 | ശ്രീ ശൈലം | 22 | 10000 |
| 7 | കൃഷ്ണ | 22 | 10000 |

ഇതിൻ മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 62/20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 Leave Not Due- വിശദാംശം ലഭ്യമാക്കിയില്ല

വൌച്ചർ നംം. 15/1.4.2022 പ്രകാരം കണ്ടിജന്റ് ജീവനക്കാരി ശ്രീമതി. ആർ. നിർമ്മലയുടെ 01/22 ലെ സാലറി (Leave Not Dueകാലയളവിലെ )അനുവദിച്ച് നൽകിയിട്ടുണ്ട്. 18759/- രൂപയാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളത്. ഏത് തീയതി മുതൽ എത്ര ദിവസത്തേയ്ക്കാണ് Leave Not Due അനുവദിച്ചിട്ടുള്ളതെന്നും അനുവദിച്ചിട്ടുള്ള Leave Not Due ക്രമീകരിച്ചിട്ടുണ്ടോയെന്നും KSR ലെ ചട്ടങ്ങൾ പാലിച്ചാണോ Leave Not Due അനുവദിച്ചിട്ടുള്ളതെന്നും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/17.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി ആർ. നിർമ്മലയുടെ പ്രസ്തുത കാലയളവിലെ സേവനവേതന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-35 പി. എഫ്- നിശ്ചിത സമയപരിധിക്കുള്ളിൽ അടവാക്കുന്നില്ല

സ.ഉ(പി) നം. 124/2005/L.Sgd Dated 30,04,2005 ലെ കേരള മുനിസിപ്പാലിറ്റി മുനിസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങൾ ചട്ടം 13 (1)പ്രകാരം ജീവനക്കാരുടെ ഓരോ മാസത്തേയും ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന വരിസംഖ്യ ഈടാക്കി പതിനഞ്ചു ദിവസത്തിനകം ഈടാക്കിയ അധികാരി, ഡയറക്ടറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നിശ്ചിത ദിവസത്തിനകം ജീവനക്കാരുടെ ഓരോ മാസത്തേയും ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന വരിസംഖ്യ പതിനഞ്ചു ദിവസത്തിനകം ഡയറക്ടർക്ക് അയച്ചു കൊടുത്തതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ചെലാൻ മുഖേന അടവാക്കിയ തീയതി |
|---|---|
| ഏപ്രിൽ | 86/18.4.22 |
| മേയ് | 19174/16.6.22 |
| ജൂലൈ | 1942/17.8.22 |

| | |
|---|---|
| ആഗസ്റ്റ് | 1852/20.9.22 |
| സെപ്റ്റംബർ | 2511/14.10.22&6217/25.10.22 |
| ഡിസംബർ | 9514/18.1.23 |

മേൽ ചട്ടത്തിന്റെ ഉപചട്ടം 13(2) പ്രകാരം, (1) -ാം ഉപചട്ട പ്രകാരം തുക അടയ്ക്കേണ്ട സമയത്തിനുള്ളിൽ തുക അടയ്ക്കാത്ത പക്ഷം , തുക അടയ്ക്കേണ്ട തീയതി വരെ വരിക്കാർക്ക് അനുവദിക്കുന്ന നിരക്കിലുള്ള പലിശ കൂടി തുകയോടൊപ്പം അടവാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പി.എഫ് സബ്സ്ക്രിപ്ഷൻ അടവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചട്ടം 13(2) പ്രകാരമുള്ള പലിശ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/ 17.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-36 ശമ്പള പരിഷ്കരണ/ ക്ഷാമബത്ത കുടിശ്ശികയുടെ നിശ്ചിത ശതമാനം പ്രാൺ അക്കൗണ്ടിൽ അടവാക്കിയില്ല

സർക്കുലർ നം. 15/2022/ Fin Dated 03.03.2022, സ.ഉ (അച്ചടി) നം. 19/2020/ Fin Dated 27.02.2022 എന്നിവ പ്രകാരം ശമ്പള പരിഷ്കരണ/ ക്ഷാമബത്ത കുടിശ്ശികകൾ ശമ്പളത്തിന്റേയും ഡി.എയുടേയും ഭാഗമായതിനാൽ പ്രസ്തുത കുടിശ്ശിക തുകയിൽ നിന്നും 10% വിഹിതം കിഴിവ് വരുത്തേണ്ടതും തത്തുല്യമായ സർക്കാർ വിഹിതം ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന NPS ൽ അംഗമായ ജീവനക്കാരുടെ ശമ്പള പരിഷ്കരണ പ്രകാരമുള്ള തുകയുടെ നിശ്ചിത ശതമാനം ജീവനക്കാരിയുടെ പ്രാൺ അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Name Of Employee | PRAN No | Designation | Voucher No. Date | Total Amount |
|---|---|---|---|---|
| Bismi Sathar(increment Arrear) | 110173256757 | Clerk | 18/1.9.22 | 2712(BP May 22-Jul 22- 2400+ DA&HRA 312) |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 24/12.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 ഒരേ കാലയളവിൽ രണ്ട് വ്യത്യസ്ത പ്രീ റിവൈസ്ഡ് തുകകൾ കാണിച്ച് രണ്ട് തവണ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു

G.O(p) 27/2021/Fin Dated 10.02.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ വിരമിച്ച ജീവനക്കാർക്ക് ഒരേ കാലയളവിൽ രണ്ട് വ്യത്യസ്ത Pre Revised Basic Pay Drawn തുകകൾ കാണിച്ച് രണ്ട് തവണ ഒരേ വ്യക്തിയ്ക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതായി കാണുന്നു. കൂടാതെ 2019 ലെ ശമ്പളപരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് 2014 മുതലുള്ള പേ റിവിഷൻ അരിയർ കണക്കാക്കി (വൗച്ചർ നം.41/12.07.2022) യതിന്റെ സാംഗത്യം വ്യക്തമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Voucher No. Date | Name Of Employee | Amount | Revised Basic Pay Due | Pre Revised Basic Pay Drawn | Total Arrear Calculated By Institution | Remarks |
|---|---|---|---|---|---|---|
| 17/1.9.22 | Shoji.G.O | 50000 | July 2019 42300 | July 2019 29900 | 90331 | അതിൽ 50000/- രൂപയാണ് അനുവദിച്ചത് അവശേഷിക്കുന്ന തുക വൌച്ചർ നം. 21/ 3.10.22 പ്രകാരം നൽകിയിട്ടുണ്ട്. |
| | | | Aug- 2019 To Jul 2020 43400 | Aug- 2019 To Jul 2020 30700 | | |
| | | | Aug2020- Feb 21 | Aug 2020- Feb 21 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | 44500 | 31500 | | |
| 41/12.7.22 | Shoji. G.O | 160759 | July 2019 42300 | July 2019 40300 | 65961 | ആകെ അരിയർ 160759 രൂപയിൽ July 2019 മുതൽ മേയ് 2021 വരെയുള്ള അരിയർ 65961/- രൂപയാണ്, |
| | | | Aug- 2019 To Jul 2020 43400 | Aug- 2019 To Feb 2020 40300 | | |
| | | | Aug 2020 To May 2021 44500 | Mar 2020 To Feb 21 41300 | | |
| | | | | Mar 21 T0 May 21 42300 | | |
| 41/12.7.22 | Smt. Sheela .S.P | 6478 | July 2019 42300 | July 2019 Toaug 2019 42300 | 2277 | ആകെ അരിയർ 6478/- രൂപയിൽ July 2019 മുതൽ മേയ് 2021 വരെയുള്ള അരിയർ 2271/- രൂപയാണ്, |
| | | | Aug 2019 To -July 2020 43400 | Sep 2019 To -Aug 2020 43400 | | |
| | | | Aug 2020- May 2021 44500 | Sep2020 To May 2021 44500 | | |
| 17/1.9.22 | Smt. Sheela .S.P | 86701 | July 2019 To Aug 2019 0 | July 2019 To Aug 2019 0 | 81926 | ആകെ അരിയർ 86701/- രൂപയിൽ July 2019 മുതൽ മേയ് 2021 വരെയുള്ള അരിയർ 81926/- രൂപയാണ്, ഇതിൽ 50000/- രൂപയാണ് മേൽ വൌച്ചറുകൾ പ്രകാരം നൽകിയിട്ടുള്ളത്. അവശേഷിക്കുന്ന തുക വൌച്ചർ നം. 21/ 3.10.22 പ്രകാരം നൽകിയിട്ടുണ്ട്. |
| | | | Sep 2019 40507 | Sep 2019 28653 | | |
| | | | Oct 2019 To Jul 20 43400 | Oct 2019 To Jul 20 30700 | | |
| | | | Aug 20 To Feb 21 44500 | Aug 20 Tp Feb 21 31500 | | |

ഒരേ മാസത്തിൽ ശ്രീ. ഷോജി. ജീ.ഒയ്ക്ക് രണ്ട് വ്യത്യസ്ത തുകകൾ Pre Revised Basic Pay Drawn ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി ജൂലൈ 2019 മാസത്തിൽ വൌച്ചർ നം. 41/12.7.22 പ്രകാരം Pre Revised Basic Pay Drawn 40300/- രൂപയും വൌച്ചർ നം. 17/1.9.22 പ്രകാരം Pre Revised Pay Drwan 29900/- രൂപയും രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഒരേ മാസത്തിൽ രണ്ട് വ്യത്യസ്ത പ്രീ റീവൈസ്ഡ് ബേസിക പേ ഡ്രാൺ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ശ്രീമതി. ഷീല എസ്.പി യ്ക്ക് സമാന രീതിയിൽ ശമ്പള പരിഷ്കരണ തുക അനുവദിച്ചിട്ടുണ്ട്. വൌച്ചർ നം. 41/12.7.22 പ്രകാരം Pre Revised Basic Pay Drawn Sep 2019 ൽ 42300/- രൂപയും വൌച്ചർ നം. 17/1.9.22 പ്രകാരം Sep 2019 ൽ Pre Revised Basic Pay Drawn 28653/- രൂപയും രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ. ഷോജി. ജി. ഒ , ശ്രീമതി ഷീല . എസ്. പി എന്നിവരുടെ സേവന വേതനവിശദാംശങ്ങൾ ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 24/12.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-38 അഡ്വക്കേറ്റുമാരിൽ നിന്ന് പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല**

ഇൻകംടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്ക് ഒരു വർഷം 30000/- രൂപയിൽ കൂടുതൽ ഒരു വ്യക്തിയ്ക്ക് നൽകുന്ന സാഹചര്യത്തിൽ 10% തുക ഇൻകംടാക്സ് ഇനത്തിൽ ഈടാക്കി അടവാക്കേണ്ടതാണ്. താഴെപ്പറയുന്ന വൌച്ചറുകൾ പ്രകാരം അഡ്വക്കേറ്റുമാർക്ക് ഒരു വർഷം 30000/-രൂപയിൽ കൂടുതൽ നൽകിയിട്ടുണ്ട്. 10% തുക ഇൻകം ടാക്സ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/12.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| അഡ്വക്കേറ്റ് | വൌച്ചർ നം. തീയതി | ചെക്ക് നം. തീയതി | തുക |
|---|---|---|---|
| അഡ്വ. സി.ഡി മനോജ് | 77/27.7.22 | 398160/27.7.22 | 15000 |
| | 34/10.10.22 | 511908/10.10.22 | 15000 |
| | 35/10.10.22 | 511908/10.10.22 | 15000 |
| | 30/2.2.23 | 56878/6.2.23 | 15000 |
| | Total | | 60000 |
| അഡ്വ. അയ്യപ്പൻ ശങ്കർ | 53/12.10.22 | 511915/12.10.22 | 15000 |
| | 28/1.3.23 | 560918/1.3.23 | 60000 |
| | ആകെ | | 75000 |

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം അഡ്വക്കേറ്റ്മാരിൽ നിന്ന് ആദായനികുതി ഈടാക്കാത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-39 വൌച്ചർ- അപാകതകൾ

വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ കാണുന്നു.

| വൗച്ചർ നം. തീയതി | തുക | റിമാർക്ക്സ് |
|---|---|---|
| 07/1.4.2022 | 6500 | KL-16E 8392 ന്റെCF Test നായി GPS വാങ്ങുന്നതിനായി ഡ്രൈവർ വിനോദിന് 6500/- രൂപ നൽകിയിട്ടുണ്ട്. Friends Auto Agencies ൽ നിന്നുള്ള ക്വട്ടേഷൻ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സിംഗിൾ ക്വട്ടേഷൻ ആണോയെന്ന് ഫയലിൽ വ്യക്തമല്ല. ജി.പി.എസ് വാങ്ങിയതിന്റേയും സ്റ്റോക്കിലെടുത്തതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 16/1.4.2022 | 13867 | DEO ശ്രീമതി ശ്രീദേവിയുടെ വേതനം. മസ്റ്റർ റോൾ വൌച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. തുടർമാസങ്ങളിലും മേൽ രേഖകൾ വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 17/ 1.4.2022 | 13006 | ശ്രീ. രാജൻ (വാച്ച്മാൻ) മസ്റ്റർ റോൾ വൌച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. തുടർമാസങ്ങളിലും മേൽ രേഖകൾ വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 18/1.4.2.2022 | 17380 | ശ്രീ. മനോജ് ആർ.കെ (ഡ്രൈവർ )മസ്റ്റർ റോൾ വൌച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. തുടർമാസങ്ങളിലും മേൽ രേഖകൾ വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 19/1.4.22 | 9216 | സജീനാബീഗം, (അക്കൗണ്ട്സ് അസിസ്റ്റന്റ്) മസ്റ്റർ റോൾ വൌച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. തുടർമാസങ്ങളിലും മേൽ രേഖകൾ വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 48/7.4.22 | 113213 | മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്. മുൻ കൌൺസിലർ എം,കെ സുരേഷിന് നൽകിയത് സബ് വൌച്ചറില്ല |
| 84/25.4.22 | 184319 | ആറ്റിങ്ങൽ കെ.എസ്. ഇ ബി പരിധിയിലുള്ള 84 കൺസ്യൂമർ നമ്പറുകളുടെ കറണ്ട് ബിൽ തുക എ.ഇ കെ.എസ്.ഇ.ബി ആറ്റിങ്ങലിൽ ഒടുക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയുടെ ഡിമാന്റ് നോട്ടീസ്, തുക അടവാക്കിയതിന്റെ രസീത് എന്നിവ ലഭ്യമല്ല |

| | | |
|---|---|---|
| 27/5.5.22 | 23600 | ആറ്റിങ്ങൽ ഡയറ്റ് സ്കൂളിലെ പഴയ മൂന്ന് നില കെട്ടിടത്തിന്റെ Structural Stabilty നിർണ്ണയിക്കുന്നതിനായി CET യ്ക്ക് കൺസൾട്ടൻസി ചാർജ്ജിനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. Structural Stabilty Report ഫയലിനോടൊപ്പം ലഭ്യമല്ല |
| 83/13.5.22 | 50625 | സക്കിംഗ് മെഷീന് സാധനസാമഗ്രികൾ വാങ്ങിയതിന് ശ്രീകൃഷ്ണ ഏജൻസീസിന് തുക നൽകിയിട്ടുണ്ട്. ക്വട്ടേഷൻ വിവരങ്ങൾ ഫയലിനോടൊപ്പം ലഭ്യമല്ല. |
| 119/30.5.22 | 310000 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി അനുവദിച്ച തുക, വൌച്ചറിനോടൊപ്പം യു.സി, ചെലവുരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 99/28.6.22 | 19340 | ആലംകോട് ഫിഷ് മാർക്കറ്റിൽ നിന്ന് മലിനജലവും മഴവെള്ളവും തമ്മിൽ വേർതിരിച്ച് വിടുന്നതിന് ഓടയ്ക്ക് കുറുകെ ഷട്ടർ സ്ഥാപിച്ചയിനത്തിൽ ശ്രീ. റിയാസ് നസീറിന് 19340 രൂപ നൽകിയിട്ടുണ്ട്. വാല്യൂവേഷൻ വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 55/14.7.22 | 38367 | കോവിഡ് -19 മായി ബന്ധപ്പെട്ട് നഗരസഭാ വക ശ്മശാനത്തിന്റെ 2 ഡോറുകൾ മാറ്റിയതിന് ശ്രീ.റിയാസ് നസീർ എന്നയാൾക്ക് 38367/-രൂപ നൽകിയിട്ടുണ്ട്. വാല്യൂവേഷൻ വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 62/19.7.22 | 1105 | KL-16J -4444 ഫോർഡ് കാറിന്റെ മെയിന്റനൻസ് PWD Mechanical Division Fees ഒടുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. അനുബന്ധരേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല |
| 82/27.7,22 | 18193 | നഗരസഭാ കെട്ടിടത്തിൽ റെക്കോഡ് റൂമിന് മുകളിലായി ചോർച്ചയുണ്ടായത് പരിഹരിക്കുന്നതിന് ഷീറ്റ് റൂഫിംഗ് ചെയ്യതിന് ശ്രീ.റിയാസ് നസീറിന് അനുവദിച്ചത്. വാല്യൂവേഷൻ ലഭ്യമല്ല |
| 27/4.8.22 | 91520 | Proj No 279/21 സത്യ ഇന്റർനാഷണൽ സ്കൂളിന് എതിർവശത്തെ റോഡ് സൈഡ് വാൾ കെട്ടൽ എന്ന പ്രവൃത്തിയുടെ Retension തുക തിരികെ നൽകുന്നത്. അനുബന്ധരേഖയായി വച്ചിരിക്കുന്നത് Proj No. 44 ന്റെ TR 59 E ആണ്. ആയതിനാൽ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. |
| 55/14.9.22 | 34635 | സ്റ്റാമ്പ് വിറ്റ തുക ബന്ധപ്പെട്ട ഓഫീസുകളിൽ ഒടുക്കുന്നതിനുള്ള ചെലവ്. തുക ഒടുക്കിയതിന്റെ വിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമല്ല. |
| 30/5.12.22 | 11000 | ഹെൽത്ത് വിഭാഗം ജീവനക്കാർക്കുള്ള യൂണിഫോം അലവൻസ് നൽകിയത് ( 5 പേർക്ക്). യൂണിഫോം വാങ്ങിയതിന്റെ ചെലവുരേഖയില്ല |
| 65/12.22 | 4400 | ഹെൽത്ത് സെക്ഷനിൽ Acer Computer Service ചെയ്ത വകയിലും മദർബോർഡ് മാറ്റിയ വകയിലും ചെയിൻ കമ്പ്യൂട്ടേഴ്സിന് അനുവദിച്ച തുക. ചെയിൻ കമ്പ്യൂട്ടേഴ്സിന്റെ ടാക്സ് ഇൻവോയിസ് വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 66/1.23 | 32710 | 01.06.2022 മുതൽ 30.06.2022 വരെ എ.എം.സി കരാറുകാരൻ ശ്രീ മുരളീധരന് ഇലക്ട്രിക്കൽ വർക്കുകൾ ചെയ്ത വകയിൽ അനുവദിച്ച തുക, ശ്രീ മുരളീധരനുമായുള്ള കരാർ, മസ്റ്റർ റോൾ എന്നിവ ഫയിലിനോടൊപ്പം ലഭ്യമല്ല |
| 61/14.2.23 | 79950 | 60 ബോധവത്ക്കരണ ബോർഡുകളിൽ 41 ബോർഡുകൾ സ്ഥാപിച്ചതിന്റെ തുക റിയാസ് നസീറിന് നൽകിയത്. അനുബന്ധ രേഖകൾ വൌച്ചറിനോടൊപ്പം ലഭ്യമല്ല. |
| 64/1.23&65/1.23 | 13140 | ഇലക്ട്രീഷ്യൻ ശരത്, അരുൺ ആർ.എസ് എന്നിവർക്ക് 21. 12.22 മുതൽ 31.12.22 വരെയുള്ള വേതനം. മസ്റ്റർ റോൾ ലഭ്യമല്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 24/ 16.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-40 മുൻകൂറുകൾ -ക്രമീകരിച്ചിട്ടില്ല**

2022-23 സാമ്പത്തിക വർഷം മുൻകൂറായി നൽകിയ താഴെപ്പറയുന്ന തുകകൾ ക്രമീകരിച്ചിട്ടില്ല.

| വൗച്ചർ നം. തീയതി | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക | റിമാർക്സ് |
|---|---|---|---|
| 53/ 9.5.2022 | ശ്രീ. മുബാറക് ഇസ്മായിൽ (JHI) | 30000 | തെളിനീരൊഴുകും ക്യാമ്പയിന് അനുവദിച്ച തുക |
| 46/10.06.22 | ശ്രീ വിനോദ്.വി.എസ്(ഡ്രൈവർ) | 7735 | നഗരസഭാ വാഹനങ്ങൾക്ക് മൈലേജ് ടെസ്റ്റ് നടത്തുന്നതിന് 1105/- രൂപ വീതം 7 വാഹനങ്ങൾക്ക് |
| 30/11.07.22 | ശ്രീ. മുബാറക് ഇസ്മായിൽ (JHI) | 10000 | അമ്പലം മുക്ക് വിളയിൽ ഇടവഴിയിൽ വീടുകൾക്കും ഇലക്ട്രിക് ലൈനിനും ഭീഷണിയായി നിൽക്കുന്ന പാഴ് ശിഖരങ്ങൾ ഡിപ്പാർട്ടുമെന്റലായി മുറിച്ചു മാറ്റുന്നതിന് |
| 58/19.7.22 | ശ്രീ. മുബാറക് ഇസ്മായിൽ (JHI) | 12000 | ഖരമാലിന്യ ശേഖരണ വാഹനം കവചിത ബോഡി നിർമ്മാണം, വാഹനം തിരികെ എത്തിക്കുന്നതിന് |
| 75/25.7.22 | ശ്രീമതി. താജുന്നിസ ബീവി (എ.ഇ) | 31000 | ISO Certification മായി ബന്ധപ്പെട്ട് ഫ്രണ്ട് ഓഫീസ് മെയിന്റനൻസിന് അഡ്വാൻസ് അനുവദിച്ച തുക |
| 69/22.8.22 | ശ്രീ. അജിത്ത് ലാൽ .എ (ക്ലർക്ക്) | 20000 | അതിദരിദ്രരുടെ മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടി |
| 73/20.09.22 | ശ്രീ. മുബാറക് ഇസ്മായിൽ (JHI) | 3000 | നഗരസഭാ ഉടമസ്ഥതയിൽ ഉള്ള അഞ്ചാംനമ്പർ അംഗൻവാടി കോമ്പൗണ്ടിൽ ഭീഷണിയായി നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുവദിക്കുന്ന തുക |
| 69/20.12. 22 | ശ്രീമതി താജുന്നീസാ ബീവി (എ.ഇ) | 187700 | ആലംകോട് വാർഡിലെ മുഹമ്മദ് മെമ്മോറിയൽ ബിൽഡിംഗ് അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചത് |
| 77/21.01.23 | ശ്രീ. രവീന്ദ്രൻ. വി (ക്ലർക്ക്) | 44230 | ജനകീയാസൂത്രണം-22-23 സ്പോർട്സ് & ഗെയിംസിൽ പങ്കെടുത്ത ടീമുകൾക്ക് യാത്രാ ചെലവ്, ഭക്ഷണച്ചെലവ് എന്നിവയ്ക്ക് അനുവദിച്ചത് |
| 8/1.3.23 | ശ്രീമതി താജുന്നീസാ ബീവി (എ.ഇ) | 2600 | ഏഷ്യാനെറ്റ് ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നതിന് അനുവദിച്ച അഡ്വാൻസ് |
| 42/14.3.23 | ശ്രീമതി മോളു പ്രിൻസസ് | 1198 | താൽക്കാലിക വ്യവസ്ഥയിൽ ഇലക്ട്രീഷ്യനായി ജോലി ചെയ്യുന്ന ശരത്.എസ്, അരുൺ.ആർ.എസ് എന്നിവർക്ക് ഇൻഷുറൻസ് പോളിസി എടുക്കുന്നതിന് |

മേൽ പരാമർശിച്ചിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ/ ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/ 16.01.2024 ന് മുൻകൂറുകൾ ക്രമീകരിക്കുന്നതിന് അറിയിപ്പ് നൽകുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മുൻകൂറുകൾ ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-41 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ വിശദാംശം |
|---|

| |
|---|
| പ്രോജക്ട് നം 67<br>പേര്- ഐ.കെ.എം വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 197958<br>ചെലവ്-ബിൽ നം. 39/17.8.22-166755<br>380/22.3.23- 31203 |
| പ്രോജക്ട് നം. 205<br>പേര്- ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം വിഹിതം കൈമാറൽ<br>അടങ്കൽ- വികസനഫണ്ട് 500000<br>ചെലവ്-ബിൽ നം.81/12.10.22 |
| പ്രോജക്ട് നം.175<br>പേര്- SSK വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 800000<br>ചെലവ്-ബിൽ നം. 44/22.8.22 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 33/17.01.2024ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-42 സർക്കാർ താലൂക്ക് ആശുപത്രിയിലെ വനിതാ ക്യാന്റീൻ ഫർണിച്ചർ വാങ്ങൽ- ആർട്ട്കോയിൽ നിന്ന് ടെണ്ടർ / ക്വട്ടേഷൻ അനുമതി കൂടാതെ വാങ്ങാൻ പാടില്ലാത്ത ഉപകരണങ്ങൾ വാങ്ങി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 234/23 |
| പ്രോജക്റ്റിന്റെ പേര് | സർക്കാർ താലൂക്ക് ആശുപത്രിയിലെ വനിതാ ക്യാന്റീൻ ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | വികസനഫണ്ട് 209000 |
| ചെലവ് | 174783/- |
| ബിൽ നമ്പർ | 267/15.02.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

താലൂക്ക് ആശുപത്രിയിൽ സ്ഥാപിക്കുന്ന വനിതാക്യാന്റീൻ ആരംഭിക്കുന്നതിന് മേശയും കസേരയും ഇലക്ട്രോണിക് ഉപകരണങ്ങളും വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. ക്വട്ടേഷൻ/ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ 30.11.22 ലെ G4-14652/22 -ാം നം കത്ത് പ്രകാരം സെക്രട്ടറി ARTCO Ltd, SIDCO എന്നിവയ്ക്ക് പദ്ധതിയിൽ ആവിഷ്കരിച്ചിരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി ഇൻവോയ്സ് അയച്ച് തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ARTCO Ltd, SIDCO എന്നിവയ്ക്ക് ഇൻവോയിസ് ലഭ്യമാക്കാൻ കത്ത് നൽകിയതായി കാണുന്നുണ്ടെങ്കിലും SIDCO യുടെ ഇൻവോയിസ് ഫയലിനോടൊപ്പം ലഭ്യമല്ല. ARTCO Ltd ന്റെ ഇൻവോയിസ് മാത്രമാണ് ഫയലിനോടൊപ്പം

ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ റേറ്റിന്റെ താരതമ്യം സാധ്യമായിട്ടില്ല.

2. G.O(RT) No. 7/2022/SPD Dated 2.2.2022 പ്രകാരം സ്റ്റീൽ ഫർണിച്ചർ, തടി ഫർണിച്ചറുകൾ, ആശുപത്രി ഫർണിച്ചറുകൾ എന്നിവ മാത്രമാണ് ARTCO Ltd, ൽ നിന്ന് ടെണ്ടർ/ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതി ഉള്ളത്. എന്നാൽ ARTCO Ltd ന്റെ ഇൻവോയിസ് നം. TVM 1068/10.02.2023 പ്രകാരം Dounle Door Refrigerator 37996/- രൂപയ്ക്കും Mixi 9853/- രൂപയ്ക്കും 25960/- രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. ഇപ്രകാരം ടെണ്ടർ/ ക്വട്ടേഷൻ കൂടാതെ ARTCO Ltd, ൽ നിന്ന് അനുമതിയില്ലാത്ത മേൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 15 പ്രകാരം പ്രസ്തുത ഇൻവോയിസ് പ്രകാരമുള്ള ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവ വിതരണം ചെയ്തതായി കാണുന്നില്ല.

4. വനിതാ ക്യാന്റീൻ പ്രവർത്തനക്ഷമമായിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 50/19.01.2023)

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-43 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറണ്ട്/ വെള്ളം/ ടെലിഫോൺ എന്നിവയുടെ തുക ഒടുക്കൽ -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 21,342/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 71/23 |
| പ്രോജക്റ്റിന്റെ പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറണ്ട്/ വെള്ളം/ ടെലിഫോൺ എന്നിവയുടെ തുക ഒടുക്കൽ |
| അടങ്കൽ | വികസനഫണ്ട് 210413/-<br>റോഡിതരം 547052/- |
| ചെലവ് | റോഡിതരം 536980/-<br>വികസനഫണ്ട് 210011/-<br>ആകെ - 746991/- |
| ബിൽ നമ്പർ | 403/26.3.23- 21342<br>276/20.2.23-61516<br>175/3.1.23-108596<br>312/1.3.23-30075<br>374/21.3.23-5267<br>370/21.3.23-44296<br>227/31.01.23-1941<br>225/31.01.23-116265<br>224/31.1.23-14300<br>144/13.12.22-313104<br>226/31.1.23-30289<br>**ആകെ - 746991/-** |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറണ്ട്/ വെള്ളം/ടെലിഫോൺ എന്നിവയുടെ ബിൽ പ്രകാരം തുക ഒടുക്കാൻ ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ബിൽ നം. 403/26.3.23- പ്രകാരമുള്ള 21342/- രൂപയുടെ ചെലവ് രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 56/19.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 21342/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 നഗരസഭാ ഓഫീസിലേയ്ക്ക് എ.സി, ഫാൻ എന്നിവ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 269 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | നഗരസഭാ ഓഫീസിലേയ്ക്ക് എ.സി, ഫാൻ എന്നിവ വാങ്ങൽ |
| അടങ്കൽ | വികസനഫണ്ട് 200000 |
| ചെലവ് | 167700 |
| ബിൽ നമ്പർ | 318/2.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി എ.സി, ഫാൻ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013 ഖണ്ഡിക 7.7 പ്രകാരം, എസ്റ്റിമേറ്റ് തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടറാണ് ബാധകമായിട്ടുള്ളത്. എന്നാൽ രണ്ടുലക്ഷം രൂപ അടങ്കൽ വകയിരുത്തിയിരുന്ന പദ്ധതിയിൽ 28.11.22 ലെ G5-G4-14745/ 22 പ്രകാരം ക്വട്ടേഷനാണ് സ്വീകരിച്ചിരിക്കുന്നത്.

2. 20.12.22 ൽ G5-G4-14745/ 22 നം. പ്രകാരം പുനർ ക്വട്ടേഷൻ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ 20 ഫാനും ഒരു Air Conditioner ഉം Supply ചെയ്യുന്നതിനായി ക്വട്ടേഷനിൽ പങ്കെടുത്തതായി Comparitive Statement ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിച്ച ക്വട്ടേഷൻ രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല. ആയതിനാൽ നിരക്കുകളുടെ താരതമ്യം സാധ്യമായിട്ടില്ല.

3. ക്വട്ടേഷൻ ക്ഷണിച്ചതിൽ വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 57/19.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-45 കൗൺസിൽ തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ്

നഗരസഭ ഭരണ സമിതി 2022-23 സാമ്പത്തിക വർഷം അംഗീകരിച്ച തീരുമാനങ്ങളുടെയും സ്വീകരിച്ച നടപടികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| കൗൺസിൽ യോഗം ചേർന്ന തീയതി, തീരുമാനം നം. | തീരുമാനം | സ്വീകരിച്ച നടപടി അവലംബം (ഓഡിറ്റ് എൻക്വയറി നം. 11 നുള്ള മറുപടി) |
|---|---|---|
| 16.04.22 , 11(1) | ഡയറ്റ് സ്കൂളിൽ പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടില്ലായെന്നും പഴയ 3 നില കെട്ടിടത്തിലെ എല്ലാ ക്ലാസ്സ് മുറികൾക്കും നഗരസഭ ഫിറ്റ്നെസ് നൽകിയിട്ടില്ലായെന്നും തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 3 നില കെട്ടിടത്തിന് പുറകുവശത്തായി ടെറസിന് മുകളിൽ ആൽമരം വളർന്ന് താഴേയ്ക്ക് വേരിറങ്ങിയതുമൂലം പുറകുവശത്തുള്ള ഭിത്തി പൂർണ്ണമായും പൊട്ടിപ്പൊളിഞ്ഞിരിക്കുകയാണെന്നും താല്ക്കാലികമായി മെയിൻറനൻസ് ചെയ്യാൻ കഴിയാത്ത അവസ്ഥയിലുമായതിനാൽ മെയിൻറനൻസ് നടത്തി കെട്ടിടം സ്റ്റേബിൾ ആക്കാൻ കഴിയുമോ എന്നറിയുന്നതിനായി സി ഇ റ്റി-യുടെ വിദഗ്ധ പരിശോധനയ്ക്കായി ഫയൽ അയയ്ക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. | ഡയറ്റ് സ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും ഒക്യുപെൻസി, ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഴക്കമുള്ള മൂന്ന് നില കെട്ടിടത്തിന്റെ മുകളിൽ ആൽമരം വളർന്നതിനാൽ കെട്ടിടത്തിന് ഫിറ്റ്നെസ്സ് നൽകിയിട്ടില്ലായെന്നും റിട്രോഫിറ്റിംഗ് ചെയ്ത് കെട്ടിടം ബലപ്പെടുത്താൻ കഴിയുമെന്ന് വിദഗ്ധ സംഘം അറിയിച്ചിട്ടുള്ളതിനാൽ അതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് എം.എൽ.എ യെ വിവരം അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| 21.06.2022 , 3(1) | ശ്രീ. നാഗൂർ മീരാന് ബങ്ക് നീക്കം ചെയ്ത വകയിൽ നഷ്ടപരിഹാരമായി നൽകുന്ന 30000/- രൂപ കെ.എസ്.ആർ.ടി.സി. യിൽ നിന്നും ഈടാക്കിയെടുക്കുവാൻ നഗരസഭയ്ക്ക് | ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (11/ 12.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. |

| | | |
|---|---|---|
| | അധികാരമുണ്ടെന്ന ഓംബുഡ്സ്മാൻ ഉത്തരവിൻ പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് കത്ത് നൽകി ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. | |
| 29.7.22, 2(1) | കോസ്മോ ഗാർഡൻ മാടൻനട റോഡിൽ ശ്രീ. ദിവാകരൻപിള്ള, ശ്രീമതി തുളസീഭായ് എന്നിവരുടെ പുരയിടത്തിലെ തടികൾ ലോറിയിൽ കയറ്റിപ്പോയത് കാരണം റോഡിന് നാശം സംഭവിച്ചതായി അന്വേഷണം നടത്തി നഗരസഭ അസി എഞ്ചിനീയർ 04.06.22 ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി റോഡിൻറെ റെക്ടിഫിക്കേഷൻ വർക്കിനായി 108600/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലോറി ഉടമയ്ക്കും പുരയിടത്തിൻറെ ഉടമയ്ക്കും നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അംഗീകാരം നൽകി തീരുമാനിച്ചു. | ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 11/ 12.01.2024) നം. അപാകത പരിഹരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും വിശദാംശം ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കിയതിന്റെ വിവരം, എസ്റ്റിമേറ്റ് റിപ്പോർട്ട്, വാല്യൂവേഷൻ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 22.9.22, 12(1) | ലൈസൻസ് പുതുക്കാതെ നാളിതുവരെ അനധികൃതമായി കച്ചവടം നടത്തിയതിന് എ.സി. എ.സി നഗർ സ്വകാര്യ ചന്തയിൽ നിന്ന് പിഴ ഈടാക്കുന്നതിനും ലൈസൻസും മതിയായ മാലിന്യ സംസ്കരണ സംവിധാനവും ഇല്ലാത്തതിനാൽ ടി മാർക്കറ്റിൻറെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു | ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11/ 12.01.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. |
| 24.11.22, 1(2) | പൊതു ടാപ്പുകളെ സംബന്ധിച്ച നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചു. | ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 11/ 12.01.2024) പൊതുടാപ്പുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് 29.12.22 ന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ തീയതി നിശ്ചയിച്ച് നൽകിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സംയുക്ത പരിശോധനയ്ക്കായി അടിയന്തിരമായി വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

## 1-46 വാഹന പരിപാലനം -മുനിസിപ്പാലിറ്റി ചട്ടം പാലിച്ചില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ ചട്ടം 9(7) പ്രകാരം പതിനായിരം രൂപയ്ക്ക് മുകളിൽ വാഹനത്തിന്റെ അറ്റകുറ്റപ്പണിയ്ക്ക് ചെലവു വരുന്ന എല്ലാ സംഗതികളിലും 217-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള അധികാര സ്ഥാനത്തിന്റെ അംഗീകാരത്തിനു വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതും ചട്ടം 8 പ്രകാരം അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പു ചെലവ് എഞ്ചിനീയർ കണക്കാക്കേണ്ടതുമാണ്.

വൗച്ചർ നം. 30/6.5.2022 പ്രകാരം(ചെക്ക് നം. 453473/6.5.22) KL-16E 8390 ടിപ്പർ ലോറിയുടെ അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിൽ TVS Mobility Private Ltd ന് 15568 രൂപയും വൗച്ചർ നം. 60/10.05.2022 പ്രകാരം (ചെക്ക് നം. 944779/10.05.22) KL-16G 2947 ആംബുലൻസ് റിപ്പയർ ചെയ്ത ഇനത്തിൽ Friends Automobilies ന് 11002/- രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2000 ലെ കേരള മുനിസിപ്പാലിറ്റി മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ ചട്ടം 9(7), 8 എന്നിവ പാലിച്ചതായി കാണുന്നില്ല. മേൽ അപാകതയ്ക്ക് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 67/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങൾ റിപ്പയർ ചെയ്യുമ്പോൾ

2000 ലെ കേരള മുനിസിപ്പാലിറ്റി മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-47 മാലിന്യശേഖരണത്തിനായി വാഹനം വാടകയ്ക്ക് എടുക്കൽ-രേഖകൾ ലഭ്യമാക്കിയില്ല

വൗച്ചർ നം. 120/30.5.22 പ്രകാരം (ചെക്ക് നം. 944817/30.05.22) മാലിന്യ ശേഖരണത്തിനായി വാടകയ്ക്ക് വാഹനം ഓടിയ വകയിൽ (വാഹനം, ഡ്രൈവർ, ഡീസൽ ഉൾപ്പെടെ) 50 ദിവസത്തെ വാടകത്തുക 175000/- ശ്രീ. ജയകുമാർ എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, മാലിന്യത്തിന്റെ ഇനിഷ്യൽ & ഫൈനൽ മെഷർമെന്റ്, ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 67/20.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ വൗച്ചർ നം. 120/30.05.2022 പ്രകാരമുള്ള 175000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 ഭവന നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണം - അപാകതകൾ നിലനിൽക്കുന്നു -1,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. PMAY ഭവന നിർമ്മാണം - എസ് സിപി - രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | പ്രോജക്ട് നം. 157/23– PMAY ഭവന നിർമ്മാണം - എസ് സിപി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
| ഫണ്ടിനം | |
| അടങ്കൽ | 12800000/-<br>(സംസ്ഥാന ഫണ്ട് – 1600000,<br>കേന്ദ്ര ഫണ്ട് – 4800000,<br>വികസന ഫണ്ട് – 6400000) |
| ചെലവ് | 63,60,000/- |
| ബിൽ നം./തീയതി | 165/28.12.22 – 11,60,000<br>198/16.01.23 – 8,00,000<br>202/18.01.23 – 2,00,000<br>251/09.02.23 – 80,000<br>254/13.02.23 – 3,20,000<br>284/21.02.23 – 4,80,000<br>290/23.02.23 – 4,80,000<br>303/27.02.23 – 2,40,000<br>306/28.02.23 – 1,60,000<br>322/03.03.23 – 6,00,000<br>331/10.03.23 – 3,60,000<br>336/14.03.23 – 1,60,000<br>342/15.03.23 – 4,40,000<br>359/17.03.23 – 1,60,000<br>400/24.03.23 – 2,40,000<br>449/27.03.23 – 4,00,000<br>473/28.03.23 – 80,000 |

29 എസ് സി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളെ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 55 /19.01.24-ന് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് വേളയിൽ പ്രോജക്ട് ഫയലിനൊപ്പം ഗുണഭോക്താക്കളെ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം , ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രോജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ച ശ്രീമതി മെഴ്സി ജെ, ശ്രീമതി അജിത സുദേവൻ എന്നീ ഗുണഭോക്താക്കളുടെ വിശദാംശം ഉൾക്കൊള്ളുന്ന ഫയൽ, അക്വിറ്റൻസ് ഉൾക്കൊള്ളുന്ന രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ ആധികാരികത പരിശോധനാ വിധേയമാക്കാൻ സാധിച്ചിട്ടില്ല.

3. ശ്രീമതി വസന്ത ആർ, ശ്രീ. രാമചന്ദ്രൻ, ശ്രീമതി തങ്കമണി സി. എന്നീ ഗുണഭോക്താക്കൾക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തി ആദ്യഗഡുവായി 40,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് തുക അനുവദിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ, ഭവന നിർമ്മാണം ആരംഭിച്ചതിന്റെ വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിഷയത്തിൽ, തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ട

(1) ശ്രീമതി ഉഷാ ദേവി, ശ്രീ. രാധാകൃഷ്ണൻ (കുഴിവിള വീട്, വലിയകുന്ന്)

(2) ശ്രീമതി തങ്കമണി, ശ്രീ. രാമചന്ദ്രൻ (പുളിമൂട്ടിൽ ചരുവിള വീട്, കരിച്ചിയിൽ), (ശ്രീ.രാമചന്ദ്രൻ 2022-ൽ Single Member ആയി പുതിയ റേഷൻ കാർഡ് ഹാജരാക്കിയിട്ടുണ്ട്.)

എന്നീ ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി വ്യത്യസ്ത വീടുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിച്ച മാനദണ്ഡം വ്യക്തമല്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

5. നിലവിൽ വാസഗൃഹം ഉള്ള ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്.

(1) ശ്രീ. സഹദേവൻ/ശ്രീമതി.അനിത എസ് (2018-2019-ൽ SC/ST വകുപ്പിൽ നിന്ന് പഠനമുറി അനുവദിച്ചിട്ടുണ്ട്.) മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി പുതിയ വീടിന് തുക അനുവദിച്ചിട്ടുണ്ട്.

സഞ്ചയ പ്രകാരം പഴയ കെട്ടിടത്തിന് 2023 വർഷം Property Tax ഡിമാന്റ് ചെയ്തിട്ടുണ്ട്.

(2) ശ്രീ. സുരേന്ദ്രൻ, ശ്രീമതി. ഷീജ ഐ. പുളിമൂട്ടിൽ കാട്ടിൽ വീട്, സഞ്ചയ പ്രകാരം, 60% കോൺക്രീറ്റ് മേൽക്കൂര ഉൾപ്പെട്ട കെട്ടിടം നിലവിലുണ്ട്. (വിമുക്തഭടന്റെ വാസഗൃഹമാകയാൽ 2013-14 മുതൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.)

(3) ശ്രീമതി ഓമന ടി, കോട്ടപ്പുറത്ത് വീട് - സഞ്ചയ വിശദാംശം പ്രകാരം, 4 വർഷം പഴക്കമുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള വീട്. സഞ്ചയ പ്രകാരം കെട്ടിടത്തിന് 2023 വർഷം Property Tax ഡിമാന്റ് ചെയ്തിട്ടുണ്ട്.

വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 55 /19.01.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ വീടുള്ള വ്യക്തികൾക്ക് പുതിയ വീടിനായി തുക അനുവദിച്ച വിഷയത്തിൽ പരിശോധന നടത്തി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഭവന നിർമ്മാണ പ്രോജക്ടുകളുടെ വിഷയത്തിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യമായിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ സഹായ നടപടികൾ മുനിസിപ്പാലിറ്റി തലത്തിൽ കൈക്കൊള്ളേണ്ടതും ഭവന നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുമാണ്.

II.

**ഭവനപുനരുദ്ധാരണം - ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല - 1,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.**

| | |
|---|---|
| പ്രോജക്ട് | പ്രോജക്ട് നം. 158/23- ഭവനപുനരുദ്ധാരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 20,00,000 |
| ചെലവ് | 15,50,000 |
| ബിൽ നം./തീയതി | 52/27.08.22-6,50,000<br>60/31.08.22 – 1,00,000<br>86/21.10.22 – 50,000<br>107/03.11.22 – 50,000 |

| | |
|---|---|
| | 159/24.12.22 – 150000 |
| | 178/05.01.23 – 50,000 |
| | 234/03.02.23 – 50,000 |
| | 257/13.02.23 – 50,000 |
| | 296/24.02.23 – 50,000 |
| | 297/25.02.23 – 50,000 |
| | 302/27.02.23 – 50,000 |
| | 373/21.03.23 – 50,000 |
| | 448/27.03.23 – 2,00,000 |

31 കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് തുക അനുവദിക്കുന്നതിന് 2021-22 വർഷം രൂപീകരിച്ച പ്രോജക്ടിൽ ഉൾപ്പെട്ട് ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് രൂപീകരിച്ച മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നത് സാധൂകരിക്കുന്ന രേഖ (ഉദാ. വീടിന്റെ ഫോട്ടോ, സ്ഥല പരിശോധനാ റിപ്പോർട്ട്) ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ഉദാ. ശ്രീ. പ്രതാപൻ എം.പി, ശ്രീമതി ശാന്തമ്മ സി., ശ്രീമതി ഇന്ദിര കെ.)

2. വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ മേൽക്കൂര പുതുക്കുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. (ഉദാ. ശ്രീമതി ലീലാമണി, ശ്രീമതി ഭവാനി അമ്മ, ശ്രീമതി സുബൈദാ ബീവി, ശ്രീമതി ലൈലജ). സബ്സിഡി മാർഗ്ഗരേഖ പ്രകാരം, മേൽക്കൂര പുതുക്കുന്ന പ്രവൃത്തിക്ക് 75,000/- രൂപയുടെ ആനുകൂല്യം അനുവദിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി വീട് വാസയോഗ്യമാക്കുന്നതിന് 1,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഇത്തരം അപാകത ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, വീട് വാസയോഗ്യമാക്കുന്ന പ്രവൃത്തികൾക്ക്, ഗുണഭോക്താവ് സമർപ്പിക്കുന്ന എസ്റ്റിമേറ്റ്, ഓവർസിയർ പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്കാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടത്. എന്നാൽ, മേൽ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താവ്, അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ നിന്ന് വ്യത്യസ്തമായ പ്രവൃത്തികൾ നിർവ്വഹിച്ചു. ഉദാ. ശ്രീമതി രാജമ്മ വീട് വാസയോഗ്യമാക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേററിൽ Maintainance Of Windows, Plastering, Flooring With Vetrified Tiles, Whitewashing മുതലായ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതായി ഗുണഭോക്താവ് അറിയിച്ചതിനെ തുടർന്ന് മൂല്യനിർണ്ണയത്തിനായി നടത്തിയ പൊതു മരാമത്ത് വിഭാഗത്തിന്റെ പരിശോധനയിൽ, നിലവിലുണ്ടായിരുന്ന അടുക്കള ഇടിച്ച് പുതുക്കി നിർമ്മിക്കുകയാണുണ്ടായതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയൽ നം. UPA-15343/22 നോട്ട് ഫയൽ തീയതി. 25.03.23). എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം നേടിയ പ്രവൃത്തി പ്രകാരമുള്ള ഭവനപുനരുദ്ധാരണം നിലവിൽ ആവശ്യമില്ലായിരുന്നുവെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അനർഹരായ വ്യക്തികൾക്ക് ആനുകൂല്യം അനുവദിക്കുന്നില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നിർവ്വഹിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

4. ശ്രീമതി ബേബി, പ്ളാവിള വീട്- എന്ന ഗുണഭോക്താവിന് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി രമാദേവി, പ്ളാവിള പുത്തൻ വീടിനെ അയോഗ്യയായതിനാൽ ഒഴിവാക്കി, പകരം ശ്രീമതി ബേബിയെ ഉൾപ്പെടുത്തുകയാണുണ്ടായത്. (11.11.22-ലെ കൗൺസിൽ തീരുമാനം 1 പ്രകാരം അംഗീകാരം നൽകി). ശ്രീമതി ബേബി, പ്ളാവിള വീട് ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതുണ്ട്.

(2) 05.12.22-ന് ശ്രീമതി ബേബി, പ്ളാവിള വീട് നഗരസഭയുമായി ഒപ്പുവച്ച കരാറിൽ, പദ്ധതിക്കുവേണ്ടി ഇതിനു മുൻപ് നഗര സഭയിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ധനസഹായം സ്വീകരിച്ചിട്ടില്ല എന്ന് സത്യവാങ്മൂലം നൽകിയിട്ടുണ്ട്. എന്നാൽ, ഫയൽ നം. Upa/15262/22 - നോട്ട് ഫയലിലെ 26.06.23-ലെ രേഖപ്പെടുത്തൽ പ്രകാരം, 2016-17 സാമ്പത്തിക വർഷം ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതാണ്. 21.02.23-ലെ സ.ഉ.(സാധാ)നം.440/2023/Lsgd ഉത്തരവിൽ വീട്, വാസയോഗ്യമാക്കുന്നതിന് വേണ്ട രീതിയിൽ അറ്റകുറ്റ പണി നടത്താൻ മതിയായ തുക ലഭിക്കാത്ത സാഹചര്യത്തിൽ വാർഡ് സഭ തീരുമാനമനുസരിച്ചോ അടിയന്തിര സാഹചര്യം പരിഗണിച്ചോ ഒരിക്കൽ ഭവന പുനരുദ്ധാരണത്തിന് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താവിന് 3 വർഷം കഴിഞ്ഞ് തുക അനുവദിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. വാർഡ് സഭ തീരുമാനമോ അടിയന്തിര സാഹചര്യമോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പ്രോജക്ട് ഫോമിലെ രേഖപ്പെടുത്തൽ പ്രകാരം, മുൻ വർഷത്തെ പ്രോജക്ടിൽ

ഉൾപ്പെട്ട് ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കളെയാണ് തൻവർഷം പരിഗണിച്ചിട്ടുള്ളത് എന്നതിനാൽ 2023-ലെ മേൽ ഉത്തരവ് പ്രാബല്യമാക്കാവുന്നതുമല്ല. ശ്രീമതി ബേബിക്ക് ആനുകൂല്യം അനുവദിച്ചത്, സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതുണ്ട്. രേഖകളുടെ അഭാവത്തിൽ, അനുവദിച്ച 1,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. (മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47/ 18.01.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-49 ഹെൽത്ത് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**ബയോകംപോസ്റ്റ് ബിൻ വാങ്ങൽ - സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല**

| പ്രോജക്ട് | പ്രോജക്ട് നം. 243/23- ബയോകംപോസ്റ്റ് ബിൻ വാങ്ങൽ | | | |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ | | | |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
| അടങ്കൽ | 575192 | 482774 | 321390 | 1379356 |
| ചെലവ് | 575192 | 455978 | 321390 | 1352560 |
| ബിൽ നം./തീയതി | 388/22.03.23 | PFMS | PFMS | |

ഗാർഹിക തല മാലിന്യ നിർമ്മാർജ്ജന പ്രോജക്ടിന്റെ ഭാഗമായി മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി GEM മുഖേന തെരഞ്ഞെടുത്ത ,കുറവ് നിരക്ക് ക്വാട്ട് ചെയ്ത, Omega Eco Tech Prod. India Limited -ൽ നിന്ന് 2120/- രൂപ നിരക്കിൽ 638 ബയോകംപോസ്റ്റ് ബിൻ വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 78/22.01.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബയോകംപോസ്റ്റ് ബിന്നിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ, വിതരണ വിവരം സാധൂകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ, പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഓഡിറ്റ് വേളയിൽ പ്രോജക്ട് ഫയലിനൊപ്പം മേൽ വിശദാംശങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**ലിറ്റർ ബിൻസ് അറ്റ് കമേഴ്സ്യൽ ഏരിയാസ്- ചെലവ് നടന്നില്ല- സുലേഖയിൽ ഉൾപ്പെടുത്തി**

| പ്രോജക്ട് | പ്രോജക്ട് നം. 53/23- ലിറ്റർ ബിൻസ് അറ്റ് കമേഴ്സ്യൽ ഏരിയാസ്- മാർക്കറ്റ്, ബസ് സ്റ്റോപ്പ് ഓഫീസ് (SO) |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഫണ്ട് |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,95,000/- |

SBM മാനദണ്ഡമനുസരിച്ച് സ്വച്ച് സർവ്വേഷൻ സ്റ്റാർ റേറ്റിംഗ് പ്രക്രിയയിൽ പങ്കെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി GEM മുഖേന തെരഞ്ഞെടുത്ത, കുറവ് നിരക്ക് ക്വാട്ട് ചെയ്ത, Happy Hands Globl-ൽ നിന്ന് 15,000/- രൂപ നിരക്കിൽ 33 ലിറ്റർ ബിൻ വാങ്ങിയതിന്റെ ചെലവ് സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 22-23 സാമ്പത്തിക വർഷം Happy Hands Globl -ന് തുക അനുവദിച്ചിട്ടില്ല. വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 79/22.01.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-50 സ്വയം തൊഴിൽ - വനിത-വ്യക്തിഗതം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു

| പ്രോജക്ട് | പ്രോജക്ട് നം. 141/23- സ്വയം തൊഴിൽ - വനിത-വ്യക്തിഗതം |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 10,00,000/- |

| | |
|---|---|
| ചെലവ് | 7,00,000/- |
| ബിൽ നം. തീയതി | 213/23.01.23 – 3,00,000/-<br>255/13.02.23 – 3,00,000/-<br>367/20.03.23 – 1,00,000/- |

വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആസ്തികൾ ആർജ്ജിക്കുന്നതിനും പ്രവർത്തന മൂലധനത്തിനും പ്രാരംഭ ചെലവുകൾക്കുമായി വായ്പയുടെ/ മൂലധന ചെലവിന്റെ 75% (Max.50,000/- രൂപ) സബ്സിഡിയായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് / സംരംഭം | അപാകതകൾ | |
|---|---|---|---|
| | | 2022-23 സാമ്പത്തിക വർഷം Udyam Registration | FSSAI Registration |
| 1 | കുമാരി അഞ്ജന ഗോപൻ<br>Catering Unit | ഇല്ല | ഇല്ല |
| 2 | ശ്രീമതി രേണുക എസ്.<br>സ്റ്റാർ ടീ ഷോപ്പ് | ഇല്ല | ഇല്ല |
| 3 | ശ്രീമതി ബിന്ദു എസ്<br>Cake Making | ഇല്ല | - |
| 4 | ശ്രീമതി ലതാകുമാരി എസ്<br>Bakery | ഇല്ല | 04.08.23-Registration |
| 5 | ശ്രീമതി സുകന്യ എസ്<br>കറിപൗഡർ യൂണിറ്റ് | ഇല്ല | - |
| 6 | ശ്രീമതി പ്രീത ടി.ജി.<br>Cake Making | ഇല്ല | - |
| 7 | ശ്രീമതി സതി.ബി.<br>അച്ചാർ, പലഹാര യൂണിറ്റ് | ഇല്ല | 19.02.23-Registration |

ഗുണഭോക്താക്കളുടെ സ്വയംതൊഴിൽ സംരംഭത്തിനാവശ്യമായ Udyam രജിസ്ട്രേഷൻ ഓഡിറ്റ് എൻക്വയറിയെ (നമ്പർ 36/17012024) തുടർന്ന് 20.01.24-നാണ് നിർവ്വഹിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സമർപ്പിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ടിൽ പ്രോജക്ടിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും പേര് രേഖപ്പെടുത്തി, ഗുണഭോക്താക്കൾ അസംസ്കൃത വസ്തുക്കൾ വാങ്ങി ഉല്പന്നങ്ങൾ നിർമ്മിച്ചതായി ബോധ്യപ്പെട്ടു എന്ന് രേഖപ്പെടുത്തിയ റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. പതിനാലാം പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)86/22/ത.സ്വ.ഭ.വ. തീയതി. 19.04.22] ഖ.14-ൽ നിർദ്ദേശിക്കുന്ന പ്രകാരം, പ്രോജക്ടിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്ത് മോണിറ്ററിംഗ് കമ്മിറ്റി, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആനുകൂല്യം അനുവദിക്കുന്ന വേളയിൽ ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് പ്രോജക്ട് ഫയലിനൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സ്വയം തൊഴിലിന് വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന വേളയിൽ, പ്രോജക്ടിന്റെ സാധ്യത പരിശോധനാവിധേയമാക്കേണ്ടതും, സംരംഭം ആരംഭിച്ചശേഷം പ്രവർത്തനം മോണിറ്റർ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-51 അങ്കണവാടി പോഷകാഹാരം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | S0003/23 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 4500000 (350000(വികസന ഫണ്ട്) + 100000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |

1) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ

14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട് . എന്നാൽ, മേൽ പദ്ധതി പ്രകാരം അങ്കണവാടികൾക്കായി 1051121/- രൂപയുടെ ന്യൂട്രിമിക്സ്, ഗ്രാമ്യ ന്യൂട്രിമിക്സ് യൂണിറ്റ് കരകുളത്ത് നിന്നും വാങ്ങിയിയതിന്റെ ബിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല.

2) ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള വാഹന വാടക ഇനത്തിൽ 183280/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം(ജി.ഒ(പി)നം. 259/2010/തസ്വഭവ തീ.08.11.2010) മതിപ്പ് വില ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തി ടെൻഡർ മുഖേനനടപ്പാക്കേണ്ടതാണ്. എന്നാൽ, മേൽ പ്രോജക്ടിൽ ക്വട്ടേഷനാണ് നടപ്പാക്കിയിട്ടുള്ളത്.

3) ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള വാഹന വാടകയ്ക്കുള്ള ക്വട്ടേഷൻ ശ്രീ. ആരിഷ് ആർ.ആർ എന്ന വ്യക്തിക്കാണ് അനുവദിച്ച് നൽകിയത്. എന്നാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖകളും ഡ്രൈവറുടെ ലൈസൻസ് വിവരവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ ഒറ്റത്തവണയായി 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ അല്ലെങ്കിൽ ആകെ തുക ഒരു ലക്ഷം രൂപയിൽ അധികരിക്കുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ മേൽ വ്യക്തിയിൽ നിന്നും ആദായ നികുതിയും ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/19.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-52 സ്പീച്ച് ആന്റ് ഒക്യുപേഷണൽ തെറാപ്പി - ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകം - പ്രോജക്ട് നടപ്പാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | SO083/23 |
| പ്രോജക്ടിന്റെ പേര് | സ്പീച്ച് ആന്റ് ഒക്യുപേഷണൽ തെറാപ്പി |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 100000 (വികസന ഫണ്ട്) |
| ചെലവ് | 0 |

നഗരസഭയിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്പീച്ച് തെറാപ്പി, ഒക്യൂപേഷണൽ തെറാപ്പി എന്നിവ നടപ്പാക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ടിന്റെ നടത്തിപ്പിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും പത്രപ്പരസ്യം നൽകി ഇന്റർവ്യൂ മുഖേന തെറാപ്പിസ്റ്റിനെ തെരെഞ്ഞെടുക്കുകയും ചെയ്തിരുന്നു. എന്നാൽ, ഗുണഭോക്താക്കൾ രേഖകൾ സമർപ്പിച്ചില്ല എന്ന കാരണത്താൽ പ്രോജക്ട് നടപ്പാക്കാതെ ഉപേക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/19.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന കുട്ടികൾക്ക് ആർക്കും തന്നെ മെഡിക്കൽ ബോഡിന്റെ സർട്ടിഫിക്കറ്റുകളോ മറ്റ് രേഖകളോ ലഭ്യമാക്കാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാലാണ് പദ്ധതി നടപ്പിലാക്കാത്തത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രോജക്ട് രൂപീകരണ വേളയിലും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോഴും ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് പരിശോധന നടത്താത്തത് നഗരസഭയുടെ ഭാഗത്തെ വീഴ്ചയാണ്. ഗുണഭോക്താക്കളുടെ അർഹതയും ആവശ്യകതയും പരിശോധിച്ച് വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| **പ്രോജക്ട് നം** | SO099/23 |
| **പ്രോജക്ടിന്റെ പേര്** | അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ |
| **നിർവഹണം** | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **അടങ്കൽ** | 173000 (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | 172982/- |
| ബിൽ നം | 272/16.02.2023 |

അങ്കണവാടി കുട്ടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം താഴെപ്പറയുന്ന ഉപകരണങ്ങൾ ARTCO (Artisans Development Co-Operative Limited) മുഖേന നേരിട്ട് വാങ്ങി 29 അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| Adjustable Basket Ball L 15 W 20 H 54 | 29 | 1835 + 18 % G ST | 62793.70 |
| Senior Rocker Fancy L 45.5 W 12.7 H 17.7 | 29 | 3220 + 18 % G ST | 110188.40 |
| ആകെ | | | 172982 |

സ.ഉ (സാധാ) നം.7/2022/എസ്.പി.ഡി തീയതി. 02.02.2022 പ്രകാരം ARTCO മുഖേന വാങ്ങുന്ന മേൽ ഇനങ്ങൾക്ക് ടെൻഡർ നടപടി ക്രമം ഒഴിവാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/19.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ, അംഗീകൃത പ്രോജക്ടിൽ സർക്കാർ ഏജൻസികളിൽ നിന്നും നേരിട്ടുള്ള വാങ്ങൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് ഇപ്രകാരം വാങ്ങൽ നടത്തിയിട്ടുള്ളതെന്നും ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ - തുടർ പ്രവർത്തനങ്ങളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | SO137/23 |
| പ്രോജക്റ്റിന്റെ പേര് | സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 95000 (വികസന ഫണ്ട്) |
| ചെലവ് | 17610/- |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ലിംഗപദവി സൗഹൃദമാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും മനസ്സിലാക്കുവാനും വേണ്ടി രൂപീകരിച്ച പദ്ധതിയാണ് സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ. ജില്ലാതലത്തിൽ വിദഗ്ധരെയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ചോദ്യാവലി തയ്യാറാക്കൽ, തദ്ദേശഭരണ സ്ഥാപനതലത്തിൽ പരിശീലനം ലഭിച്ച വ്യക്തികൾ മുഖേന വിവരശേഖരണം നടത്തി ഡേറ്റാ എൻട്രി നടപ്പാക്കുക, സോഫ്റ്റ്‌വേയർ ഉപയോഗിച്ച് ഡേറ്റാ അനാലിസിസ് നടത്തുക, അനാലിസിസിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക എന്നിവയാണ് പദ്ധതി പ്രവർത്തനങ്ങൾ. പദ്ധതി പ്രകാരം നഗരസഭ പ്രദേശത്തെ ഡാറ്റാ കളക്ഷനായി രണ്ട് എന്യൂമറേറ്റേഴ്സിനെ നിയോഗിച്ച ഇനത്തിലും പദ്ധതി നടത്തിപ്പിനായും 2022-23 വർഷം 17610/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ വിവരങ്ങളും പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/19.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി സ്പിൽ ഓവർ ആയി 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പദ്ധതി പ്രകാരമുള്ള റിപ്പോർട്ട് ഉടനെ പുറപ്പെടുവിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-55 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ -പദ്ധതി നടത്തിപ്പിൽ അപാകം - രേഖകൾ ഹാജരാക്കാത്തതിനാൽ 183965/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| പദ്ധതി നമ്പർ | SO 017/23 | SO 231/23 | SO 008/23 |
|---|---|---|---|
| പദ്ധതിയുടെ | പാലിയേറ്റീവ് കെയർ | പാലിയേറ്റീവ് കെയർ | പാലിയേറ്റീവ് കെയർ |

| പേര് | പ്രൈമറി & സെക്കണ്ടറി യൂണിറ്റ് | പ്രൈമറി & സെക്കണ്ടറി മദ്ധ്യ വയസ്കരുടെ പരിചരണം | പ്രൈമറി & സെക്കണ്ടറി |
|---|---|---|---|
| **നിർവഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| **അടങ്കൽ തുക** | 144363/- (വികസന ഫണ്ട്) | 250000/- (വികസന ഫണ്ട്) | 1500000/- (വികസന ഫണ്ട്) |
| **ചെലവ്** | 144363/- | 249936/- | 1287850/- |

2022-23 വർഷത്തിൽ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുള്ളത് In House Drug Bank എന്ന സ്ഥാപനത്തിൽ നിന്നാണ് (പ്രോജക്ട് നം. SO 017/23 ബിൽ നം.78/ 06-10-2022 തുക 144363/-, പ്രോജക്ട് നം.SO 008/23 ബിൽ നം.244/ 06-02-2023 തുക 450000/)-. എന്നാൽ പ്രസ്തുത തുക അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട പ്രൊഫോർമ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകൾ സ്ഥാപനത്തിൽ നിന്നും നേരിട്ട് കൈപ്പറ്റുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ, ബില്ലിൽ നിന്നും 2% തുക സർവ്വീസ് ചാർജായി അനുവദിച്ച് നൽകിയിട്ടുണ്ട്.

2) പ്രോജക്ട് നമ്പർ SO 231/23 ൽ പ്രൊഫോർമ ഇൻവോയ്സ് നം.C2147/22-23 തീ. 21.02.2023 പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 249936/- രൂപ (ബിൽ നം. 339/ 15-03-2023) ആറ്റിങ്ങൽ സപ്ലൈക്കോ മെഡിക്കൽ സ്റ്റോറിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ 135061/- രൂപയുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായ 114875/- രൂപയുടെ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പാലിയേറ്റീവ് കെയർ മാർഗരേഖ സ.ഉ(സാ.ധാ)നം. 553/2019/തസ്വഭവ തീ. 07.03.2019 ഖ.2.6.5 പ്രകാരം, ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം 80 രൂപ നിരക്കിൽ ഹോം കെയർ ടീമിന് പരമാവധി ആറുപേർക്ക് ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് പദ്ധതി പ്രകാരം അനുവദിക്കാവുന്നതാണ്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി 2022-23 വർഷത്തിലെ വിവിധ മാസങ്ങളിൽ അധിക നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ഹോം കെയറിന് പങ്കെടുത്തവർ | അനുവദിക്കാവുന്ന പരമാവധി തുക | അനുവദിച്ച തുക | വൗച്ചർ നം. |
|---|---|---|---|---|---|
| 1 | 2/4/2022 | 3 | 240 | 270/- | 4/2022-23 |
| 2 | 5/4/2022 | 4 | 320 | 350/- | 5/2022-23 |
| 3 | 6/4/2022 | 4 | 320 | 350/- | 6/2022-23 |
| 4 | 8/4/2022 | 4 | 320 | 350/- | 7/2022-23 |
| 5 | 9/4/2022 | 4 | 320 | 350/- | 8/2022-23 |
| 6 | 11/4/2022 | 3 | 240 | 270/- | 9/2022-23 |
| 7 | 12/4/2022 | 3 | 240 | 270/- | 10/2022-23 |
| 8 | 14/4/2022 | 4 | 320 | 350/- | 11/2022-23 |
| 9 | 16/0/2022 | 3 | 240 | 260/- | 12/2022-23 |
| 10 | 18/4/2022 | 4 | 320 | 350/- | 13/2022-23 |
| 11 | 20/4/2022 | 4 | 320 | 350/- | 14/2022-23 |
| 12 | 22/4/2022 | 4 | 320 | 350/- | 15/2022-23 |
| 13 | 23/4/2022 | 4 | 320 | 350/- | 16/2022-23 |
| 14 | 26/4/2022 | 4 | 320 | 350/- | 17/2022-23 |
| 15 | 27/4/2022 | 3 | 240 | 270/- | 18/2022-23 |
| 16 | 28/4/2022 | 4 | 320 | 350/- | 19/2022-23 |
| 17 | 29/4/2022 | 3 | 240 | 260/- | 20/2022-23 |
| 18 | 1/4/2022 | 3 | 240 | 260/- | 21/2022-23 |

| | | | | | |
|---|---|---|---|---|---|
| 19 | 5/4/2022 | 3 | 240 | 260/- | 22/2022-23 |
| 20 | 7/4/2027 | 3 | 240 | 260/- | 23/2022-23 |
| 21 | 8/4/2022 | 2 | 160 | 180/- | 24/2022-23 |
| 22 | 9/4/2022 | 2 | 160 | 180/- | 25/2022-23 |
| 23 | 14/4/2022 | 3 | 240 | 260/- | 26/2022-23 |
| 24 | 22/4/2022 | 3 | 240 | 260/_ | 27/2022-23 |
| 25 | 23/4/2022 | 2 | 160 | 180/- | 28/2022-23 |
| 26 | 26/4/2022 | 3 | 240 | 260/- | 29/2022-23 |
| 27 | 28/4/2022 | 4 | 320 | 340/_ | 30/2022-23 |
| 28 | 29/4/2022 | 4 | 320 | 340/- | 31/2022-23 |
| 29 | 30/4/2022 | 3 | 240 | 260/- | 32/2022-23 |

4) പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി യാത്രചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ദിവസങ്ങളിൽ ഹോംകെയർ രജിസ്റ്റർ പ്രകാരം ഹോം വിസിറ്റ് നടത്തിയിട്ടില്ല.

ഉദാഹരണം – 01.09.2022, 28.02.2023 തീയതികളിൽ വാഹന നം. KL01 CF 2696 പാലിയേറ്റീവ് കെയർ (പ്രൈമറി) യൂണിറ്റിനായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത ദിവസം ഹോം വിസിറ്റ് നടത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല.

5) 20.10.2022, 22.10.2022, 25.10.2022, 28.10.2022, 29.10.2022 തീയതികളിൽ പാലിയേറ്റീവ് പ്രവർത്തനം നടത്തിയതായി ഹോം വിസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും സന്ദർശിച്ച രോഗികളുടെ വിവരവും മറ്റ് വിശദാംശവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6) പ്രൈമറി പാലിയേറ്റിവ് കെയർ യൂണിറ്റും സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റും ഒരേ ദിവസം ഒരേ രോഗികളെ സന്ദർശിച്ച് സേവനം നൽകിയതായി ഹോം വിസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | സന്ദർശിച്ച രോഗികൾ |
|---|---|---|
| 1 | 25.06.2022 | ബേബി, വിപിൻ ഭവൻ<br>സുകുമാരൻ, സൗപർണിക |
| 2 | 27.06.2022 | പ്രസാദ് ദാസ്, ചെപ്പെക്കോട്ട ഇല്ലം<br>ദിവാകരൻ, ശിവകൃപ<br>സരസ്വതി അമ്മ, പുരക്കണ്ണി വീട് |
| 3 | 10.06.2022 | രത്നമ്മ, ശ്രീ രാഗം<br>സോമൻ, കൃഷ്ണമംഗലം |
| 4 | 13.06.2022 | സുരേഷ്, പാലസ് റോഡ്<br>ആദിത്, പൂരം<br>ജിജി, ശാസ്ത വിള പുത്തൻവീട് |

പ്രൈമറി പാലിയേറ്റിവ് കെയർ യൂണിറ്റിനും സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റിനും അനുവദിച്ച നൽകിയിട്ടുള്ള വാർഡുകളുടെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7)SO008/23 നമ്പർ പ്രോജക്ടുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ബിൽ പ്രകാരമുള്ള ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ബിൽ നം./തീയതി | ഫണ്ട് | തുക |
|---|---|---|
| 455/ 27-03-2023 | Development Fund - General | 40490 |
| 456/ 27-03-2023 | Development Fund - General | 28600 |
| **Total** | | **69090** |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 59/20.01.2024 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 183965/- (69090+114875) രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-56 ഡയാലിസിസ് യൂണിറ്റ് അനുബന്ധചെലവുകൾ - രേഖകൾ ഹാജരാക്കിയില്ല - 491166/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ | SO 121/23 |
| പദ്ധതിയുടെ പേര് | ഡയാലിസിസ് യൂണിറ്റ് അനുബന്ധചെലവുകൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ തുക | 2000000/- ( മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 1999922/- |

1) ഡയാലിസിസ് യൂണിറ്റ് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനായി 46501/- രൂപയ്ക്ക് ഡീസൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ജനറേറ്ററിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 2022-23 വർഷത്തിൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 1418673/- രൂപ (ബിൽ നം.383/ 22-03- 2023 അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No. | Bill No./Date | Amount |
|---|---|---|
| 1 | 231/ 01-02-2023 | 5294.00 |
| 2 | 98/ 31-10-2022 | 358887.00 |
| 3 | 383/ 22-03- 2023 | 151728.00 |
| 4 | 64/ 04-09-2022 | 293717.00 |
| 5 | 203/ 19-01-2023 | 609047.00 |
| | **Total** | **1418673** |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 927507/- രൂപയ്ക്ക് മരുന്ന് ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സും അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 491166/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) ഡയാലിസിസ് യൂണിറ്റ് പ്രോജക്ട് പ്രകാരം നിയമിതരായ 3 ജീവനക്കാരിൽ നിന്നും (മുകിൽ വിഷ്ണു എം.ടി; നഴ്സിംഗ് ഓഫീസർ, രമണി ടി ;നഴ്സിംഗ് അസിസ്റ്റന്റ്, പ്രിയ കെ.ആർ; ക്ലീനിംഗ് സ്റ്റാഫ്) 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 59/20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 491166/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-57 താലൂക്ക് ആശുപത്രിയിൽ ഉപകരണങ്ങൾ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടിക്രമം പാലിച്ചില്ല

| | |
|---|---|
| പദ്ധതി നമ്പർ | SO 245/23 |
| പദ്ധതിയുടെ പേര് | താലൂക്ക് ആശുപത്രിയിലെ വിവിധ പരിശോധന വിഭാഗങ്ങളിലെ ആവശ്യത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ തുക | 500000/- (വികസന ഫണ്ട്) |
| ചെലവ് | 498427/- |

1) സ.ഉ(എം.എസ്) നം.13/2015/ഐ.റ്റി.ഡി തീ.12.05.2015 5 ലക്ഷം രൂപ മുതൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഇ

ടെൻഡർ നടപടി ക്രമം പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരമുള്ള വാങ്ങലിന് ഇ ടെൻഡർ നടപ്പാക്കിയിട്ടില്ല.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം(ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010) ഓപ്പൺ ടെൻഡർ നടപ്പാക്കുമ്പോൾ വ്യാപകമായ പ്രചാരമുള്ള ദിനപത്രത്തിൽ പരസ്യം നൽകേണ്ടതാണ്. ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട് പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ട്രിവാൻഡ്രം സർജ്ജിക്കൽസ് & ലാബ് സപ്ലൈയ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയത്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല.

4) താലൂക്ക് ആശുപത്രിയിലെ ഉപകരണങ്ങളുടെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഒരേ ഇനം മെഡിക്കൽ ഉപകരണങ്ങൾക്ക് ഒരേ കാലഘട്ടത്തിൽ ഒന്നിലധികം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. കൂടാതെ, ഒരേ കാലയളവിൽ വ്യത്യസ്ഥ രജിസ്റ്റർ മുഖേന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 59/20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-58 താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല - 176488/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| പദ്ധതി നമ്പർ | SO 012/23 |
|---|---|
| പദ്ധതിയുടെ പേര് | താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ തുക | 1000000/- (മെയിന്റനൻസ്.നോൺ) |
| ചെലവ് | 1000000/- |

1) ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ബിൽ നമ്പർ 85/20.10.22 (ബിൽ തുക- 427488/-), 423/27.03.23 (ബിൽ തുക - 201628/-) എന്നിവ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇൻഹൗസ് ഡ്രഗ് ബാങ്കിൽ 547372/- (427488/- ബിൽ നം.85 /20/10/2022 + 119884/-) രൂപയ്ക്ക് അനുവദിച്ചപ്പോൾ സർവ്വീസ് ചാർജ് ഇനത്തിൽ 2 % തുക അടവാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല.

2) ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും 547372/- രൂപയ്ക്ക് മരുന്ന് വാങ്ങിയതിൽ 370884/- രൂപയുടെ ടാക്സ് ഇൻവോയ്സും അനുബന്ധരേഖകളും ലഭ്യമാക്കിയത്. 176488/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 59/20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 176488/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-59 ഹൃദയപൂർവ്വം ജീവിതശൈലി രോഗങ്ങൾ എന്നിവയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല - 91317/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| പദ്ധതി നമ്പർ | SO 244/23 |
|---|---|
| പദ്ധതിയുടെ പേര് | ഹൃദയപൂർവ്വം ജീവിതശൈലി രോഗങ്ങൾ എന്നിവയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ തുക | 500000/- ( വികസന ഫണ്ട്) |
| ചെലവ് | 499820/- |
| ബിൽ നം./തീയതി | 173/ 03-01-2023 (300000/-) |

| | |
|---|---|
| | 204/ 19-01-2023 (150000/-)<br>459/ 28-03-2023 (49820/-) |

1) മേൽ പ്രോജക്റ്റ് പ്രകാരം ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും 450000/- (300000+150000) രൂപയ്ക്ക് മരുന്ന് വാങ്ങിയപ്പോൾ സർവ്വീസ് ചാർജ് ഇനത്തിൽ 8913/- രൂപ (2994/- രൂപയും 5919/- രൂപയും) അടവാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.

2) മേൽ പ്രോജക്റ്റ് പ്രകാരം ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും 450000/- രൂപയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ച 358683/- രൂപയുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 91317/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 59/20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 91317/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-60 അജൈവ മാലിന്യ സംസ്കരണം -രേഖകൾ ഹാജരാക്കിയില്ല - 109296/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| **പദ്ധതി നമ്പർ** | **SO 139/23** |
| **പദ്ധതിയുടെ പേര്** | അജൈവ മാലിന്യ സംസ്കരണം |
| **നിർവഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| **അടങ്കൽ തുക** | 300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| **ചെലവ്** | 122984/- |

അജൈവ മാലിന്യ സംസ്കരണം പ്രോജക്ടുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ബില്ലുകളും അനുബന്ധ ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| Bill No. | Head | Amount |
|---|---|---|
| 167/ 29-12-2022 | Development Fund (CFC Tied Grant) | 63917.00 |
| 315/ 02-03-2023 | Development Fund (CFC Tied Grant) | 45379.00 |
| | **Total** | **109296** |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 59/20.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 109296/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-61 താലൂക്ക് ആശുപത്രിയുടെ വെള്ളക്കര കുടിശ്ശിക – തുക ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയുടെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 09.01.2024 തീയതിയിൽ ലഭിച്ച ബിൽ പ്രകാരം പിഴപ്പലിശ ഉൾപ്പെടെ ആകെ 2528303/- രൂപയുടെ കുടിശ്ശികയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കൺസ്യൂമർ നമ്പർ | ബിൽ നം./തീയതി | തുക |
|---|---|---|
| AMC/7342/N | 131929112 / 09.01.2024 | 2528303/- |

തുക ഒടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 61/20.01.2024) ആയത് ലഭ്യമാക്കിയില്ല. തുക ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-62 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതി - രേഖകൾ സൂക്ഷിപ്പിലെ അപാകത

| പ്രോജക്റ്റ് നം. | പേര് |
|---|---|
| 128/23 | നെൽകൃഷി വികസനം |
| 134/23 | ഞങ്ങളും കൃഷിയിലേയ്ക്ക് |
| 135/23 | സ്കൂളുകളിൽ പച്ചക്കറി കൃഷി വികസനം |
| 242/23 | ഏത്തവാഴ കൃഷി |

2022-23 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി ഫയലുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റും, കൈപ്പറ്റ് രസീതും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയതിന്റെ സ്റ്റേറ്റ്മെന്റും മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. വിത്ത് / തൈകൾ വിതരണം ചെയ്യുന്നതിന് വിതരണ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

സബ്സിഡി / വിത്തുകൾ / തൈകൾ എന്നിവയ്ക്ക് അർഹതപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും അപേക്ഷയോടൊപ്പം മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള രേഖകൾ (അപേക്ഷകൾ, സ്ഥല വിസ്തൃതി തെളിയിക്കുന്ന രേഖകൾ മുതലായവ) വാങ്ങി പരിശോധിച്ചതിനുശേഷം സബ്സിഡി ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-63 വെറ്റിനറി സർജൻ നിർവഹണം നടത്തിയ പദ്ധതികൾ പൂർത്തിയായിട്ടില്ല

**എ)**

| | |
|---|---|
| പ്രോജക്റ്റ് നം | 105/23 |
| പദ്ധതിയുടെ പേര് | കോഴിവളർത്തൽ ,ജനറൽ |
| അടങ്കൽ | 279000/- വികസന ഫണ്ട് ജനറൽ |
| ചെലവ് | 279000/- ,, |
| ബിൽ നം./തീയതി | 353/16.3.23 |

ജനറൽ വിഭാഗത്തിൽപ്പെട്ട 465 ഗുണഭോക്താക്കൾക്ക് 46 മുതൽ 60 ദിവസം വരെ പ്രായമുള്ള 5 മുട്ടകോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നതാണ് പദ്ധതി. ടി പദ്ധതി നടപ്പാക്കുന്നതിനായി 279000/- രൂപ കേരളസ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് 16.03.23 ൽ കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

**ബി)**

| | |
|---|---|
| പ്രോജക്റ്റ് നം. | S0122/23 |
| പദ്ധതിയുടെ പേര് | കോഴിക്കുഞ്ഞ് വിതരണം, SCP വനിത |
| അടങ്കൽ | 96000/- (വികസന ഫണ്ട് SCP) |
| ചെലവ് | 48000/- ,, |
| ബിൽ നം. തീയതി | 354/16.3.23 |

പട്ടികജാതി വിഭാഗത്തിലുള്ള വീട്ടമ്മമാരായ വനിതകൾക്ക് ഒരു അധികവരുമാനമായി 46 മുതൽ 60 ദിവസം വരെ പ്രായമുള്ള 10 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നതാണ് പദ്ധതി. ടി പദ്ധതി നടപ്പാക്കുന്നതിനായി 48000/- രൂപ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് 16.3.23 ൽ കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

2023 ജനവരി മാസത്തിൽ അഴൂർ ഗ്രാമ പഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിരുന്ന സാഹചര്യത്തിൽ 10 Km ചുറ്റളവിനകത്തു വരുന്ന എല്ലാ പ്രദേശവും സർവലൈൻസ് സോൺ ആയി പ്രഖ്യാപിക്കുകയും ആറ്റിങ്ങൽ വെറ്റിനറി ആശുപത്രിയും ഈ ചുറ്റളവിന്റെ പരിധിയിൽ വരുന്നതിനാൽ 9.4.23 വരെ നിരോധനാജ്ഞ നിലനിൽക്കുന്നുണ്ടായിരുന്നതിനാലുമാണ് 2022-23 വർഷം മേൽ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നാണ് അറിയിച്ചത് (ഓഡിറ്റ് എൻക്വയറി നമ്പർ 80, 82/23.01.24 എന്നിവയുടെ മറുപടി). സാമ്പത്തിക വർഷം അവസാനിച്ച് മാസങ്ങൾക്ക് ശേഷവും പദ്ധതി പൂർത്തീകരിക്കാത്തത് ഉചിതമായി കാണുന്നില്ല. ആയതിനാൽ പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 235/23-ആറ്റിങ്ങൽ നഗരസഭ പരിധിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 1210798 | - | 1210798 |
| | ആകെ | 1210798 | | 1210798 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| ഹെഡ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| Advance To Implementing Agencies – Specific Grants | 0 | 1210798 | 1210798 | 0 | 1210798 | 1210798 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ-വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയു | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | ബി - 5 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|---|

| | | ണ്ടായിരുന്ന തുക | | | | യുള്ള തുക |
|---|---|---|---|---|---|---|
| 1 | PMAY HUDCO Loan | 9520000 | 0 | 853334 (സുലേഖ ചെലവ് പത്രിക പ്രകാരം) | 8666666 | 8666666 |
| 2 | ടൗൺ ഹാൾ നവീകരണം | 31254315 | 0 | 3875463 (വാർഷിക ധനകാര്യ പത്രിക പ്രകാരം) | 27378852 | 27378852 |

## 4-5 സ്ഥിര നിക്ഷേപം

| ക്രമ നം. | നിക്ഷേപ നം. | നിക്ഷേപ തുക | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി/ കാലയളവ് | പലിശ നിരക്ക് |
|---|---|---|---|---|---|
| 1 | JL 0581416<br>സബ് ട്രഷറി ആറ്റിങ്ങൽ | 99900 | 30.01.2021 | 30.01.2026 | 8.5% |
| 2 | 489586/13367 * | 11500 | 07.05.12 | 20 വർഷം | 9% |
| 3 | JJ 197694/9557 * | 100000 | 17.07.2018 | 17.07.2028 | 8.5% |

* പ്രസ്തുത സ്ഥിരനിക്ഷേപങ്ങളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഒടുക്കിയ തുക | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2020-21 | ഖ.1-69 | 2612 | ശ്രീ.ജയദാസ്.ഡി, അസി.എക്സി.എഞ്ചിനിയർ | 122010105909/24.11.22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 71976002.45 |
| ഓഡിറ്റ് വർഷത്തെ വരവ് | 241273098 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 223198518 |
| നീക്കിയിരിപ്പ് | 90050582.45 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1201517 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 27943 | ഡോ.വിനീത.ആർ.പുഷ്കരൻ, സൂപ്രണ്ട്, ഹോമിയോ ആശുപത്രി |
| 1-43 | 21342 | ശ്രീ.അരുൺ.കെ.എസ്, സെക്രട്ടറി |
| 1-48 | 1,00,000 | ശ്രീ. സതീഷ് ചന്ദ്രൻ എസ്., പ്രോജക്ട് ഓഫീസർ |
| 1-55 | 183965 | ഡോ.പ്രീത സോമൻ, സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-56 | 491166 | |
| 1-58 | 176488 | |
| 1-59 | 91317 | |
| 1-60 | 109296 | |
| **ആകെ** | **1201517** | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വിനീത.ആർ.പുഷ്കരൻ, സൂപ്രണ്ട്, ഹോമിയോ ആശുപത്രി | സൂപ്രണ്ട്, ഹോമിയോ ആശുപത്രി, ആറ്റിങ്ങൽ | പ്രസാദം, കൊടുമൺ, ആറ്റിങ്ങൽ |
| ശ്രീ.അരുൺ.കെ.എസ്, സെക്രട്ടറി | സെക്രട്ടറി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | സിആർഎഎം18ബി, കൃഷ്ണകൃപ, പണിക്കേഴ്സ് ലെയിൻ, മണ്ണാമൂല, പേരൂർക്കട പി.ഒ, പിൻ-695005 |
| ശ്രീ. സതീഷ് ചന്ദ്രൻ .എസ്, പ്രോജക്ട് ഓഫീസർ | പ്രോജക്ട് ഓഫീസർ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | ചന്ദ്രഭവൻ, നിയർ ബി.എച്ച്.എസ്. ആറ്റിങ്ങൽ |
| ഡോ.പ്രീത സോമൻ, സൂപ്രണ്ട് താലൂക്ക് ആശുപത്രി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ | സുരഭി, ഞാണ്ടൂർകോണം, ചെമ്പഴന്തി .പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1203/03 തീയതി.16-03-2004 | 47 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 38 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.531/08 | 58 |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ.696/06 തീയതി.28-04-2006 | 69 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ.693/2005 തീയതി.03-05-2007 | 38 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/2006 തീയതി.21-07-08 | 25 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ.1343/2008 തീയതി.14-05-2009 | 21 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/14 തീയതി.20-10-2014 | 46 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ.331/2009 തീയതി.15-05-2009 | 26 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ.1412/09 തീയതി.29-09-12 | 16 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ.1413/09 തീയതി.03-07-12 | 22 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ.958/13 തീയതി.13-01-2014 | 14 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ.1708/14 തീയതി.14-12-14 | 19 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ.23/15 തീയതി.04-09-15 | 14 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ.1999/14 തീയതി.15-12-2014 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14 തീയതി.18-12-14 | 24 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ.1142/15 തീയതി.27-07-15 | 29 |
| 2013-14 | എൽ.എഫ്.റ്റി.ഡി.എം.എൽ.1467/14 തീയതി. 12-12-14 | 29 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1286/15 തീയതി.11-08-2016 | 14 |
| 2015-16 | കെ. എസ് .എ.റ്റി. വി.എം.എം.എൽ./52/2016 തീയതി 11.01.17 | 22 |
| 2016-17 | കെ. എസ്.എ.റ്റി. വി.എം.എം.എൽ./1933/2017 തീയതി 06.10.17 | 27 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/108/19 തീയതി 19.03.2019 | 51 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/2194/2019 തീയതി 05.02.2020 | 66 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.530/2022 തീയതി 20.05.2022 | 50 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./എം.എൽ./1158/2022 തീയതി 14.07.2022 | 117 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./എം.എൽ./624/2023 തീയതി 23.05.2023 | 98 |

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 26-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Attingal Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Attingal Municipality for the year 2022-2023

**Date: 05/02/2024**

**Joint Director**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Attingal Municipality for the Year 2022-2023 .

**1.Major Observations**

1. The following Bank account details are not included in the Annual Financial Statement.

| Sl No. | Account | Closing Balance |
|---|---|---|
| 1 | Extremely poverty identification process account no. 110080993416 | 50334 |
| 2 | CFLTC bank account no. 14010100230377 | 4998695 |
| 3 | Distress Relief Fund account no.14010100218547 | 115191 |

2. Non-disclosure of Asset fixed deposit of Rs.11500/- and endowment deposit of Rs. 100000/- are not included in the AFS.

3. Non-disclosure of Liability-The amount payable to water authority as water charge upto March 2023

(Rs. 7700821/-) is not included as liability in Balance sheet B-9 schedule.

**2.Other Observations**

1. Mandatory Statements are not submitted for Audit. eg: The financial ratios, notes to accounts are not submitted with the annual financial statement.
2. The demand registers are not periodically reconciled with accounts and not maintained by recording Demand, collection and Balance statement. Hence the authenticity of amount recorded in balance sheet cannot be verified.
3. The closing balance under RP 40(b) of the following account could not be verified as the Treasury statement/bank book of the following account was not made available for audit.

| Treasury account Number | Amount as per RP 40 (b) |
|---|---|
| Treasury-8448-102 MF | 10914 |

4. The pass book balance as per the reconciliation statement of the following accounts does not match with the actual passbook balance.

| Bank account | Actual Pass book balance | Pass book balance in the Bank Reconciliation Statement |
|---|---|---|
| HDFC - 50100302674289 | 683196 | 683339 |
| CFC-PFMS- 2790101012870 | 7898470 | 7900367 |
| BOI 852510100005105 | 0 | 16330.06 |

5. Cheques uncashed for more than 3 months were not transferred to Stale Cheque account. Details are appended below.

| Bank account | Amount of cheque uncashed for more than 3 months | Cheque no./date |
|---|---|---|
| ICICI - 075205500126 | 1364 | 022086/15.1022, Rs. 1023/-<br>022087/15.10.22, Rs. 341/- |
| HDFC 50100302674289 | 7000 | 000007/17.08.21 |
| SBI 67174136242 | 170050 | /17.01.22 |

6. The following registers are not maintained.
a) Hudco loan register
b) Deposit register
c) Investment register
7. Lapses in making timely and accurate demand entries in respect of tax and non tax revenue.

8. Further actions are not taken to transfer the cheque amount of total 177506/- (expired after 3 years) to own fund.

| Bank account | Amount of cheque expired after 3 years | Cheque No./date |
|---|---|---|
| IOB 141501000002624 | 5000 | 950797/30.03.2017 |
| SBI OWN FUND 57034965128 | 172506 | Cheques from 04/2016 to 11/2019 |

9. The amount directly credited by bank has not taken into account (as per reconciliation statement of March 2023). Details are appended below.

| Bank account | Bank entry date | amount |
|---|---|---|
| HDFC 50100302674289 | 01.04.2022 | 144 |

10. Directly debited by Bank. Further action not taken (as per reconciliation statement of March 2023). Details are appended below.

| Bank account | Bank entry date | Amount |
|---|---|---|

| | | |
|---|---|---|
| HDFC 50100302674289 | 23.08.21 | 236 |
| | 04.10.21 | 531 |
| | 15.11.21 | 18 |

11. Cheque deposited but not credited (as per reconciliation statement of March 2023)- Further action not taken. Details are appended below.

| Bank account | Voucher No. date | Amount |
|---|---|---|
| SBI 67174136242 | 121700900165/31.03.22 | 1057577 |
| SBI OWN FUND 57034965128 | 2010-11 to 2021-22 | 299698 |

12. The loan register does not match with the accounts.
According to the loan register, the closing balance of principal loan amount (Loan taken for Attingal Town Hall Construction from Co-opearive Bank) in the year 2022-23 is recorded as Rs. 30113649/-. But it is recorded as Rs. 27378852/- in AFS (B-5 schedule in the balance sheet).
13. To verify the authenticity of provision recorded in B-21 Provisions schedule, arrear demand register, journal voucher, calculation worksheet and ledger of provision were not made available for audit.
14. The following amounts were shown as liability in Balance sheet. But the details of the bank accounts opened for the specific grant were not identified.

| Head Code | Item | As per 2022-23 Balance sheet |
|---|---|---|
| 320200110 | Grants/Funds for Pandemic/Epidemic Control | 5547895 |
| 320809800 | Donations to Flood | 77298 |

15. Depreciation is not provided for fixed assets and not included in Income & Expenditure Statement.
16. Excess of Income over Expenditure, General Fund in Schedule B1, which explains the figures of adjusted

performance for this year, does not match with Schedule B1 in the balance sheet. Details are appended below.

a) In Schedule B1, which includes the figures for the adjusted performance of the current year, (landscape statement) the amount recorded as opening balance under Excess of Income over expenditure is Rs.2367387.55/-.
But the closing balance of the said item for the previous year is Rs.596854864/-. Also the amount recorded in closing balance under Excess of Income over expenditure (Landscape Statement) is Rs.38789406.55/-. But the closing balance of the said item for the current
year as per Balance Sheet is Rs.496013930/-.
b) In Schedule B1, which includes the figures for the adjusted performance of the current year, (landscape statement) the amount recorded as opening balance and closing balance under General Fund is Rs.43418208.97/-. But the closing balance
of the said item for the previous year is Rs.642640460.52/- and the closing balance of the said item for the current year
is Rs.578221545.52/-.
17. The amount of 291305/- given as part bill for capital work as per the statement given by Assistant Engineer is not included in Capital Work
in Progress in B-11 Schedule.
18. In balance sheet B-7 schedule, the liability amount in respect of Electricity Deposit is recorded as negative balance (-3054/-).
19. Misclassification of payment voucher- payment amount of 240000/- in respect of Intercaste marriage was wrongly booked in the Financial help for Widows Daughters Marriage head (250600900).
20. Misclassification of receipt voucher - eg. 1) The amount collected in respect of Licence Fees For Domestic Dogs are wrongly booked in the Other Licensing Fees head. 2) An amount of Rs.270/- received as Licence Fees For Domestic Animals is wrongly booked in the Other Licensing Fees head.
21. Amount used for asset creation using CFC tied grant account (Rs.1129967/-) not transfered to Capital Contribution.

22. The following registers are not reliable for audit due to defective maintenance.

eg. asset register, advance register

23. An unutilised amount of Rs. 12700000/- (recieved from Suchitwa mission for the Construction of Slaughter House) is not included in the B-4 schedule.

24. Previous year current, arrear head balance amounts (Receivables for other user charges (current) Rs.602575/-, Receivables for other user charges (Arrear) Rs. 24100/-) are not transferred to arrear head in the current year.

25. The figures entered as Demand, Collection, Arrear amounts in Annual Financial Statement of following items does not tally.

| Head | Demand | Collection | Actual Balance | Balance as on B-15 Schedule |
|---|---|---|---|---|
| License Fees for Dangerous & Offensive Traders | 2750000 | 2436569 (current - 2370070 + advance-66499) | 313431 | 66431 |
| Rent Receivable from Civic Amenities (Arrear) | 10055613 | 511287 | 9544326 | 7624941 |
| Rent Receivable from Lease on Land (Arrear) | 20084 | 11055 | 9029 | 7916 |
| Other Receivables (Arrear) | 89033258 | 1103323 | 87929935 | 76484357 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്